# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: N0.KSA/TVM/MI/122/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 06/02/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി

സർ,

**വിഷയം : നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ഉ.പ.സ.)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ.)
3. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
4. ഓഫീസ് കോപ്പി

നമ്പർ: N0.KSA/TVM/Ml/122/24 തീയ്യതി: 06/02/2024

## തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 80 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹരികുമാർ.ജി | ജോയിന്റ് ഡയറക്ടർ | 09-01-2024 | 22-01-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2024 | 22-01-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രതാപ് കുമാർ ആർ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി സിന്ധുലാബീവി എം., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. അഭിജിത് ആർ., അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. അനിൽകുമാർ ആർ., അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി ആശ ജി.ആർ., അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി പ്രീതാജാസ്മിൻ ഡി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. രാജു എസ്., ഓഡിറ്റർ

ശ്രീമതി പ്രിയദർശിനി എസ്.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.കെ. രാജമോഹനൻ | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ. മണികണ്ഠൻ .ആർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുജ .എസ്.വി | പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മിനി .എസ്.ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. സുജിത് .എസ്.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ശശികുമാർ .പി.കെ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. വി. വിനോദ് | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ലോറൻസ്. എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 19-09-2022 |
| ശ്രീമതി പ്രീതി പ്രഭാകരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 28-09-2022 | 31-03-2023 |
| ശ്രീ. സജി .റ്റി | കൃഷി ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ലിനി .എം.എസ് | അസിസ്റ്റന്റ് സർജൻ | 01-04-2022 | 27-04-2022 |
| ഡോ. ലീജ .എ മോഹൻ | മെഡിക്കൽ ഓഫീസർ, ഇൻചാർജ് എഫ്.എച്ച്.സി | 28-04-2022 | 31-03-2023 |
| ഡോ. ശിവസെന്തിൽ കുമാർ | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 31-05-2022 |
| ഡോ. എൽ. അയ്യങ്കൻ | സീനിയർ വെറ്റിനറി സർജൻ | 01-06-2022 | 31-03-2023 |
| ശ്രീമതി മേരി സ്റ്റെല്ല .വി | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II | 01-04-2022 | 31-03-2023 |
| ശ്രീമതി ഐഡ ഫെയലിൻ തങ്കം | സൂപ്രണ്ട് ഗവ. ഹോമിയോ | 01-04-2022 | 30-04-2022 |
| ഡോ. പ്രിൻസി സെബാസ്റ്റ്യൻ | സൂപ്രണ്ട് ഗവ. ഹോമിയോ | 01-05-2022 | 31-03-2023 |
| ഡോ. ബി.എസ്. മിനി | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ. സുരേഷ് കുമാർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 20-05-2022 |
| ശ്രീ. ലോറൻസ് എൻ. | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇൻ-ചാർജ്) | 21-05-2022 | 20-07-2022 |
| ശ്രീമതി ദിവ്യ .ആർ നായർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 21-07-2022 | 31-03-2023 |
| ശ്രീമതി രാജി .കെ.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |
| ശ്രീമതി മിനി .കെ. നായർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2023 | 30-01-2023 |
| ശ്രീമതി ഷിനി .എച്ച് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 31-01-2023 | 31-03-2023 |
| ശ്രീ. ജയകുമാർ .എസ് | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഡയറി | 01-04-2022 | 30-04-2022 |
| ശ്രീ. ജാകിലിൻ .ജെ | അസി. ഡയറക്ടർ ഓഫ് ഡയറി (ചാർജ്) | 01-05-2022 | 05-05-2022 |

| | | | |
|---|---|---|---|
| ശ്രീമതി സിന്ധു .ആർ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഡയറി | 06-05-2022 | 31-03-2023 |
| ശ്രീ. ജോയി ജോൺസ് .ജെ | പ്രിൻസിപ്പൽ ജി.ബി.എച്ച്.എസ്.എസ്, നെയ്യാറ്റിൻകര | 01-04-2022 | 31-05-2022 |
| ശ്രീമതി ദീപ | പ്രിൻസിപ്പൽ ജി.ബി.എച്ച്.എസ്.എസ്, നെയ്യാറ്റിൻകര (ചാർജ്) | 01-06-2022 | 11-09-2022 |
| ശ്രീമതി ദീപ്തി .പി.ആർ | പ്രിൻസിപ്പൽ ജി.ബി.എച്ച്.എസ്.എസ്, നെയ്യാറ്റിൻകര | 12-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, തൻവർഷത്തെ ടയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ലഭിച്ച ചെക്കുകൾ കാലാവധിക്കുള്ളിൽ പണമാക്കിയിട്ടില്ല | 1-1-3 |
| 5 | നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. | 1-1-4 |
| 6 | ദുരിതാശ്വാസ നിധി അക്കൗണ്ട്- പാസ്ബുക്കിലെയും ധനകാര്യപത്രികയിലെയും വരവുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | RP 40B യിൽ രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റീ കൺസിലിയേഷൻ പത്രിക എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 1-1-6 |
| 8 | ബാങ്ക് ബുക്കിൽ നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-7 |
| 9 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | സ്റ്റോക്കുകളുടെ മൂല്യത്തെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-10 |
| 12 | തുക ചെലവുചെയ്ത ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല. | 1-1-11 |
| 13 | വായ്പ തിരിച്ചടവ് സംബന്ധിച്ച ധനകാര്യപത്രിക, സുലേഖ പത്രിക എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-13 |
| 15 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-14 |
| 16 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല. | 1-1-15 |
| 17 | പേയ്മെന്റ് ഓർഡർ പ്രകാരമുള്ള വരവ് ലെഡ്ജറിൽ പ്രതിഫലിച്ചിട്ടില്ല | 1-1-16 |
| 18 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററുകളിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-17 |
| 19 | ചെക്ക്/ഡിഡി പ്രകാരമുള്ള തുക നഗരസഭയ്ക്ക് ലഭ്യമായില്ല | 1-1-18 |
| 20 | നിശ്ചിത മാതൃകയിൽ കാഷ് ബുക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-19 |
| 21 | ഇ-ടെണ്ടർ ഫീസിനത്തിലെ തുകയുടെ വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല. | 1-1-20 |
| 22 | പ്രൊവിഷൻ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. | 1-1-21 |
| 23 | വരവിന്റെ ആധികാരികത വ്യക്തമല്ല | 1-1-22 |
| 24 | മറ്റ് അപാകതകൾ | 1-1-23 |
| 25 | ബജറ്റ് | 1-2 |
| 26 | ബജറ്റ് സംക്ഷിപ്തം | 1-2-1 |
| 27 | ബജറ്റ്, പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ | 1-2-2 |
| 28 | സാമ്പത്തിക വിശകലനം | 1-3 |
| 29 | ഗ്രാന്റ് വിനിയോഗം | 1-4 |
| 30 | ഗ്രാന്റ് വിനിയോഗം- അപാകങ്ങൾ | 1-4-1 |
| 31 | പദ്ധതി അവലോകനം | 1-5 |
| 32 | ക്ഷേമ പെൻഷനുകൾ | 1-6 |
| 33 | തൊഴിൽരഹിത വേതനവിതരണം - അനർഹമായി നൽകിയ 28080/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-6-1 |
| 34 | തൊഴിൽരഹിത വേതനവിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-6-2 |

| | | |
|---|---|---|
| 35 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 36 | ആഭ്യന്തര നിയന്ത്രണം- | 1-8 |
| 37 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-9 |
| 38 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 39 | വസ്തുനികുതി -വാർഷിക ധനകാര്യപത്രികയും,ഡി.സി.ബി.സ്റ്റേറ്റ്മേന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-11 |
| 40 | വസ്തുനികുതി പിരിവ് ഊർജിതമാക്കണം. | 1-11-1 |
| 41 | അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല. | 1-11-2 |
| 42 | കേന്ദ്രസർക്കാർ കെട്ടിടങ്ങളിൽ നിന്നും സർചാർജ് ഈടാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. | 1-11-3 |
| 43 | സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-11-4 |
| 44 | കെട്ടിടങ്ങളിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല. | 1-11-5 |
| 45 | തനത് വരവ് സ്രോതസുകളുടെ വിശകലനം | 1-12 |
| 46 | തനത് വരവ് സ്രോതസ്സുകളിൽ നിന്നും നികുതി ഈടാക്കുന്നതിൽ വീഴ്ച സംഭവിക്കുന്നു. | 1-12-1 |
| 47 | കെട്ടിടനിർമ്മാണ പെർമിറ്റുകൾ നടപടികൾ പാലിച്ച് സമയബന്ധിതമായി നൽകിയിട്ടില്ല. | 1-13 |
| 48 | കെട്ടിടനിർമ്മാണ പെർമിറ്റ് -സാങ്കേതിക പരിശോധനാ റിപ്പോർട്ടിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. | 1-13-1 |
| 49 | ജീവനക്കാരുടെ തൊഴിൽനികുതി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയില്ല. | 1-14 |
| 50 | റേഷൻകടകൾ FTEAOS ലൈസൻസ് നേടാതെ പ്രവർത്തിക്കുന്നു. | 1-14-1 |
| 51 | അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല. | 1-14-2 |
| 52 | വാടക കുടിശ്ശിക -പിരിച്ചെടുക്കുവാൻ നടപടി ഊർജിതമാക്കണം. | 1-15 |
| 53 | വസ്തു നികുതി -റദ്ദാക്കിയ സാംഖ്യ രസീതിയിലെ തുക സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-16 |
| 54 | ലൈഫ് ഭവന പദ്ധതി - കരാർ കാലാവധി കഴിഞ്ഞും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത/ പൂർത്തിയാക്കിയിട്ടില്ലാത്ത വ്യക്തികളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്. | 1-17 |
| 55 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല- 400000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 56 | കോക്ളിയാർ ഇംപ്ളാൻറ്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-19 |
| 57 | അഗതി രഹിതകേരളം-തുക പൂർണ്ണമായും വിനിയോഗിക്കേണ്ടതാണ്. | 1-20 |
| 58 | സുഗതസ്മൃതി നിർമ്മാണം -ചെലവ് വിവരങ്ങൾ ലഭ്യമല്ല- ചെലവു തുക 2,28,000/-രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| 59 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല-ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. | 1-22 |
| 60 | വാഹന പരിപാലനം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-23 |
| 61 | പി.എം.എ.വൈ-വികസന ഫണ്ട് പാഴാക്കി. | 1-24 |
| 62 | ലൈബ്രറി സെസിനത്തിൽ തുക ഒടുക്കുവാനവശേഷിക്കുന്നു. | 1-25 |
| 63 | ലൈഫ് പദ്ധതിയ്ക്കായുള്ള അക്കൗണ്ടിൽ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു. | 1-26 |
| 64 | ലൈബ്രറി ഗ്രാന്റ് - കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല- 23503/- രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 65 | യോഗമിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല. | 1-28 |
| 66 | സ്കൂളുകളിൽ പ്രഭാത ഭക്ഷണം- മോണിറ്ററിംഗ് - ഫലപ്രദമല്ല | 1-29 |
| 67 | ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത | 1-30 |
| 68 | പ്രോജക്ട് ഫയലുകൾ ഹാജരാക്കിയില്ല ചെലവ് തുകയായ 21795506/-രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |
| 69 | ക്യാമറ സ്ഥാപിക്കൽ - മുൻകൂറായി നൽകിയ 247185/- രൂപ തടസ്സപ്പെടുത്തുന്നു. | 1-32 |
| 70 | ആസൂത്രണം, നിർവ്വഹണം എന്നിവയിലെ അപാകങ്ങൾ മൂലം ലക്ഷ്യം കൈവരിക്കാത്ത പദ്ധതികളെ സംബന്ധിച്ച്. | 1-33 |
| 71 | വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. തുക തടസ്സപ്പെടുത്തുന്നു. രൂപ 269748/- | 1-34 |

| | | |
|---|---|---|
| 72 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘീകരണം-പിഴ ഈടാക്കിയില്ല | 1-35 |
| 73 | പെർഫോമൻസ് ഗ്യാരന്റിയായി സമർപ്പിച്ചിട്ടുള്ള ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റുകളുടെ കാലാവധി ഡിഫക്റ്റ് ലയബിലിറ്റി പീരിയഡിനെക്കാൾ കുറവ് | 1-36 |
| 74 | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ എക്സ്ട്രാ ഐറ്റം ആയി ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തിയാക്കുന്നു | 1-37 |
| 75 | ടെണ്ടർ ഫീ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല | 1-38 |
| 76 | മാറ്റിയ മണ്ണിന്റെ അളവ് കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി-3956/- രൂപയുടെ അധിക ചെലവ് | 1-39 |
| 77 | ആയുർവേദ ആശുപത്രിക്ക് ഉപകരണം വാങ്ങൽ - ഓട്ടോസ്റ്റോപ്പ് ലഭ്യമായില്ല - ചെലവു തുക 25855/-രൂപ തടസ്സപ്പെടുത്തുന്നു | 1-40 |
| 78 | സ്ത്രീ പദവി പഠനം-റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. | 1-41 |
| 79 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം- പദ്ധതി പൂർത്തീകരിച്ചില്ല - 26265/-രൂപ തടസ്സപ്പെടുത്തുന്നു. | 1-42 |
| 80 | ക്യാമറ സ്ഥാപിക്കൽ– പ്രവൃത്തി മൂല്യനിർണ്ണയം നടത്താതെ നിർവ്വഹണ ഏജൻസിക്ക് തുക നൽകി. | 1-43 |
| 81 | എം.സി.എഫ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-44 |
| 82 | പ്രോവിഡന്റ് ഫണ്ട് വിഹിതം ഒടുക്കുവരുത്തുന്നതിലെ അപാകതകൾ | 1-45 |
| 83 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 19800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-46 |
| 84 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - 1246755/- രൂപ തടസ്സപ്പെടുത്തുന്നു. | 1-47 |
| 85 | ചെലവ് വിവരങ്ങൾ ഹാജരാക്കിയില്ല - 91500/-രൂപ തടസ്സപ്പെടുത്തുന്നു. | 1-48 |
| 86 | ഫയലുകളും ചെലവ് രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല-ചെലവ് തുകയായ 3226053/-തടസ്സപ്പെടുത്തുന്നു. | 1-49 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **27.07.2023** തീയതിയിലെ **27 -ാം** നം. തീരുമാനം പ്രകാരം അംഗീകരിച്ച് **29.07.2023** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:തിരുവനന്തപുരം
തീയതി:

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 വാർഷിക കണക്കിൽ അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയുടെ അനുബന്ധമായി ഉൾപ്പെട്ടിട്ടില്ല.

ഉദാ. അനുപാതങ്ങൾ , അക്കൌണ്ട്സിന്മേലുള്ള കുറിപ്പുകൾ
അക്രൂവൽ അക്കൌണ്ടിംഗ് സംവിധാനം അനുവർത്തിക്കുന്നതിന്റെ മുന്നോടിയായി സ്വീകരിക്കേണ്ട നടപടികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ വാർഷിക കണക്കുകളിലും ധനകാര്യപത്രികകളിലും താൽക്കാലികമായി ഉൾപ്പെടുത്തിയിട്ടുള്ളതും സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ച് അക്കൌണ്ട് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കൂടാതെ അക്കൌണ്ട് നടപടികളിൽ പിന്തുടർന്നിട്ടുള്ള അക്കൌണ്ടിംഗ് സ്റ്റാർഡാർഡുകൾ, അക്കൌണ്ടിംഗ് റൂളുകൾ അക്കൌണ്ടിംഗ് സിദ്ധാന്തങ്ങൾ/ കീഴ് വഴക്കങ്ങൾ എന്നിവ സംബന്ധിച്ചും അക്കൌണ്ട് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.16/12.01.24 ന് വാർഷിക അനുപാതങ്ങൾ സോഫ്റ്റ്വെയറിൽ ലഭ്യമല്ലായെന്നും നോട്സ് ഓൺ അക്കൌണ്ട്സ് AFS ൽ ഉൾപ്പെടുത്താൻ വിട്ടുപോയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

**1-1-2 കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, തൻവർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.**

മുൻസിപ്പൽ ഫണ്ടിന്റെ തൻവർഷത്തെ വരവ്-ചെലവ്, നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടുള്ള ബാലൻസ് ഷീറ്റിലെ B1 ഷെഡ്യൂളിൽ Excess Of Income Over Expenditure, Suspense, ജനറൽ ഫണ്ട് എന്നീയിനങ്ങളിലെ രേഖപ്പെടുത്തലുകൾ മുൻവർഷത്തെ B1 ഷെഡ്യൂളിലെ ടി ഇനങ്ങളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | 2021-22 വർഷത്തെ ബി1 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് | B1 ലാൻഡ്സ്കേപ്പ് Detailed ഷെഡ്യൂൾ, ട്രയൽ ബാലൻസ് എന്നിവ പ്രകാരം മുന്നിരിപ്പ് |
|---|---|---|
| ജനറൽ ഫണ്ട് | -59986584.93 | -147964250.07 |
| Excess Of Income Over Expenditure | 18740637 | 106718302.14 |
| Suspense | 254108 | 254108 |

ഒരു സാമ്പത്തിക വർഷത്തിലെ Closing Balance Software ൽ തനിയെ അടുത്ത വർഷത്തെ Opening Balance ആയി വരുന്നതാണെന്നും അതിൽ ഉണ്ടാകുന്ന അപാകത സാങ്കേതിക തകരാർ മൂലമാണ് എന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി. ഇതേ അപാകത ഈയിനങ്ങളിലെ നീക്കിയിരിപ്പിലും പ്രതിഫലിക്കുന്നുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

**1-1-3 ലഭിച്ച ചെക്കുകൾ കാലാവധിക്കുള്ളിൽ പണമാക്കിയിട്ടില്ല**

കാനറാബാങ്ക് തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2023 ലെ റീ കൺസിലിയേഷൻ പത്രികയിൽ Cheques Deposited But Not Collected എന്നയിനത്തിൽ കാലാവധി കഴിഞ്ഞ 11,99,994/- രൂപയുടെ ചെക്കുകൾ ഉൾപ്പെട്ടിരിക്കുന്നു. ആയത് ഏതിനത്തിൽ ലഭ്യമായ തുകകളാണെന്നും തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മുൻസാമ്പത്തിക വർഷങ്ങളിലേതുൾപ്പെടെയുള്ള തുകകളാണ് ഇപ്രകാരം ക്രമീകരിക്കാതെ നിലനിർത്തിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | തീയതി | തുക |
|---|---|---|
| 122160400008 | 05.03.22 | 8750 |
| 120320900022 | 19.0.2021 | 33752 |
| 120320900025 | 23.03.21 | 33752 |
| 120070900022 | 23.03.21 | 535696 |
| 120320900026 | 23.03.21 | 27704 |
| 120320900023 | 19.03.21 | 27704 |
| 120160500179 | 12.01.21 | 122908 |
| 122320900029 | 13.12.22 | 19283 |
| 122320900016 | 13.10.22 | 46411 |
| 122320900013 | 26.07.2022 | 41284 |
| 122111000001 | 21.03.22 | 302750 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് South Indian Bank ൽ ഈ തുകകൾ വരവായി എടുത്തിട്ടുള്ളതിനാൽ Duplication വന്ന തുകകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നാണ് നഗരസഭ മറുപടി ലഭ്യമാക്കിയത്. എന്നാൽ South Indian Bank ൽ ടി തുകകൾ ക്രെഡിറ്റ് ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

**1-1-4 നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.**

കാനറാബാങ്ക് തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2023 ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരം Cheques Issued But Not Collected എന്നയിനത്തിൽ കാലാവധികഴിഞ്ഞ 428475/- രൂപയുടെ 12 ചെക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. ആയത് Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

### 1-1-5 ദുരിതാശ്വാസ നിധി അക്കൗണ്ട്- പാസ്ബുക്കിലെയും ധനകാര്യപത്രികയിലെയും വരവുകൾ പൊരുത്തപ്പെടുന്നില്ല.

Distress Relief Fund ന്റെ പാസ് ബുക്ക് പ്രകാരം (അക്കൗണ്ട് നം. 716201001125 ) 2022-23 വർഷത്തെ വരവ് 48,060/- (പലിശ വരവ് 60/- രൂപയുൾപ്പെടെ) രൂപയാണ്. എന്നാൽ ധനകാര്യപത്രികയിൽ ആയത് 15,060/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (ഹെഡ് 180900201 Rs 15000/- ഹെഡ് 311110100 Rs 60/-). തുകയുലെ പൊരുത്തക്കേടിന് മറുപടി ലഭ്യമാക്കിയില്ല.

### 1-1-6 RP 40B യിൽ രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റീ കൺസിലിയേഷൻ പത്രിക എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| അക്കൗണ്ട് നം. | നീക്കിയിരിപ്പ് |
|---|---|
| Treasury MF 1 | 246239 |
| Treasury (Panchayat Fund) | 493025 |
| IOB 12136 | 0.30 |

Treasury MF-1, Treasury Panchayat Fund എന്നീ അക്കൗണ്ടുകൾ നിലവിലില്ലാത്തതാണെന്നും IOB 12136 എന്ന അക്കൗണ്ട് വർഷങ്ങൾക്ക് മുൻപ് ക്ലോസ് ചെയ്തതും ബാലൻസ് തുകകൾ ഇല്ലാത്തതുമാണ് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയത്.

ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകളിൽ ക്യാഷ് ബാലൻസ് ഉൾപ്പെടുത്തി വാർഷിക ധനകാര്യ പത്രികയിലെ വരവു ചെലവുകൾ ക്രമീകരിച്ചിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

### 1-1-7 ബാങ്ക് ബുക്കിൽ നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

Provident Fund New (അക്കൗണ്ട് നം. 799011400007542) ന്റെ 31.03.2023 ലെ ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസാണ് (-204974) രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-8 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-9 സ്റ്റോക്കുകളുടെ മൂല്യത്തെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

B-14 Stock In Hand (Inventories)- ൽ സ്റ്റോക്കുകളുടെ മൂല്യമായി 3294951/- രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത രേഖപ്പെടുത്തലിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

### 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച് ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-11 തുക ചെലവുചെയ്ത ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ, സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം പ്രോജക്ട് നം 173/2023 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) മുഖേന കേരള വാട്ടർ അതോറിറ്റിയിൽ 4 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ധനകാര്യപത്രികയിൽ ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല ( Loans Advances And Deposits). ചെലവ് ബുക്ക് ചെയ്ത ശീർഷകം ഏതാണെന്നും വ്യക്തമാക്കിയിട്ടില്ല.

### 1-1-12 വായ്പ തിരിച്ചടവ് സംബന്ധിച്ച ധനകാര്യപത്രിക, സുലേഖ പത്രിക എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| Secured Loan From KVRDFC | 198186333 | 0 | 19,16,002 | 196270331 |

തിരികെ ഒടുക്കിയ തുക സുലേഖ ചെലവുപത്രിക പ്രകാരം 1,58,00,002/- ആണ്. എന്നാൽ ധനകാര്യപത്രികയിൽ ആയത് 19,16,002/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വായ്പയുടെ വിവരങ്ങൾ സംബന്ധിച്ച ലോൺ രജിസ്റ്ററും പരിപാലിക്കുന്നില്ല. തിരിച്ചടച്ച തുക ധനകാര്യപത്രികയിൽ തെറ്റായി രേഖപ്പെടുത്തിയതിനാൽ നീക്കിയിരിപ്പിലും വ്യത്യാസമുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-1-13 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

(എ) ബി-7 പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നയിനങ്ങളിലെ ഡെപ്പോസിറ്റിനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല.
(ബി) കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി , വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഉദാ- ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ , പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്ററർ

**1-1-14 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.**

ഉദാ- തൊഴിൽ നികുതി രജിസ്ററർ

**1-1-15 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.**

ജേണൽ വൗച്ചർ നം. 42200213/31.03.23 പ്രകാരം 76,66,297/- രൂപ Other Grants And Contributions For Specific Purposes Contributions Towards Schemes എന്നയിനത്തിൽ ചെലവുരേഖപ്പെടുത്തിയിരിക്കുന്നു. ചെലവിനെ സംബന്ധിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

**1-1-16 പേയ്മെന്റ് ഓർഡർ പ്രകാരമുള്ള വരവ് ലെഡ്ജറിൽ പ്രതിഫലിച്ചിട്ടില്ല**

Provident Fund Payable എന്ന ലെഡ്ജർ പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ ജനവരി 2023 ലെ പ്രോവിഡന്റ് ഫണ്ട് വിഹിതമിനത്തിലെ തുകയായ 1,38,649/- രൂപ, ചെക്ക് നം. 5538710/09.02.2023 മുഖേന LSGD (Urban) ഡയറക്ടർക്ക് നല്കിയതായി (File No E4/H1/15302/2011, LGTSB തനത് ഫണ്ട്) ചെലവു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ 2023 ജനവരിയിലെ പ്രോവിഡന്റ് ഫണ്ട് വിഹിതമായ ടി തുക ഈ അക്കൗണ്ടിൽ വരവ് ആയി രേഖപ്പെടുത്തിയിട്ടില്ല.

Payment Order ചെയ്യുമ്പോൾ Provident Fund Payable എന്ന Head വരവായി Journal Voucher വരുന്നതാണ്. എന്നാൽ സാങ്കേതിക തകരാർ മൂലമാണ് അങ്ങനെ വരാത്തതെന്നാണ് അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയത്.

**1-1-17 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററുകളിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

**വിശദാംശം ചുവടെ ചേർക്കുന്നു.**

**(എ)**

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | (രജിസ്റ്റർ പ്രകാരം)/ സഞ്ചയ പ്രകാരം | (എ.എഫ്.എസ് പ്രകാരം) | (രജിസ്റ്റർ പ്രകാരം)/ സഞ്ചയ പ്രകാരം | (എ.എഫ്.എസ് പ്രകാരം) | (രജിസ്റ്റർ പ്രകാരം)/ സഞ്ചയ പ്രകാരം | (എ.എഫ്.എസ് പ്രകാരം) |
| കെട്ടിട നികുതി(തൻവർഷം) | 3,12,06,258 | 2,70,68,342 | 1,69,43,470 | 1,82,11,178 | 1,40,16,935 | 1,01,81,108 |
| കെട്ടിട നികുതി (അരിയർ) | 5,09,81,259 | 72,76,077.79 | 1,55,78,636 | 1,97,06,503 | 3,54,02,623 | 2,70,31,398.79 |

**(ബി)**

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവ്, ചെലവുകൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി

പൊരുത്തപ്പെടുന്നില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | കാഷ് ബുക്ക് പ്രകാരം | ധനകാര്യപത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 5205158.50 | 5205158 |
| വരവ് | 191800 | 255344 (RP24) |
| ആകെ | 5396958.50 | 5460502 |
| ചെലവ് | 5320979 | 5384523 (RP14) |
| നീക്കിയിരിപ്പ് | 75979.50 | 75979 |

## 1-1-18 ചെക്ക്/ഡിഡി പ്രകാരമുള്ള തുക നഗരസഭയ്ക്ക് ലഭ്യമായില്ല

31.03.2023 ലെ ഡേ ബുക്ക് പ്രകാരം ചെക്ക് /ഡി.ഡി ഇനത്തിൽ 25,78,932/- രൂപ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക നഗരസഭയ്ക്ക് ലഭ്യമായതിന്റെ വിവരങ്ങൾ, അനുബന്ധരേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം 25,77,815/- രൂപ അക്കൗണ്ടിൽ ക്രഡിറ്റായതിന്റെ (2023-24 വർഷം) വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. കുറവുള്ള 1117/- രൂപ നഗരസഭയ്ക്ക് ലഭ്യമാകാത്തതിന് കാരണം വ്യക്തമാക്കിയില്ല. പ്രസ്തുത ചെക്ക് /ഡി.ഡി ആരിൽ നിന്നും ലഭ്യമായതാണെന്ന് പരിശോധിച്ച് നഗരസഭയ്ക്ക് ലഭ്യമാകേണ്ട തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-1-19 നിശ്ചിത മാതൃകയിൽ കാഷ് ബുക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 7 പ്രകാരം ഓരോ ദിനാന്ത്യത്തിലും അക്കൌണ്ട്സ് ഓഫീസർ/ കണക്കുകൾ പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരുപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ നിശ്ചിത മാതൃകയിലുള്ള കാഷ് ബുക്ക് സാംഖ്യയിൽ നിന്നും പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-20 ഇ-ടെണ്ടർ ഫീസിനത്തിലെ തുകയുടെ വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല.

മുനിസിപ്പൽ എഞ്ചിനീയർ ലഭ്യമാക്കിയ പത്രിക പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിൽ 190966/- രൂപ വരവുണ്ട്. എന്നാൽ പ്രസ്തുത തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-21 പ്രൊവിഷൻ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

ബി- 21 Provisions എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക (-2063660) സംബന്ധിച്ച വിശദാംശങ്ങൾ, രേഖകൾ ലഭ്യമാക്കിയില്ല.

## 1-1-22 വരവിന്റെ ആധികാരികത വ്യക്തമല്ല

RP 41 പ്രകാരം 460509909 Advance To Others എന്ന ശീർഷകത്തിൽ 12,01,990/- രൂപ ലഭ്യമായിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

Advance To Others എന്ന ലെഡ്ജർ പ്രകാരം രസീത് നം 122080900024മുഖേന 31.03.23 ൽ 12,01,990/- രൂപ കാനറാബാങ്ക് തനത് ഫണ്ട് അക്കൌണ്ടിൽ വരവ് വന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പാസ് ബുക്ക് പ്രകാരം മാർച്ച് മാസം ഇത്തരത്തിലൊരുവരവ് ലഭിച്ചിട്ടില്ല. വരവ് തുകയുടെ ആധികാരികത വ്യക്തമാക്കേണ്ടതാണ്.

## 1-1-23 മറ്റ് അപാകതകൾ

1. ആർ.പി 40 ബിയിൽ രേഖപ്പെടുത്തിയിരിക്കുന്ന Indian Bank Perumbazhuthoor അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 7143664072) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 03.04.2022 ൽ 1,12,146/- രൂപ വരവ് ലഭിക്കുകയും 03.04.2022 ൽ 1,12,146/- രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ബാങ്ക് ബുക്ക് പ്രകാരം പ്രസ്തുത തുക Paid To Saksharata എന്നാണ് റിമാർക്സായി രേഖപ്പെടുത്തിയിരിക്കുന്നത് (വൗച്ചർ നം. 250401002/31.03.23). ഇത് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം 16) പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ് .

2. ആർ.പി 40ബി യിൽ രേഖപ്പെടുത്തിയിരിക്കുന്ന IOB (A/C No 44501000028711) അക്കൌണ്ടിന്റെ (M/S IHSDP) പാസ് ബുക്ക് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 16100548.60 | 472018 | 94.4 | 16572472.20 |

തൻവർഷം തുകയൊന്നും ചെലവഴിക്കുകയോ നീക്കിയിരിപ്പായി അവശേഷിച്ചിരുന്ന തുക തിരികെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുവരുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ അക്കൌണ്ടിൽ നിന്നും Inoperative Charges എന്നയിനത്തിൽ 94.4/- രൂപ ബാങ്ക് പിൻവലിച്ചിട്ടുണ്ട്. അക്കൌണ്ട് Inoperative ആയി നിലനിർത്തിയിരിക്കുന്നതിനും ആയതിന്റെ ചാർജ് അക്കൌണ്ടിൽ നിന്നും ഈടാക്കുന്നതും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കും.

ബാലൻസായി നിലനിൽക്കുന്ന തുക ഒടുക്കുവരുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്നും, ബാങ്ക് ചാർജ് ആയി പിൻവലിച്ച തുകയെകുറിച്ച് ബാങ്കിൽ കത്ത് നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയത്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. ആർ.പി 40ബി യിൽ രേഖപ്പെടുത്തിയിരിക്കുന്ന IOB (A/C 44501000029709) അക്കൗണ്ടിൽ (M/S Neyyattinkara Municipality BMC) നീക്കിയിരിപ്പായി 415365/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം 31.03.2022 ൽ Govt Boys ഹൈസ്കൂളിലെ മിയാവാക്കി പ്രോജക്ടിനായി 4 ലക്ഷം രൂപ ലഭ്യമായതായും തുക ചെലവഴിക്കാത്തതായും കാണപ്പെട്ടു. എന്നാൽ തുക എവിടെ നിന്നുമാണ് ലഭ്യമായത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. തുക ലഭ്യമായ ആവശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്ത പക്ഷം തിരികെ ബന്ധപ്പെട്ട സ്ഥാപനത്തിലേയ്ക്ക് ഒടുക്കുവരുത്തുകയോ ചെയ്യേണ്ടതാണ്.

തുക ചെലവഴിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി.

4. Benificiary Contribution എന്നയിനത്തിന്റെ ലെഡ്ജർ പ്രകാരം കാനറാ ബാങ്ക് തനത് ഫണ്ട് അക്കൌണ്ടിൽ നിന്നും 11750/- രൂപ ചെക്ക് നം 632246/07.05.2022 പ്രകാരം KAICO യ്ക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. സുലേഖ പത്രികയിൽ ഇത്തരമൊരു ചെലവ് രേഖപ്പെടുത്തിയിട്ടില്ല. തുക എന്താവശ്യത്തിന് നൽകിയതാണെന്നും ഇത് സംബന്ധിച്ച വൗച്ചറുകൾ, കൈപ്പറ്റ് രസീത്, അനുബന്ധരേഖകൾ എന്നിവ ലഭ്യമാക്കിയില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

5. Capital Work In Progress എന്നയിനത്തിലെ വിവരങ്ങൾ പരിശോധിക്കുന്നതിന് മരാമത്ത് പ്രവൃത്തികളുടെ 2022-23 വർഷത്തെ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

6. ധനകാര്യപത്രിക ബാലൻസ് ഷീറ്റ് പ്രകാരമുള്ള ചുവടെ ചേർത്തിരിക്കുന്ന നീക്കിയിരിപ്പുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 311700100 | Pension Fund For Contingent Staff | 1050000 |
| 350110600 | Contribution To CPF Payable | 8186241 |
| 350300400 | VAT Payable | 148164 |
| 350300500 | Service Tax Payable | 616687 |
| 350300820 | Flood Cess Payable | 39922 |

## 1-2 ബജറ്റ്

ഓരോ മുനിസിപ്പാലിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റി 286-ാം വകുപ്പനുസരിച്ച് തയ്യാറാക്കുന്ന ബഡ്ജറ്റ് നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലും തയ്യാറാക്കി കൗൺസിൽ മുൻപാകെ സമർപ്പിക്കേണ്ടതും യുക്തമെന്ന് തോന്നുന്ന ഭേദഗതികളോടു കൂടി പാസ്സാക്കേണ്ടതുമാണ്.

### 1-2-1 ബജറ്റ് സംക്ഷിപ്തം

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസാക്കിയ തീയതി | 26.03.22 | 30.01.23 |
| ഭരണസമിതി തീരുമാനം നം | 1/1 | 24/24(6) |
| മുന്നിരിപ്പ് | 113221019 | 171944153 |
| പ്രതീക്ഷിത വരവ് | 975354127 | 694999690 |
| പ്രതീക്ഷിത ചെലവ് | 1037115330 | 616256896 |
| നീക്കിയിരിപ്പ് | 51459816 | 250686947 |

### 1-2-2 ബജറ്റ്, പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

(എ) നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ്, വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ചെലവുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) |
|---|---|---|
| വരവ് | 69,49,99,690 | 38,65,38,125 |
| ചെലവ് | 61,62,56,896 | 42,67,79,612 |

(ബി) 2022-23 ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 293 പ്രകാരം ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവ് ചെയ്യേണ്ട സാഹചര്യമുണ്ടായാൽ ആയതിലേക്കായി പുതുക്കിയ ബജറ്റോ, അനുപൂരക ബജറ്റോ തയ്യാറാക്കേണ്ടതും, അപ്രകാരം പുതുക്കിയ ശേഷം മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്.

എന്നാൽ നഗരസഭയുടെ ബജറ്റ് പുതുക്കിയിട്ടുണ്ടെങ്കിലും, പുതുക്കിയ ബജറ്റിലെ തുകയെ അധികരിച്ചും ചെലവ് ചെയ്തിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2022-23 വർഷത്തെ റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | 2022-23 വാർഷിക കണക്കുകൾ പ്രകാരം ചെലവ് ചെയ്ത തുക |
|---|---|---|
| 2201003നികുതികൾ | 0 | 37,002 |
| 2201102 വെള്ളക്കരം | 20,00,000 | 26,15,091 |
| 2206001 പത്രപരസ്യചാർജ്ജുകൾ | 2,50,000 | 3,40,835 |

കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 3/10.01.2024).

## 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 84712431.43 |
| ഓഡിറ്റ് വർഷത്തെ വരവ് | 379933310 |
| ആകെ | 464645741.43 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 336574825 |
| നീക്കിയിരിപ്പ് | 128070916.43 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 43725832 | 43725832 | 57697380 | -13971548 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 30021666 | 30021666 | 27602423 | 2419243 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 37005000 | 37005000 | 34486399 | 2518601 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 11933000 | 11933000 | 10468084 | 1464916 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മിഷൻ ഗ്രാന്റ് (ടൈഡ്) | 0 | 61705961 | 61705961 | 61859142 | -153181 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 14901500 | 14901500 | 31859159 | -16957659 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 4670620 | -4670620 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 11140588 | -11140588 |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകങ്ങൾ

**1. ഗ്രാന്റിനത്തിലെ ചെലവ്, എ.സി.ആർ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.**

| ഫണ്ടിനം | ചെലവ് | |
|---|---|---|
| | ACR പ്രകാരം | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസനഫണ്ട് (ജനറൽ) | 40030866 | 57697380 |
| വികസനഫണ്ട് (SCP) | 27364089 | 27602423 |

2) ഹെൽത്ത് ഗ്രാന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് പൂജ്യമായും ചെലവ് കഴിഞ്ഞുള്ള നീക്കിയിരിപ്പ് നെഗറ്റീവുമായാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വരവ്, ചെലവ്, നീക്കിയിരിപ്പുകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

4) B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം ( 3,51,164/-) ഏതിനത്തിലുള്ളതാണെന്നും ആയത് ചെലവഴിക്കാത്തതിന് കാരണവും വ്യക്തമാക്കിയില്ല.

5) സ.ഉ( കൈ) നം 179/2022ധന തീയതി 18.10.22 ഉത്തരവ് പ്രകാരം തനത് വരുമാനത്തിൽ ഡിമാന്റ് ചെയ്യുന്ന 90% എങ്കിലും ശേഖരിക്കാത്ത നഗരസഭകൾക്ക് മൂന്നാം ഗഡുവായി അനുവദിക്കുന്ന വികസനഫണ്ട് (പൊതുവിഭാഗം) ന്റെ 1% തുക ശിക്ഷ എന്നവിധത്തിൽ കുറവ് വരുത്തുന്നുണ്ട്. ഇപ്രകാരം നെയ്യാറ്റിൻകര നഗരസഭയുടെ വികസനഫണ്ട്(പൊതുവിഭാഗം) ൽ നിന്നും 6,26,700/- രൂപ കുറവ് ചെയ്തിട്ടുണ്ട്. തനത് വരുമാനത്തിൽ നഷ്ടം വരാതിരിക്കാൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

6) സ.ഉ(കൈ)നം.86/2022/Lsgd Dated 19.4.2022 ഖണ്ഡിക 5.4.1.7 പ്രകാരം നഗരസഭകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാ ഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക 80,53,100/- രൂപയാണ്. ഈയിനത്തിൽ ആകെ 81,00,870/-രൂപ വനിതാഘടക പദ്ധതിയ്ക്കായി അടങ്കൽവകയിരുത്തുകയും 47,58,942/-രൂപ ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വകയിരുത്തിയതിന്റെ 59% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനും, ഗ്രാന്റുകൾ പാഴാകാതിരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 11/12.01.2024).

## 1-5 പദ്ധതി അവലോകനം


1) 2022-23 സാമ്പത്തിക വർഷം നഗരസഭയ്ക്ക് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 62670000 | 57697380 | 4972620 |
| വികസനഫണ്ട് എസ്.സി.പി | 30395000 | 27602423 | 2792577 |

| | | | |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | 11933000 | 10468084 | 1464916 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 37005000 | 34486399 | 2518601 |
| **ആകെ** | **142003000** | **130254286** | **11748714** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ് എന്നിവയുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

**(എ)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗു.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം (%) |
|---|---|---|---|---|---|---|
| സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് | 4 | 3 | 1 | 1148300 | 590870 | 51 |
| മെഡിക്കൽ ഓഫീസർ – ആയുർവേദം | 12 | 12 | 0 | 5500000 | 5427304 | 99 |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | 3 | 3 | 0 | 1300000 | 1289392 | 99 |

| | | | | | | |
|---|---|---|---|---|---|---|
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 0 | 5545000 | 3226053 | 58 |
| കൃഷി ഫീൽഡ് ഓഫീസർ | 9 | 8 | 1 | 3422374 | 3151337 | 92 |
| സെക്രട്ടറി | 39 | 30 | 9 | 66436265 | 29659495 | 45 |
| വെറ്റിനറി സർജൻ | 3 | 3 | 0 | 759665 | 729199 | 96 |
| ഡെപ്യൂട്ടി ഡയറക്ടർ ക്ഷീര വികസനം | 2 | 2 | 0 | 3635231 | 3635231 | 100 |
| പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 5 | 3 | 2 | 13260870 | 453643 | 3 |
| പട്ടികജാതി വികസന ഓഫീസർ | 12 | 11 | 1 | 26951446 | 22589269 | 84 |
| ഹെൽത്ത് ഓഫീസർ | 38 | 27 | 11 | 53976249 | 30913299 | 57 |
| മുനിസിപ്പൽ എഞ്ചിനീയർ | 20 | 14 | 6 | 27333004 | 11927271 | 44 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 23 | 17 | 6 | 16077928 | 12383198 | 77 |
| പ്രിൻസിപ്പാൾ ഗവ. ഹയർ സെക്കന്ററി സ്കൂൾ | 9 | 7 | 2 | 5770050 | 5589380 | 97 |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 10 | 10 | 0 | 6052552 | 5881492 | 97 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 263 | 208 | 55 | 144598362 | 102573359 | 71 |
| ആകെ | 457 | 363 | 94 | 381767296 | 240019792 | 63 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 457 | 363 | 94 | 381767296 | 240019792 | 63 |

**(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 78623996 | 57697380 | 73 |
| എസ്.സി.പി. | 34774780 | 27602423 | 79 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 149223886 | 93718301 | 63 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 17743770 | 11140588 | 63 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 14796206 | 4670620 | 32 |
| തനത് ഫണ്ട് | 750346 | 67997 | 9 |
| മെയിന്റനൻസ് റോഡ് | 14390400 | 10468084 | 73 |
| മെയിന്റനൻസ് നോൺ റോഡ് | 44863912 | 34486399 | 77 |
| മറ്റുള്ളവ | 98256458 | 2587375 | 3 |

**ആസൂത്രണ സമിതി**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 86/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച് ആസൂത്രണസമിതി ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ 2022-23 വർഷം ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ( 27.12.2021 ലെ 11-ാം നമ്പർ കൗൺസിൽ തീരുമാനം).

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും

പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 ബി1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല.

**വർക്കിംഗ് ഗ്രൂപ്പുകൾ**

സ.ഉ.കൈ.നം 86/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.
ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച പരിഹാര നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 4/ 10.01.2024 ന്റെ മറുപടി) |
|---|---|---|---|---|
| 1 | വനിതാ വികസനം | 04.01.23 | അംഗൻവാടികൾ ഇല്ലാത്ത വാർഡുകളിൽ പുതിയതായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2 | പ്രാദേശിക സാമ്പത്തിക വികസനം | 29.06.22 | നഗരസഭാ പരിധിയിലുള്ള എല്ലാ സ്കൂളുകളിലെയും യൂണിഫോം സ്റ്റിച്ചിംഗ് യൂണിറ്റ് | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 3 | വിദ്യാഭ്യാസം കല സാസ്കാരികം യുവജനക്ഷേമം | 29.06.22 | നഗരസഭാപരിധിയിലെ എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ സെമിനാറുകളും ബോധവത്കരണവും നടത്തണം. | പ്രിൻസിപ്പൽ നിർവഹണഉദ്യോഗസ്ഥനായി പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. (നം. 13/24) |
| 4 | ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതിസംരക്ഷണം | 29.06.22 | 1. മാലിന്യം വലിച്ചെറിയുന്ന സ്ഥലങ്ങളിൽ CCTV സ്ഥാപിക്കാൻ ഹരിതമിത്രം ആപ്പ് പ്രവർത്തനം ത്വരിതപ്പെടുത്തുക<br>2. പ്ലാസ്റ്റിക് നിരോധനം കാര്യക്ഷമമാക്കൽ, ബദൽ ഉൽപന്നങ്ങളുടെ ഉത്പാദനം, വിതരണം കാര്യക്ഷമമാക്കൽ | ഹെൽത്ത് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. |
| 5 | ശുചിത്വമാലിന്യസംസ്കരണം | 29.06.22 | നദികളുടെയും തോടുകളുടെയും കുറുകെയുള്ള പാലങ്ങളിൽ നിന്നും | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പാലങ്ങളിൽ ഫെൻസിംഗ് സംവിധാനം ഒരുക്കൽ എന്ന |

| | | | | |
|---|---|---|---|---|
| | | | മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കാൻ പാലങ്ങളിൽ ഫെൻസിംഗ് സംവിധാനം ഏർപ്പെടുത്തണം | പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| 6 | മൃഗസംരക്ഷണവും ക്ഷീരവികസനവും | 29.06.22 | എ.ബി.സി പദ്ധതി കൃത്യമായി നടപ്പിലാക്കുക | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 7 | സാമൂഹ്യനീതി | 29.06.22 | സ്മാർട്ട് അംഗൻവാടി | ICDS സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട് ( നം 26/24) |

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | തൊഴിൽ നികുതി ഒടുക്കുന്നതിന് ചില മേഖലകളിലെ തൊഴിൽനികുതി ദാതാക്കൾപുലർത്തുന്ന നിസ്സഹകരണം | ഗുരുതരം | അഡ്വക്കേറ്റുമാർ ആധാരമെഴുത്ത് തൊഴിലാളികൾ റേഷൻ വ്യാപാരികൾ എന്നിവർ തൊഴിൽ നികുതി ഒടുക്കുന്നതിന് വിമുഖത കാണിക്കുന്നു. |

വാർഡ് സഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ വാർഡ് സഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. വാർഡ് സഭ മിനിട്സുകളുടെ പരിശോധനയിൽ, പ്രസ്തുത വ്യവസ്ഥ/ നിബന്ധനകൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം വാർഡ് സഭയിൽ കണക്കുകൾ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വ്യക്തത വരുത്താവുന്നതാണ്. വായ്പാ ബന്ധിത പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യപ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് , റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.

പദ്ധതി വിഹിതത്തിലൂടെ നഗരസഭയുടെ വികസന ലക്ഷ്യങ്ങൾ പൂർണമായി നേടുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക നിയമാനുസൃത മാർഗ്ഗേന ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ, മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-6 ക്ഷേമ പെൻഷനുകൾ

| പെൻഷൻ തരം | എ.എഫ്.എസ്. പ്രകാരം |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 9312000 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 60693600 |
| ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ | 9870400 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1274600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 28288700 |
| തൊഴിൽ രഹിത വേതനം | 98400 |
| വിവാഹ ധനസഹായം | 390000 |
| ഇന്റർകാസ്റ്റ് മാര്യേജ് ധനസഹായം | 840000 |

## 1-6-1 തൊഴിൽരഹിത വേതനവിതരണം - അനർഹമായി നൽകിയ 28080/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

തൊഴിൽ രഹിത വേതനത്തിനുള്ള അർഹത മാനദണ്ഡപ്രകാരം കുടുംബവാർഷിക വരുമാനം 12,000/- രൂപയിൽ അധികമാകാൻ പാടില്ല. 2022 -23 വർഷത്തിൽ തൊഴിലില്ലായ്മ വേതന വിതരണം ചെയ്ത ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ, കുടുംബവാർഷിക വരുമാനം 12000/- രൂപയിൽ അധികരിച്ച ഗുണഭോക്താക്കൾക്കും തുക നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | അക്കൗണ്ട് നം. | കൈപ്പറ്റിയ തുക | കുടുംബ വാർഷിക വരുമാനം | വരുമാനത്തിന് ആധാരമായി ലഭ്യമാക്കിയ രേഖ |
|---|---|---|---|---|---|
| 1 | സുജ .എൻ.എം | 67347966007 | 1440/- | 36000/- | റേഷൻ കാർഡ് |
| 2 | ശ്യാമിനി. സി.ആർ | 6230100395 | 1440/- | 12600/- | റേഷൻ കാർഡ് |
| 3 | സിന്ധു.എം | 110062824949 | 1440/- | 18000/- | റേഷൻ കാർഡ് |
| 4 | ആശാറാണി.ആർ | 40377101054062 | 1440/- | 24000/- | റേഷൻ കാർഡ് |
| 5 | പ്രീത.എം | 6709620325 | 1440/- | 27996/- | റേഷൻ കാർഡ് |
| 6 | രമ്യ. എം.ആർ | 14400100079739 | 1440/- | 24000/- | റേഷൻ കാർഡ് |
| 7 | സന്ധ്യ .യു.എസ് | 844619500 | 720/- | 54000/- | വരുമാന സർട്ടിഫിക്കറ്റ് |
| 8 | ഷമീല.എം | 074001000014460 | 1440/- | 14400/- | റേഷൻ കാർഡ് |
| 9 | പ്രിയങ്ക പി രാജൻ | 40348101059410 | 1440/- | 22992/- | റേഷൻ കാർഡ് |
| 10 | വിനിത കെ വിശ്വം | 42630100002655 | 1440/- | 33000/- | റേഷൻ കാർഡ് |
| 11 | ദിവ്യ.കെ.എസ് | 074001000016754 | 1440/- | 14400/- | റേഷൻ കാർഡ് |
| 12 | അഖില.എ | 40325101047415 | 1440/- | 21000/- | റേഷൻ കാർഡ് |
| 13 | അജിത.ജി.എസ് | 6840057026 | 1440/- | 18000/- | റേഷൻ കാർഡ് |
| 14 | ഹിമാ രാജ്. ആർ | 67397688756 | 1440/- | 18000/- | റേഷൻ കാർഡ് |
| 15 | സോണിയ.എൻ.എ | 106312327011402 | 1440/- | 18000/- | റേഷൻ കാർഡ് |
| 16 | ആതിര.എസ്. അനിൽ | 6654482011 | 1440/- | 48000/- | റേഷൻ കാർഡ് |
| 17 | സൗമ്യ.വി | 67305958030 | 720/- | 36000/- | വരുമാന സർട്ടിഫിക്കറ്റ് |

| | | | | | |
|---|---|---|---|---|---|
| 18 | സജൂ.ജെ.എം | 1566101087204 | 1440/- | 36000/- | വരുമാന സർട്ടിഫിക്കറ്റ് |
| 19 | അനീഷ് S S | 007103755085190001 | 720/- | 36000/- | വരുമാന സർട്ടിഫിക്കറ്റ് |
| 20 | സാജൻ.ജെ.എം | 919010065915105 | 1440/- | 36000/- | വരുമാന സർട്ടിഫിക്കറ്റ് |
| 21 | അരുൺ. എസ്. എസ്. | 007103927214190001 | 1440/- | 36000/- | വരുമാന സർട്ടിഫിക്കറ്റ് |
| | | ആകെ | 28080/- | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 79/24 തീ.22.01.24) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം അനർഹമായി കൈപ്പറ്റിയ തുക 28080/- രൂപ പിഴ സഹിതം ഗുണഭോക്താക്കളിൽ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6-2 തൊഴിൽരഹിത വേതനവിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

സ.ഉ (അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019 ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത/ കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും വേതനം ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് 15 ദിവസം മുൻപ് ഗുണഭോക്താവ് തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണെന്നും ടിയാളിൽ നിന്നും അർഹത സംബന്ധിച്ച സത്യവാങ്മൂലം എഴുതി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വെരിഫിക്കേഷന് നേരിട്ട് ഹാജരായി നടപടിക്രമങ്ങൾ പാലിക്കാത്തവർക്ക് തൊഴിൽ രഹിത വേതനം അനുവദിക്കാൻ പാടുള്ളതല്ല എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 17.08.2022 ലെ DEE-TVM/1141/2022-S2നമ്പർ കത്തിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ തൊഴിൽ രഹിത വേതനം നൽകുവാൻ പാടുള്ളൂ എന്നും പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ രഹിത വേതനത്തിനുള്ള അർഹത മാനദണ്ഡപ്രകാരം കുടുംബവാർഷിക വരുമാനം 12,000/- രൂപയിലും വ്യക്തിഗത വരുമാനം പ്രതിമാസം 100/- രൂപയിലും അധികമാകാൻ പാടില്ല. സ.ഉ ( അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019 ൽ തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ, നഗരസഭയിലെ തൊഴിൽരഹിത വേതനവിതരണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. 2022-23 വർഷത്തിൽ ആകെ 76 പേർക്ക് വേതനം നൽകിയിട്ടുണ്ട്. എന്നാൽ 47 പേരുടെ വിശദാംശങ്ങൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്.

2, ഓഡിറ്റിന് ഹാജരാക്കിയ 47 പേരുടെ അപേക്ഷകളിൽ 3പേർക്ക് അവരുടെ കുടുംബവാർഷിക വരുമാനം തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. ഗുണഭോക്താക്കൾക്ക് നേരിട്ട് നടത്തുന്ന വെരിഫിക്കേഷന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

4. ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച സത്യവാങ്മൂലം എഴുതി വാങ്ങി സൂക്ഷിച്ചിട്ടില്ല.

5. ഗുണഭോക്താക്കൾ വേതനം കൈപ്പറ്റിയ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തിയ അക്വിറ്റൻസ് സൂക്ഷിച്ചിട്ടില്ല.

ടി അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ വേതനവിതരണം ചെയ്യുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാനും ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-1-2024 തീയതിയിൽ 4.15 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 118963/-( ഒരു ലക്ഷത്തിപതിനെട്ടായിരത്തി തൊള്ളായിരത്തി അറുപത്തി മൂന്ന്) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം-

1. സർക്കാർ ഉത്തരവ് (കൈ) നം 179/2022 ധന.തിയതി 18.10.22 ഉത്തരവ് പ്രകാരം തനത് വരുമാനത്തിൽഡിമാന്റ് ചെയ്യുന്ന90% എങ്കിലും നികുതി ശേഖരിക്കാത്ത നഗരസഭകൾക്ക് വികസനഫണ്ട് (ജനറൽ) ന്റെ 1% തുക കുറവ് വരുത്തുന്നുണ്ട്. ആയതിനാൽ വികസന ഫണ്ട് 6,26,700/- രൂപ കുറവ് ചെയ്താണ് ലഭിച്ചത്.വസ്തുനികുതി പിരിവ് 40% പോലും നേടാൻ നഗരസഭയ്ക്ക് കഴിയാത്തതിനാൽ നികുതി,വാടക മുതലായവ പിരിച്ചെടുക്കുന്നതിന് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

2. 2023 ഒന്നാം അർദ്ധവർഷം മുതൽ നികുതി വർദ്ധിപ്പിച്ച് കുടിശ്ശിക ഈടാക്കേണ്ടതുമാണ്.
3. അസറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
4. മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.
5. വരവ് സംബന്ധമായ വിവിധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.
6.വിവരാവകാശ രജിസ്റ്റർ നിയമാനുസൃതം പാലിക്കപ്പെടുന്നില്ല.
7.പരാതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
8.പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ പെടുന്ന ഖരമാലിന്യ സംസ്കരണം,ശ്മശാന നിർമ്മാണം തുടങ്ങിയ പ്രോജക്ടുകൾ അടങ്കൽ തുകകൾ പൂർണ്ണമായും വിനിയോഗിക്കാനോ, പദ്ധതി പൂർത്തീകരിക്കാനോ സാധിച്ചിട്ടില്ല.
9.വകയിരുത്തിയ ഫണ്ടുകൾ ലാപ്സാകാതെ ചെലവഴിക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.( ഉദാ-പി.എം.എ.വൈ)
10. ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
11.ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് നഗരസഭ തലത്തിൽ മുനിസിപ്പൽ ചെയർമാൻ ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.ടോക്കൺ സമ്പ്രദായം നടപ്പാക്കിയിട്ടില്ല.

## 1-9 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ് (RP24 പ്രകാരം ) | ആകെ | ചെലവ് ( RP14 പ്രകാരം ) | നീക്കിയിരിപ്പ് |
|---|---|---|---|---|
| 5205158 | 255344 | 5460502 | 5384523 | 75979 |

മേൽ പരാമർശിത വരവുകൂടാതെ 1 കോടി രൂപ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവുകൾക്കായി ട്രഷറി അക്കൌണ്ടിൽ ബിംസ് മുഖേന ലഭിക്കുകയും (DUA/934/2022-DC3 Dated 29.06.22, DUA/934/2022-DC3 Dated 27.07.22) മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ കാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | കാഷ് ബുക്ക് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 10000000 |
| ആകെ | 10000000 |
| ചെലവ് | 10000000<br>(ഭരണചെലവുകൾ - 86117<br>Wage And Salary - 9913883) |
| നീക്കിയിരിപ്പ് | 0 |

എന്നാൽ ബിംസ് മുഖേന ലഭ്യമായ തുകയുടെ വരവ്,ചെലവ് വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം. 48/ 18.01.2024) ലഭ്യമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഇത് സംബന്ധിച്ച വിവരം നഗരസഭ ലഭ്യമാക്കിയിട്ടില്ല.

## 1-11 വസ്തുനികുതി -വാർഷിക ധനകാര്യപത്രികയും,ഡി.സി.ബി.സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2022-23 വർഷത്തിലെ നഗരസഭയുടെ വസ്തുനികുതി വരവും ബാലൻസും പരിശോധിച്ചതിൽ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും ഡി.സി.ബി.യിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.ആയതിന്റെ വ്യത്യാസം ചുവടെ വിവരിക്കും പ്രകാരമാണ്.

A.

| 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി വരവ് | 2022-23 ഡി.സി.ബി പ്രകാരം വസ്തുനികുതി വരവ് | വ്യത്യാസം |
|---|---|---|
| 3,79,15881/- | 3,27,67959 | **51,47922/-** |

B.

| 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി ബാലൻസ് | 2022-23 ഡി.സി.ബി പ്രകാരം വസ്തുനികുതി ബാലൻസ് | വ്യത്യാസം |
|---|---|---|

| | | |
|---|---|---|
| 3,72,12507/- | 4,94,19558 | **1,22,07051/-** |

നഗരസഭ തയ്യാറാക്കിയ വാർഷികധനകാര്യപത്രികയിലും,ഡി.സി.ബി.സ്റ്റേറ്റ്മെന്റിലും തൻവർഷം വസ്തുനികുതിയിനത്തിൽ ലഭിച്ച തുകയിലും കുടിശ്ശിക തുകയിലും മേൽ വിവരിക്കും പ്രകാരം കാണുന്ന വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് 22/1/2024ൽ നൽകിയ അന്വേഷണകുറിപ്പ് 70 -ന് മറുപടി ലഭ്യമാക്കിയില്ല. ലഭിച്ച തുകയും ലഭിക്കാനുള്ള തുകയും വിവിധ പത്രികകളിൽ വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നത് കൊണ്ട് വസ്തുനികുതി ഇനത്തിൽ നഗരസഭയ്ക്ക് യഥാർത്ഥത്തിൽ ലഭിച്ച തുക,ലഭിക്കാനുള്ള തുക എത്രയെന്ന് കണക്കാക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ ഇപ്രകാരം തുക വ്യത്യാസപ്പെടാനുള്ള കാരണം വ്യക്തമാക്കേണ്ടതും വസ്തുനികുതിയിനത്തിൽ ലഭിച്ച തുകയുടെയും ലഭിക്കാനുള്ള തുകയുടെയും ശരിയായ കണക്ക് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

## 1-11-1 വസ്തുനികുതി പിരിവ് ഊർജിതമാക്കണം.

2022-23-ലെ ഡി.സി.ബി.സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വസ്തു നികുതി(വാസം/വാസ്യേതരം) ഇനത്തിൽ **4,94,19558**/-രൂപ കുടിശ്ശികയായി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ 44വാർഡുകളിലെ വസ്തുനികുതി പിരിവ് ആകെ ഡിമാന്റ് തുകയുടെ **39.9%** മാത്രമാണ്.വസ്തുനികുതി പിരിവ് 30% പോലും കൈവരിക്കാൻ സാധിക്കാത്ത വാർഡുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ, പേര് | വസ്തുനികുതി പിരിവിന്റെ ശതമാനം |
|---|---|
| 6-പുന്നക്കാട് | 23.59% |
| 9-മുട്ടയ്ക്കാട് | **24.81%** |
| 11-മാമ്പഴക്കര | 24.9% |
| 12-പെരുമ്പഴുതൂർ | 15.48% |
| 15-പ്ലാവിള | 27.51% |
| 35-കവളാകുളം | 27.6 % |
| 37-നിലമേൽ | 29.26% |
| 39- ഊരുട്ടുകാല | 26.85% |
| 43-അതിയന്നൂർ | 15.18% |

തദ്ദേശസ്ഥാപനങ്ങളിലെ നികുതി/ഫീസ് വരവ് തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കേണ്ടത് വികസന പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്. വസ്തുനികിതിയുടെ 100% പിരിച്ചെടുക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് സർക്കാർ തലത്തിൽ നൽകി വരുന്നു. എന്നിട്ടും നഗരസഭ ഡിമാൻഡ് തുകയുടെ പകുതി പോലും പിരിച്ചെടുക്കാത്തത് ഭരണ/ഉദ്യോഗതലത്തിലെ വീഴ്ചയായി കാണാവുന്നതാണ്. വസ്തുനികുതി സമയബന്ധിതമായി ഡിമാൻഡ് ചെയ്യുവെന്നും,കുടിശ്ശിക പിരിക്കുന്നതിനായി റിക്കവറി നടപടികൾ സ്വീകരിച്ചുവെന്നും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-11-2 അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫാറം 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.കൂടാതെ സർക്കുലർ നം.29342/ആർ.എ1/2014/തസ്വഭവ തിയതി 19/5/2014പ്രകാരം അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർക്കേണ്ടതും വിവരങ്ങൾ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതും,അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ എല്ലാ മാസവും 25-ാം തിയതിയ്ക്കുമുമ്പായി വകുപ്പുമേധാവിയ്ക്ക് അയക്കണമെന്നും നിഷ്കർഷിക്കുന്നു.അപ്രകാരമുള്ള കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത വസ്തുനികുതിയും ആതിന്റെ രണ്ട് ഇരട്ടി തുകയും ഈടാക്കേണ്ടതുമാണ്.നഗരസഭയിലെ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ ചേർത്തിട്ടുള്ള രജിസ്റ്റർ 22/1/2024-ലെ 68/2024നമ്പർ അന്വേഷണകുറിപ്പ് പ്രകാരം ആവശ്യപ്പെട്ടതിൽ പ്രകാരം ലഭ്യമാക്കിയ രജിസ്റ്റർ പരിശോധിച്ചതിൽ 15 വാർഡുകളിലെ വിവരങ്ങൾ മാത്രമേ ചേർത്തിട്ടുള്ളുവെന്നും,2016-ന് ശേഷം പ്രസ്തുത രജിസ്റ്ററിൽ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുകയോ, കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലായെന്നും കണ്ടെത്തി. പ്രസ്തുത രജിസ്റ്ററിൽ അനധികൃത കെട്ടിടങ്ങൾ എന്ന ഗണത്തിൽ ചുവടെ വിവരിക്കും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ് നമ്പർ | അനധികൃത കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| 2 | 3 |
| 3 | 3 |
| 4 | 11 |
| 5 | 2 |
| 11 | 6 |

എന്നാൽ സഞ്ചയയിലെ പരിശോധനയിൽ നഗരസഭ പരിധിയിലെ 44വാർഡുകളിലായി ആകെ 4 U/Aകെട്ടിടങ്ങളുടെ മാത്രം

വിവരങ്ങൾ ചുവടെ ചേർക്കും വിധം രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ് നമ്പർ | അനധികൃത കെട്ടിടങ്ങളുടെ നമ്പർ എണ്ണം | അനധികൃത കെട്ടിടങ്ങളുടെ നമ്പർ |
|---|---|---|
| 1 | 1 | 579/1(UA) |
| 3 | 1 | 44/1(ua) |
| 15 | 1 | 478 Ua |
| 25 | 1 | 590/1(ua) |
| 43 | 1 | 476/1(ua) |

നഗരസഭപരിധിയിലെ മുഴുവൻ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങളും രജിസ്റ്ററിലോ,സഞ്ചയയിലോ ചേർത്തിട്ടില്ലായെന്ന് വ്യക്തമായതിനാൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20(1) അനുശാസിക്കും പ്രകാരം അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ പരിപാലിക്കാത്തതിന് വിശദീകരണവും, റവന്യൂ ഇൻസ്പക്ടർ തയ്യാറാക്കിയ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ വാർഡ് തല രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കാനും നൽകിയ 22/1/2024-ലെ 68/2024 നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. റവന്യൂ ഇൻസ്പക്ടറുടെ നേതൃത്വത്തിൽ അനധികൃതകെട്ടിടങ്ങളുടെ വാർഡ്തല ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-11-3 കേന്ദ്രസർക്കാർ കെട്ടിടങ്ങളിൽ നിന്നും സർചാർജ് ഈടാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

2011-ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 30പ്രകാരം കേന്ദ്രസർക്കാറിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുഛേദനം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടതുമായ കെട്ടിടങ്ങളിൽ നിന്നും മുൻസിപ്പാലിറ്റിയ്ക്ക് ശുചിത്വ പരിപാലനം ജലവിതരണം തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി നിയമാനുസൃതം സർചാർജ് ഈടാക്കാവുന്നതാണ്. നഗരസഭ പരിധിയിൽ സ്ഥിതി ചെയ്യുന്ന കേന്ദ്രസർക്കാർ കെട്ടിങ്ങളുടെ വിവരങ്ങളും,കേന്ദ്രസർക്കാർ കെട്ടിടങ്ങളിൽ നിന്നും സർചാർജ് ഈടാക്കുന്നുവെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനും 22/1/2024-ലെ 76/2024 നമ്പർ അന്വേഷണകുറിപ്പ് പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല. നഗരസഭയുടെ തനത് വരുമാനം കൂട്ടുന്നതിനായി ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ,ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി നിയമാനുസൃതം നടപടിക്രമം പാലിച്ച് സർചാർജ് ഈടാക്കാവുന്നതാണ്.

## 1-11-4 സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല.

സർക്കുലർ നം.ഇ.ഡ്യ.3/104/2019തസ്വഭവ തിയതി 24/7/2019 പ്രകാരം പ്രീ-പ്രൈമറി സ്കൂളുകൾ ഉൾപ്പെടെ എല്ലാ സർക്കാർ,എയ്ഡഡ്,അൺഎയ്ഡഡ് സ്കൂളുകളും പ്രവർത്തനമാരംഭിക്കുന്നതിന് മുമ്പായി തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ എഞ്ചിനിയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.കൂടാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്ന് തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതുമാണ്.അപ്രകാരം നഗരസഭാ പരിധിയിലെ മുഴുവൻ സ്കൂളുകൾക്കും 2022-23 വർഷത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും,നൽകിയിട്ടില്ലായെങ്കിൽ ആയിനുള്ള വിശദീകരണവും ലഭ്യമാക്കാനും നൽകിയ 22/1/2024.-ലെ73/2024 നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. നഗരസഭാ പരിധിയിലെ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-11-5 കെട്ടിടങ്ങളിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച. മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, Gl, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. നഗരസഭയിൽ അപ്രകാരം പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു 22.01.2024 ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 67/2024-ന് മറുപടി ലഭ്യമാക്കിയില്ല. കെട്ടിടനിർമ്മാണം പൂർത്തികരിച്ച് നമ്പർ നേടിയശേഷം നഗരസഭയുടെ അനുമതിയില്ലാതെ ഉപയോഗക്രമത്തിലും, വിസ്തീർണത്തിലും വരുത്തുന്ന മാറ്റങ്ങൾ തടയുന്നതിനായി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തനത് വരവ് സ്രോതസുകളുടെ വിശകലനം

തദ്ദേശസ്വയം ഭരണ (എ.എ)വകുപ്പിന്റെ 22/12/2022-ലെ എ.എ3/45/2022 തസ്വഭവ നമ്പർ കത്ത് അനുസരിച്ചും, സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 11/7/2023-ലെ ഡി.കെ.എസ്.എ.3683/2019നമ്പർ ഉത്തരവ് പ്രകാരവും ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകികൊണ്ട് ടാക്സ് ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യക്കുന്നതിനായി ചുവടെ ആവശ്യപ്പെടുന്ന വിവരങ്ങൾ 11/1/2024-ലെ 6/2024-ാം നമ്പർ അന്വേഷണകുറിപ്പ് പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും നഗരസഭ മറുപടി ലഭ്യമാക്കിയില്ല.ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ തനതു വരവുകളുടെ അപാകങ്ങൾ ചുവടെ

ചേർക്കുന്നു.

A.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. സ.ഉ.(അച്ചടി) 25/2023/തസ്വഭവ, തീയതി 5/4/2023 പ്രകാരം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നടപ്പിലാക്കാനുള്ള നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി സ്വീകരിച്ചതായ വിവരവും ആയത് അനുസരിച്ച് നഗരസഭ ഭരണസമിതി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതായ രേഖയോ നഗരസഭ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

2. ബജറ്റിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിക്കുകയോ ആയത് പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയതായോകാണുന്നില്ല.

3. ക്യാമ്പ് കളക്ഷൻ, നോട്ടീസ് നൽകൽ, റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം കെട്ടിടനികുതിയിനത്തിൽ കുടിശ്ശികയായി **4,94,19558**/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്രിയാത്മക നടപടികൾ ശുപാർശ ചെയ്തിട്ടില്ലായെന്ന് മിനിട്സ് പരിശോധിച്ചതിൽ നിന്നുംവ്യക്തമാകുന്നു. കുടിശ്ശിക തുക ഈടാക്കുന്നതിനായി നിയമ നടപടികൾ സ്വീകരിച്ചതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

4. 01.04.2023 മുതൽ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കാൻ ജനറൽ കമ്മറ്റിക്ക് ശുപാർശ ചെയ്തതിന്റെ വിവരംലഭ്യമല്ല.

5. വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റ്, പിരിവ് പുരോഗതി എന്നിവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ നികുതി പിരിവ് പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി പ്രത്യേക യോഗങ്ങൾ ചേർന്ന് നടപടികൾക്ക് ശുപാർശ ചെയ്തതായും കാണുന്നില്ല.

B.വസ്തുനികുതി

1.2022-23 സാമ്പത്തികവർഷത്തിൽ 100% വസ്തുനികുതി പിരിവ് കൈവരിക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ആകെ വസ്തുനികുതിയുടെ 39.9%മാത്രം പിരിച്ചെടുത്തതിൽ നിന്നും വസ്തുനികുതിയുടെ പിരിവ് ഊർജിതമല്ലായെന്ന് വ്യക്തമാകുന്നു.

2. ഡി.സി.ബി.സ്റ്റേറ്റ്മെന്റിലെയും വാർഷികധനകാര്യ പത്രികയിലേയും വസ്തുനികുതി ബാലൻസ് പൊരുത്തപ്പെടുന്നില്ല. E-Payment വഴി വരുന്ന എല്ലാ വരവുകളും മാർച്ച് 31 ന് മുൻപ് ബാങ്കിൽ ക്രെഡിറ്റ് ആകുന്നില്ല. അതിനാൽ സഞ്ചയയിലെ വരവും ILGMS വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3.മേഖലാ വിഭജനം സംബന്ധിച്ച പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയോ, വീതി രേഖപ്പെടുത്തിയ റോഡ് മാപ്പ് തയ്യാറാക്കി സഞ്ചയയിൽ അപ്‌ലോഡ് ചെയ്യുകയോ ചെയ്തിട്ടില്ല.

4. തദ്ദേശ സ്ഥാപന പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശിക ഇല്ലായെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

5.നഗരസഭ നിലവിൽ യാതൊരു സേവനഉപനികുതി ചുമത്തുകയോ, പുതിയ സേവന നികുതി മാർഗ്ഗങ്ങൾ ധനകാര്യ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

6.ഉദ്യോഗതല ഫീൽഡ് പരിശോധന നടത്തി കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടങ്ങൾക്ക് ടാക്സ് റിവിഷൻ നടത്തിയതിന്റെയും പോസ്റ്റ് ഓക്യുപ്പൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

7.തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/അർദ്ധസർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് രജിസ്റ്ററാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർചാർജ് ഈടാക്കുന്നതിന്റെ വിവരവും ലഭ്യമല്ല.

8.കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ് എന്നിവ ഒരേ ഫയലിൽ സൂക്ഷിക്കുന്നില്ല. അസ്സസ്സ്മെന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

9.സ.ഉ.(അച്ചടി) 25/2023 /തസ്വഭവ, തീയതി 5/4/2023 ഉത്തരവ് പ്രകാരം 1-4-2023 മുതൽ പുതുക്കിയ വസ്തു നികുതി നിലവിൽ വരുന്നതിന് മുന്നോടിയായി ആയതിന്റെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കരട് വിജ്ഞാപനം പ്രസിദ്ധീക്കരിക്കാതെ വർദ്ധിപ്പിച്ച നികുതി ഈടാക്കുന്നത് നിയമപ്രശ്നങ്ങൾക്ക് ഇടയാക്കും.

C.തൊഴിൽനികുതി

1.തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതായി ബോധ്യപ്പെടുത്താൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. റേഷൻവ്യാപാരികൾ,സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾ, മരാമത്ത് കരാറുകാർ, അഭിഭാഷകർ, രണ്ടിലധികം ഹെവി ഇനത്തിലുള്ള വാണിജ്യാവശ്യ വാഹനഉടമകൾ എന്നിവരിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2. തൊഴിലുടമ നല്കുന്ന നികുതി പത്രികകൾ പരിശോധിച്ച ശേഷമാണോ നികുതി ഈടാക്കുന്നത് എന്നതിൽ വ്യക്തതയില്ല. തൊഴിലുടമ നല്കുന്ന നികുതി പത്രികകളുടെ കൃത്യത പരിശോധിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3.നഗരസഭ പരിധിയിലെ മുഴുവൻ വാണിജ്യ സ്ഥാപനങ്ങളുടേയും വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി

സൂക്ഷിച്ചിരിക്കുന്നുവെങ്കിലും ,പ്രസ്തുത ട്രേഡേഴ്സ് ലിസ്റ്റിൽരേഖപ്പെടുത്തിയിരിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല.ആയതിനാൽ ലൈസൻസ് നൽകുന്നതു വഴി പൂർണതോതിൽ വരുമാനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.ലൈസൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4.ഇൻഡോർ ക്ലബ്, ടർഫ് കോർട്ട്, സ്റ്റേഡിയങ്ങൾ, കേബിൾ, ടി.വി.നെറ്റ് വർക്ക്, പ്രദർശന വിപണന മേള എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുവാനുള്ള സാധ്യത ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ ചെയ്തിട്ടില്ല.

5.നഗരസഭയ്ക്ക് സ്വന്തമായ ആസ്തികളുടെ ഭൗതിക പരിശോധന നടത്തി കാലികമായ ആസ്തി രജിസ്റ്റർ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.

6.നഗരസഭ പരിധിയിൽ നടത്തുന്ന വിനോദ-വ്യാപാരമേളകളിൽ താൽക്കാലികമായി പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ലൈൻസ് ഇനത്തിൽ തുക ഈടാക്കുന്നതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

നഗരസഭയുടെ വികസനപ്രവർത്തനങ്ങൾക്ക് വസ്തുനികുതിയും, മറ്റ് തനത് വരവുകൾ ഉൾപ്പടെയുള്ള വിഭവശേഖരണം 100% ആക്കുന്നതിന് നടപടികൾ ഊർജിതമാക്കേണ്ടതാണ്. തനത് ഫണ്ടിന്റെ ലഭ്യതയുടെ വിവരങ്ങൾ ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പിന് ഉദ്യോഗതലത്തിൽ മറുപടി ലഭ്യമാക്കാത്തത് ഭരണസമിതി ചർച്ച ചെയ്യേണ്ടതും തുടർനടപടി വിവരവും മറുപടിയും ഓഡിറ്റിനെ ലഭ്യമാക്കേണ്ടതുമാണ്.

## 1-12-1 തനത് വരവ് സ്രോതസ്സുകളിൽ നിന്നും നികുതി ഈടാക്കുന്നതിൽ വീഴ്ച സംഭവിക്കുന്നു.

കേരള മുൻസിപ്പൽ ആക്ട് സെക്ഷൻ 252 പ്രകാരം നഗരസഭാ പരിധിയിൽ ഏതെങ്കിലും ഓഫീസിലോ, കമ്പനിയിലോ, ഫേമിലോ, സംരംഭത്തിലോ, ഏതെങ്കിലും സ്ഥാപനത്തിലോ ശമ്പളത്തിനോ വേതനത്തിനോ നിയമിച്ചതോ, ഏർപ്പെടുത്തിയതോ ആയ ആളുകൾ ഉണ്ടെങ്കിൽ മുൻസിപ്പാലിറ്റി നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി നൽകേണ്ടതാണ്. ലൈസൻസ് നൽകൽ ഇനത്തിലും,തൊഴിൽനികുതിയിനത്തിലും ലഭിക്കേണ്ട വരവുകൾ പൂർണതോതിൽ ഈടാക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ലായെന്ന് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.അപ്രകാരം പൂർണതോതിൽ ഈടാക്കാത്ത തനത് വരവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

A.

01-08-2022 ലെ നം.എൽഎസ് ജിഡി-ആർഡി1/47/2022 സർക്കലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഒരു ജിംനേഷ്യവും പ്രവർത്തിക്കാൻ പാടില്ല.എന്നാൽ നഗരസഭ എല്ലാ ജിംനേഷ്യങ്ങളിൽ നിന്നും ലൈസൻസ് ഫീസും,തൊഴിൽ നികുതിയും ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

B.

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (9) പ്രകാരം മോട്ടോർവാഹന നിയമപ്രകാരം(രണ്ട് വാഹനങ്ങളിലധികം)വാടകയ്ക്ക് അല്ലെങ്കിൽ സ്റ്റേജ് കാരിയേജ് അല്ലെങ്കിൽ ഗുഡ്സ് കാരിയേജായി ഓട്ടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.എന്നാൽ അപ്രകാരം നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

C.

നഗരസഭ പരിധിയിൽ 60-ദിവസത്തിലധികം പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്.എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ 12-ലധികം കരാറുകാർ നഗരസഭാപരിധിയിൽ തൊഴിൽ ചെയ്തിരുന്നതായി അറിയിച്ചു.എന്നാൽ പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ വിവരിക്കും പ്രകാരം തനത് വരവ് ഇനങ്ങളിൽ മുതൽ കൂട്ടേണ്ട തുകകൾ ഡിമാൻഡ് ചെയ്യാത്തത് നഗരസഭയുടെ വീഴ്ചയായി കാണക്കാക്കുന്നു. തനത് വരവുകൾ ഡിമാൻഡ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കാൻ 14.01.2024 ന് നൽകിയ അന്വേഷണകുറിപ്പ് 32/2024-ന് മറുപടി ലഭ്യമാക്കിയില്ല. തനത് വരവ് കൂട്ടുന്നതിനായി നിയമാനുസൃതം പിരിരിച്ചെടുക്കേണ്ട നികുതികൾ സമയബന്ധിതമായി ഡിമാൻഡ് ചെയ്ത് പിരിച്ചെടുത്തുവെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും അന്വേഷണകുറിപ്പിനുള്ള മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-13 കെട്ടിടനിർമ്മാണ പെർമിറ്റുകൾ നടപടികൾ പാലിച്ച് സമയബന്ധിതമായി നൽകിയിട്ടില്ല.

1994-ലെ കേരള മുൻസിപ്പൽ ആക്ട് നിയമങ്ങളും ചട്ടങ്ങളും സെക്ഷൻ 391പ്രകാരം ഏതെങ്കിലും പണി നടത്തുവാനുള്ള അനുവാദത്തിനായി 387-ാം വകുപ്പ് പ്രകാരം ലഭിച്ച ഒരു അപേക്ഷയിൽമേൽ ,അല്ലായെങ്കിൽ ചട്ടങ്ങളിലോ,ബൈലകളിലോ ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും വിവരമോ,രേഖയോ കിട്ടിയതിനുശേഷം മുപ്പത് ദിവസത്തിനകം നിർമ്മാണത്തിന് അനുമതി നൽകുകയോ,അല്ലായെങ്കിൽ അതു നിരസിക്കുന്നെങ്കിൽ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.എന്നാൽ2022-23വർഷത്തെ കെട്ടിടനിർമ്മാണഅനുമതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന കെട്ടിടനിർമ്മാണ പെർമിറ്റുകൾ നടപടികൾ പാലിച്ച് നാളിതുവരെ നൽകിയിട്ടില്ലായെന്ന് കണ്ടെത്തി.

| ഫയൽനമ്പരും അപേക്ഷാതിയതിയും | റിമാർക്സ് |
|---|---|

| | |
|---|---|
| 7732/2022, 4/5/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 8034/22, 9/5/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 9031/2022, 26/5/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 11132/2022, 25/6/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 11500/2022, 1/7/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 12311/2022, 15/7/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 12986/2022, 27/7/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 12987/2022, 27/7/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 15088/2022, 15/9/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 15765/2022, 20/9/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 19242/2022, 17/10/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 20149/2022, 22/10/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 21011/2022, 29/10/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 22241/2022, 9/11/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 23004/2022, 18/11/2022 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 1621/2023, 23/1/2023 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 3153/2022, 15/2/2023. | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 3249/2023, 16/2/2023 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 4648/2023, 8/3/2023 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |
| 5245/2023, 27/3/2023 | പെർമിറ്റ് നാളിതുവരെ നൽകിയിട്ടില്ല. |

മേൽ വിവരിച്ച പെർമിറ്റ് അപേക്ഷകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് പെർമിറ്റ് രജിസ്റ്ററിൽരേഖപ്പെടുത്തി രേഖാമൂലം അറിയിപ്പ് നൽകാത്തതിനും, പെർമിറ്റുകൾ നൽകാത്തതിനും വിശദീകരണം ലഭ്യമാക്കാൻ 17/1/2024-ലെ 36/2024 നമ്പർ അന്വേഷണകുറിപ്പ് പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.പെർമിറ്റ് രജിസ്റ്ററിൽ അപാകങ്ങൾ രേഖപ്പെടുത്താതെ പെർമിറ്റ് സമയബന്ധിതമായി നൽകാത്തത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13-1 കെട്ടിടനിർമ്മാണ പെർമിറ്റ് -സാങ്കേതിക പരിശോധനാ റിപ്പോർട്ടിൽ പൂർണ്ണവിവരങ്ങൾ രേഖപെടുത്തുന്നില്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 2/12/15-ലെ നം.12900/ആർ/2015/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പെർമിറ്റ് അപേക്ഷകളിൽ എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശ ഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതും, പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവെ / റീസർവെ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ AE യുടെ അന്വേഷണ റിപ്പോർട്ടിൽ മേൽ വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തുന്നില്ല എന്നു കാണുന്നു. കൂടാതെ നോട്ട് ഫയലിൽ കെട്ടിടനിർമ്മാണചട്ടങ്ങൾ പാലിക്കുന്നുവെന്ന് മാത്രം രേഖപ്പെടുത്തി പെർമിറ്റിനായി ശുപാർശ എഴുതി ചേർത്തിരിക്കുന്നത്.

4. കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ അപേക്ഷകൾക്കായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല. പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് റെഗുലറൈസേഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നത്.

5. പെർമിറ്റ് രജിസ്റ്ററിൽ അബ്സ്ട്രാക്ട് എഴുതി ചേർത്തിട്ടില്ല.

2022-23 വർഷം ആകെ എത്ര രൂപയാണ് പെർമിറ്റ് ഫീസിനത്തിൽ ലഭിച്ചിട്ടുള്ളത് എന്ന വിവരം രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. അബ്സ്ട്രാക്ട് എഴുതി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കെട്ടിട പെർമിറ്റുകൾ പ്രകാരം തയ്യാറാക്കുന്ന സാങ്കേതികാ പരിശോധന റിപ്പോർട്ടുകളിൽ നിയമാനുസരണമുള്ള റിപ്പോർട്ടുകൾ രേഖപ്പെടുത്തിയ ശേഷം പെർമ്മിറ്റുകൾ നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽനികുതി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയില്ല.

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245 പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പിന്റെയും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ, നഗരസഭ തൊഴിൽ നികുതി

ഈടാക്കിയതിന്റെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1. തൊഴിൽനികുതി നിർണ്ണയം- പത്രികകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

1994 കേരള മുനിസിപ്പൽ ആക്റ്റ്, വകുപ്പ് 250 പ്രകാരം തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലി ചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് ജോലിക്കാക്കപ്പെട്ട ആളുകളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനും ആവശ്യപ്പെടാവുന്നതാണ്.എന്നാൽ രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ സ്റ്റേറ്റ്മെന്റ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.നഗരസഭ പരിധിയിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാനും, തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനുള്ള വിശദീകരണവും ലഭ്യമാക്കാനും 19/1/2024.-ൽ നൽകിയ 55 /2024 നമ്പർ അന്വേഷണകുറിപ്പിന് മറുപടിയോ,ഒന്നാം അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി സ്റ്റേറ്റ്മെന്റോ ഓഡിറ്റിന് ലഭ്യമാക്കിയില്ല.ആയതിനാൽ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി വരവിന്റെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഒന്നാം അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി സ്റ്റേറ്റ്മെന്റും, അന്വേഷണകുറിപ്പിന് മറുപടിയും ലഭ്യമാക്കേണ്ടതാണ്.

അർദ്ധവർഷിക വരുമാനം ഇല്ലാതെ തൊഴിൽനികുതി സ്വീകരിക്കുന്നു.

1.1994-ലെ കേരള മുൻസിപ്പൽആക്റ്റ് 254,256 എന്നീ വകുപ്പുകളിലെയും,2005-ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരവും ജീവനക്കാരുടെ മൊത്തം അർദ്ധവാർഷിക വരുമാനം കണക്കാക്കി നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.എന്നാൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തൊഴിൽനികുതി സ്റ്റേറ്റ്മെൻറുകൾ (രണ്ടാം അർദ്ധവർഷം)പരിശോധിച്ചതിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താത്ത സ്റ്റേറ്റ്മെൻറുകൾ സ്ഥീകരിച്ച് തൊഴിൽനികുതി നഗരസഭ സ്ഥീകരിച്ചതായി കാണുന്നു.ഉദാഹരണമായി നെയ്യാറ്റിൻകര താലൂക്ക് ആഫീസിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താത്ത സ്റ്റേറ്റ്മെന്റ് അടിസ്ഥനമാക്കി തൊഴിൽ നികുതി സ്ഥീകരിച്ചു.ആയത് പരിശോധിച്ചതിൽ താലൂക്ക് ആഫീസിലെ ക്ലാർക്കായി ജോലി ചെയ്യുന്ന ചുവടെ വിവരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കി.

| ജീവനക്കാരുടെ പേര് | ഈടാക്കിയ തൊഴിൽ നികുതി | റിമാർക്സ് |
|---|---|---|
| ശ്രീമതി.സന്ധ്യ.ബി | 1000/- | അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താത്ത സ്റ്റേറ്റ്മെന്റുകൾ അടിസ്ഥാനമാക്കി തൊഴിൽനികുതി നഗരസഭ സ്വീകരിച്ചു |
| ശ്രീ.നന്ദു.എസ്.നായർ | 750/- | അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താത്ത സ്റ്റേറ്റ്മെന്റുകൾ അടിസ്ഥാനമാക്കി തൊഴിൽനികുതി നഗരസഭ സ്വീകരിച്ചു |
| ശ്രീമതി.ദീപ എസ്.കെ | 750/- | അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താത്ത സ്റ്റേറ്റ്മെന്റുകൾ അടിസ്ഥാനമാക്കി തൊഴിൽനികുതി നഗരസഭ സ്വീകരിച്ചു |

മേലധികാരി സമർപ്പിച്ച തൊഴിൽനികുതി സ്റ്റേറ്റ്മെന്റിൽ മേൽ വിവരിച്ച ജീവനക്കാരുടെ സേവനകാലാവധി രേഖപ്പെടുത്തിയിട്ടില്ല. 22/1/2024.-ലെ 66 /2024 നമ്പർ അന്വേഷണകുറിപ്പ് പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ വിവരിച്ച ജീവനക്കാരുടെ യഥാർത്ഥ അർദ്ധവാർഷിക വരുമാനം കണക്കാക്കി തൊഴിൽനികുതി അടവാക്കാനുണ്ടെങ്കിൽ തുക ഈടാക്കി ഓഡിറ്റിന് വിവരം ലഭ്യമാക്കോണ്ടതാണ്.

## 1-14-1 റേഷൻകടകൾ FTEAOS ലൈസൻസ് നേടാതെ പ്രവർത്തിക്കുന്നു.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻകടകളെ ലൈസൻസ് ഫീസിൽ നിന്നും,തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിട്ടുണ്ട്.ആയതിനാൽ നഗരസഭ പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും,തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽഅധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ നഗരസഭ നടപടി സ്ഥീകരിക്കേണ്ടതാണ്.അപ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും,തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 447, 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, പട്ടിക 11ലെ ക്രമ നമ്പർ 54 എന്നിവ പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. കൂടാതെസിവിൾ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻകടകളെ ലൈസൻസ് ഫീസിൽ നിന്നും,തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിട്ടുണ്ട്.ആയതിനാൽ നഗരസഭ പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽഅധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ നഗരസഭ നടപടി സ്ഥീകരിക്കേണ്ടതാണ്.എന്നാൽ ഡി & ഒ രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ പരിധിയിലുള്ള പ്രസ്തുത

സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. നഗരസഭ പരിധിയിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരവും, പ്രസ്തുത റേഷൻകടകൾ ലൈസൻസ് എടുക്കാത്തതിന് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കാൻ 17/1/2024-ലെ 32/2024 നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നഗരസഭ മറുപടി ലഭ്യമാക്കിയില്ല. നഗരസഭയിലെ മുഴുവൻ റേഷൻകടകൾക്കും ലൈസൻസ് നൽകാനുള്ള നടപടി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതും അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-14-2 അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല.

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) എന്നിവ പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകരിൽ നിന്നും 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭപരിധിയിൽ 10-ലധികം കോടതികൾ പ്രവർത്തിക്കുന്നു.പ്രസ്തുത കോടതികളിൽ 300-ലധികം അഭിഭാഷകർ ജോലി ചെയ്യുന്നതായി വാർഡ്തല ഡെയിഡേഷ്ഡ് ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.എന്നാൽ അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ഈടാക്കിയിട്ടില്ല.അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (32/2024-17/1/2024) മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃതം തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നില്ലായെങ്കിൽ പ്രസ്തുതയിനത്തിലുള്ള വരവ് നഷ്ടം ഉദ്യോഗസ്ഥരുടെ ബാധ്യതയായി മാറുമെന്നതിനാൽ തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 വാടക കുടിശ്ശിക -പിരിച്ചെടുക്കുവാൻ നടപടി ഊർജിതമാക്കണം.

നഗരസഭയുടെ സ്വന്തമായ മാർക്കറ്റിനുള്ളിലെ കടമുറികളും, സ്റ്റാളുകളും വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന കടമുറികൾ, സ്റ്റാളുകൾ എന്നിവയുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A.

| കെട്ടിടനമ്പർ | കുടിശ്ശിക തുക |
|---|---|
| X1/191 | 6362/- |
| ഠൗൺ മാർക്കറ്റ് -മുറിനമ്പർ- 1<br>നാസുറുദീൻ | 2,17,150/- |
| മുറി നമ്പർ.8 | 1,10,543/- |
| മുറി നമ്പർ-12<br>ജയകുമാർ | 16584/- |
| സ്റ്റാൾ -15 | 55372/- |
| സ്റ്റാൾ -19 | 55164/- |
| സ്റ്റാൾ -21 | 55260/- |
| സ്റ്റാൾ -22,23 | 43752/- |
| സ്റ്റാൾ -24 | 52056/- |
| സ്റ്റാൾ -25 | 18864/- |
| സ്റ്റാൾ -26 | 52056/- |
| സ്റ്റാൾ -27 | 19704/- |
| സ്റ്റാൾ -28 | 92964/- |
| സ്റ്റാൾ -30 | 86484/- |
| സ്റ്റാൾ -35,36,37,38,39.<br>സലീം. | 46150/- |
| സ്റ്റാൾ -40 | 1,15,152 |
| സ്റ്റാൾ -41 | 96288/- |
| സ്റ്റാൾ -42,43,43 | 46368/- |
| മുറി-4(1) | 3447/- |
| മുറി-1 | 26452/- |
| ടാക്സി സ്റ്റാൻഡ്-X1-191 | 6362/- |

| | |
|---|---|
| പെരുമ്പഴുതൂർ ചന്ത<br>മുറി- 1 | 3532/- |
| മുറി-2 | 33182/- |
| ആകെ | **12,59,248/-** |

B.അക്ഷയകോംപ്ലക്സിലെ വാടക കടിശ്ശികയുടെ വിവരങ്ങൾ.

| കടമുറി നമ്പർ | 2023 മാർച്ച് വരെയുള്ള കുടിശ്ശിക തുക | റിമാർക്സ് |
|---|---|---|
| BF-A9 | 453582 | റിക്കവറി നടപടി ആരംഭിച്ചു. |
| BF-A-10(1) | 16767 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| BF-A-10B | 78574 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| BF-B1 | 27924 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| BF-B3 | 14116 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| BF-B4 | 22737 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| BF-B5 | 14280 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| BF-B9 | 34020 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| BF-B15(A) | 23416 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| BF-B16 | 19036 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| BF-C3 | 51090 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| BF-C4(1) | 12496 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| BF-C5 | 109526 | റിക്കവറി നടപടി ആരംഭിച്ചു. |
| BF-C15 | 14820 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| BF-B(1) | 30324 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-A2 | 283225 | റിക്കവറി നടപടി ആരംഭിച്ചു. |
| GF-A6(1) | 328817 | റിക്കവറി നടപടി ആരംഭിച്ചു. |
| GF-A9 | 105398 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-A10(1) | 17515 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-A10(2) | 86562 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-A11(1) | 57267 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-A11(2) | 39024 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-A11(4) | 51569 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-A11(7) | 110506 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-A19 | 63430 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-A22 | 12535 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-A25 | 26894 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-A26 | 37149 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-C3 | 38964 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-C6 | 27552 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-C7 | 46184 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-C7(2) | 8220 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-C9 | 15921 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| GF-C13 | 17827 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| FF-S2 | 15940 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| FF-S3 | 13725 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| FF-3 | 57960 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| FF-4 | 105085 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |

| | | |
|---|---|---|
| FF-7 | 7163 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| SF4 | 99825 | നടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| ആകെ | 25,96,965 | |

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ 11/1/2024.-ലെ10/2024 നമ്പർ അന്വേഷണകുറിപ്പ് പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും കുടിശ്ശിക ലിസ്റ്റ് മാത്രം ലഭ്യമാക്കി. നഗരസഭയുടെ തനത് വരുമാനത്തിൽ മുതൽക്കൂട്ടേണ്ട തുകകൾ ഈടാക്കാൻ മുഴുവൻ കുടിശ്ശികക്കാർക്കും എതിരെ റിക്കവറി നടപടികൾ സ്വീകരിക്കുവാനോ, കുടിശ്ശിക വരുത്തിയ കടമുറികൾ പുനർലേലം നടത്താനോ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല. മേൽ പട്ടികയിൽ വിവരിച്ച ഏതാനും കുടിശ്ശികകാർക്കെതിരെ മാത്രമേ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളൂ. എല്ലാ കുടിശ്ശികക്കാരിൽ നിന്നും തുക ഈടാക്കാത്തതിനുള്ള വിശദീകരണവും, ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതും തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-16 വസ്തു നികുതി -റദ്ദാക്കിയ സാംഖ്യ രസീതിയിലെ തുക സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

2022 ഏപ്രിൽ മുതൽ 2023മാർച്ച് മാസം വരെ വസ്തു നികുതി ഇനത്തിൽ റദ്ദാക്കിയ ആദ്യ 300 സാംഖ്യ രസീതുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയ പോർട്ടലിൽ കെട്ടിട നികുതി ഒടുക്കിയതായി പോസ്റ്റ് ചെയ്തിരിക്കുന്നു.

| തീയതി | രസീത് നം. | വാർഡ്/കെട്ടിടം നം. | തുക |
|---|---|---|---|
| 24.6.2022 | 122160103738 | 31/368 | 1024രൂപ |
| 7.7.2022 | 122160104321 | 26/261 | 121 രൂപ |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ. 77/22.1.2024 ന്, മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും, മുഴുവൻ റദ്ദാക്കിയ രസീതുകളും പരിശോധിച്ച് സഞ്ചയയിൽ വരവായി പോസ്റ്റ് ചെയ്തിട്ടില്ല എന്ന വിവരം ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-17 ലൈഫ് ഭവന പദ്ധതി – കരാർ കാലാവധി കഴിഞ്ഞും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത/ പൂർത്തിയാക്കിയിട്ടില്ലാത്ത വ്യക്തികളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതി വഴി തുക കൈപ്പറ്റിയെങ്കിലും കരാർ കാലാവധി കഴിഞ്ഞും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത/ പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പട്ടിക ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 51/18.1.2024) .

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | കരാർ തീയതി | ആകെ കൈപ്പറ്റിയ തുക | സാമ്പത്തിക വർഷം | നിർമ്മാണ ത്തിന്റെ നിലവിലെ അവസ്ഥ | ഭവനനിർമ്മാണം ആരംഭിക്കാത്തതിന്/ പൂർത്തിയാക്കാത്തതിനുള്ള കാരണം (നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി) |
|---|---|---|---|---|---|---|
| 1 | കവിത.ബി.എം<br>കവിത ഭവൻ, കളത്തിൽ വീട്, വ്‌ളാങ്ങാമുറി | | 340,000/- | 2020-2021 | നിലവിൽ സൺഷൈഡ് വാർത്തു | ലേബർ ചാർജ് കൂടുതൽ ആണെന്നും ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 2 | വിലാസിനി.ആർ<br>കണ്ണേറുവീട്, കണിച്ചാംകോട് | | 60,000/- | 2020-2021 | പണി ആരംഭിച്ചിട്ടില്ല | തുക തികയുന്നില്ല എന്നും ഉടനെ പണി<br>പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 3 | നീതുമോൾ.ജി<br>വിനീഷ് ഭവൻ<br>കഴിവിളമേലെ പുത്തൻവീട്, അരുവിപ്പുറം | | 180,000/- | 2020-2021 | പണി പുരോഗമിക്കുന്നു. | ലേബർ ചാർജ് കൂടുതൽ ആണെന്നും ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 4 | വിജി.ബി<br>അയണിയറത്തല , കിഴക്കുകര പുത്തൻവീട്<br>പെരുമ്പഴുതൂർ | | 340,000/- | 2020-2021 | നിലവിൽ സൺഷൈഡ് വാർത്തു | ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 5 | മണിയമ്മ, നെല്ലിവിള വീട്, വഴുതൂർ | | 180,000/- | 2020-2021 | പണി പുരോഗമിക്കുന്നു. | തുക തികയുന്നില്ല എന്നും ഉടനെ പണി<br>പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 6 | മോനിഷ<br>നിഷ ഭവൻ<br>അയണിയറത്തല<br>പെരുമ്പഴുതൂർ | | 340,000/- | 2020-2021 | നിലവിൽ സൺഷൈഡ് വാർത്തു | രോഗം നിമിത്തം പണി ചെയ്യാൻ കഴിഞ്ഞില്ല. ഉടനെ<br>പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 7 | പ്രഭാകരൻ.എ<br>പൂവങ്ങവിളാകം വയലിൽ | | 180,000/- | 2021-2022 | പണി പുരോഗമിക്കുന്നു. | തുക തികയുന്നില്ല<br>എന്നും ഉടനെ പണി |

| | | | | | |
|---|---|---|---|---|---|
| | വീട്, തലയൽ | | | | പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 8 | അനിൽ കുമാർ.സി.ജി സി.ജി.ഭവൻ കൊണ്ണൂർവിളാകത്ത് വീട് | 60,000/- | 2021-2022 | പണി ആരംഭിച്ചിട്ടില്ല | ലേബർ ചാർജ് കൂടുതൽ ആണെന്നും ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 9 | ഷാജി കുമാർ, ജയശ്രീ ഭവൻ, കളത്തുവിള | 180,000 | 2022-2023 | പണി പുരോഗമിക്കുന്നു. | രോഗം നിമിത്തം പണി ചെയ്യാൻ കഴിഞ്ഞില്ല. ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 10 | അജിത.കെ.എസ് കടകമ്പ് വീട്, അതിയന്നൂർ | 340,000/- | 2022-2023 | പണി പൂർത്തിയാക്കി എന്ന് അറിയിച്ചു. | ലേബർ ചാർജ് കൂടുതൽ ആണെന്നും ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 11 | രാജി.ആർ കല്ലരിക്കോണത്തുമേലേ പുത്തൻവീട്, ചന്തവിളൗ | 340,000/- | 2022-2023 | നിലവിൽ സൺഷെയ്ഡ് വാർത്തു | തുക തികയുന്നില്ല എന്നും ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 12 | പവിത്ര.വി.എസ് അയണിയറത്തലവീട്, തലയൽ, ആറാലുമ്മൂട് | 180,000/- | 2022-2023 | പണി പുരോഗമിക്കുന്നു. ലേബർ ചാർജ് കൂടുതൽ ആണെന്നും ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. | ലേബർ ചാർജ് കൂടുതൽ ആണെന്നും ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 13 | പ്രേംജിത്.വി. വിശ്വക് ഭവൻ, മണലൂർ | 60,000/- | 2022-2023 | പണി ആരംഭിച്ചിട്ടില്ല | ലേബർ ചാർജ് കൂടുതൽ ആണെന്നും ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 14 | ശ്രീകുമാരൻ.എ പവിത്രാനന്തപുരം കോളനി, വഴുതൂർ | 340,000/- | 2022-2023 | നിലവിൽ സൺഷെയ്ഡ് വാർത്തു | രോഗം നിമിത്തം പണി ചെയ്യാൻ കഴിഞ്ഞില്ല. ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 15 | രാഖി സുമം നാഗരാജ ഭവൻ, മേക്കരി | 180,000/- | 2022-2023 | പണി പുരോഗമിക്കുന്നു. | ലേബർ ചാർജ്ജ് കൂടുതൽ ആണെന്നും ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 16 | നിഷാന്ത്. പവിത്രാനന്തപുരം കോളനി, വഴുതൂർ | 60,000/- | 2022-2023 | പണി ആരംഭിച്ചിട്ടില്ല | തുക തികയുന്നില്ല എന്നും ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |
| 17 | ശ്രീജ.എസ് കുന്നാണ്ടിവിള വീട്, മുട്ടയ്ക്കാട് | 180,000/- | 2022-2023 | പണി പുരോഗമിക്കുന്നു. | ഉടനെ പണി പൂർത്തിയാക്കും എന്ന് അറിയിച്ചു. |

ടി ഗുണഭോക്താക്കൾ ഭവന പദ്ധതി പൂർത്തികരിക്കാത്തത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി/മോണിറ്ററിംഗ് സമിതിയും പരിശോധന നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല- 400000/-രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. : 173/23

പദ്ധതിയുടെപേര്: പൈപ്പ് ലൈൻ എക്സ്റ്റൻഷൻ.(സ്പിൽ ഓവർ)

ഫണ്ടിനം: വികസന ഫണ്ട് എസ്.സി.പി

അടങ്കൽ: 400446/-

ചെലവ് തുക: 400000/-

ബിൽ നം. : 543/18.3.2023(ACR പ്രകാരം)

നിർവ്വഹണ ഉദ്യോഗസ്ഥ: പട്ടികജാതി വികസന ഓഫീസർ

2022-23 സാമ്പത്തിക വർഷത്തിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിയുടെ ഭാഗമായി പട്ടികജാതി വികസന ഓഫീസർ വാട്ടർ അതോറിറ്റിക്ക് നാല് ലക്ഷം രൂപ കൈമാറിയിരിക്കുന്നു. ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (50/18.01.2023) ലഭ്യമാക്കിയ മറുപടിയിൽ, സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നല്കി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 400000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 കോക്ളിയാർ ഇംപ്ളാൻറ്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പദ്ധതിയുടെ പേര്-കോക്ളിയാർ ഇംപ്ളാൻറ്

പദ്ധതിയുടെ നമ്പർ-352/23

പദ്ധതി അടങ്കൽ-50,000/(വികസന ഫണ്ട്)

പദ്ധതി ചെലവ് -50,000/

ബിൽ നമ്പർ -22/22-23

കോക്ളിയാർ ഇംപ്ളാന്റ് മെയിന്റനൻസിനായി 50,000/ രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയെങ്കിലും ധന വിനിയോഗ സാക്ഷ്യപത്രം സെക്യൂരിറ്റി മിഷനിൽ നിന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 57/19.01.2024 ന് മറുപടിയായി ഈ തുക സോഷ്യൽ സെക്യൂരിറ്റി മിഷൻ സ്റ്റേറ്റ് ഹെൽത്ത് എജൻസിക്ക് കൈമാറിയതായും അവിടെ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-20 അഗതി രഹിതകേരളം-തുക പൂർണ്ണമായും വിനിയോഗിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയായ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ അഗതിരഹിത കേരളം പ്രൊജക്ടിന് (255/23) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നമ്പർ KS/L/513/19dt 8.7-. 19 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയിൽ 126 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രൊജക്ടിന്റെ മൊത്തം അടങ്കൽ 10094400 രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 3569400/-രൂപയും 6525000/-രൂപ വിവിധ ഫണ്ടുകളുമാണ് വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയ ചലഞ്ച് ഫണ്ടിന്റെ ആദ്യഗഡുവായി അനുവദിച്ച 1189800(21.7.2020)രൂപയും മുനിസിപ്പാലിറ്റി ഫണ്ടിനത്തിൽ ആശ്രയ അക്കൌണ്ടിലേക്ക് 10,00000 രൂപയും 19/11/2020 ൽ ലഭിച്ചിട്ടുണ്ട്. 15.8.22ൽ 1189800 രൂപ രണ്ടാം ഗഡുവായും അനുവദിച്ചു. ആദ്യ ഗഡുവയ 1189800/രൂപയിൽ 1290501/ രൂപയാണ് 31.03.2023 വരെയുള്ള ചെലവ്.രണ്ടാം ഗഡുവായി ലഭിച്ച തുകയിൽ 868606/ രൂപയാണ് ചെലവ്. ചലഞ്ച് ഫണ്ട് വിനിയോഗിച്ച് അഗതി കുടുംബങ്ങൾക്ക് നാളിതുവരെ ഭക്ഷണവിതരണം മാത്രമാണ് നടന്നിട്ടുള്ളത്. ചലഞ്ച് ഫണ്ട് വിനിയോഗിക്കാവുന്ന ചികിത്സ, വിദ്യാഭ്യാസം എന്നിവ ആവശ്യമുള്ള കുടുബങ്ങൾ അഗതി രഹിത കേരളം പ്രൊജക്ടിൽ ഉണ്ടെന്നിരിക്കെ ആയതിനൊന്നും തുക ചെലവഴിച്ചിട്ടില്ല.

വിവിധ സേവന പരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളിൽ ഭവനം ഇല്ലാത്ത 41 കുടുംബങ്ങളും, ഭവന പുനരുദ്ധാരണം ആവശ്യമുള്ള 12 കുടുംബങ്ങളും, ഭൂരഹിതരായ ഒരാളും ഉണ്ട്.

പ്രൊജക്ട് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യം വെച്ച സേവനപരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 3 വർഷം പൂർത്തിയാവാറായിട്ടും ഭക്ഷണവിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളൂ. സ.ഉ.(എം.എസ്)126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരം ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമ പരിഗണന നൽകണമെന്ന നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഭവനം ആവശ്യങ്ങളുള്ള 41 കുടുംബങ്ങളിൽ 2 പേർക്ക് പി.എം.എ.വൈ പദ്ധതി പ്രകാരം വീട് നല്കിയിട്ടുണ്ട്. അഗതികൾക്ക് കിടപ്പാടം, കക്കൂസ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും കഴിഞ്ഞിട്ടില്ല.

സി.ഡി.എസ്സിന്റെ പേരിലുള്ള അക്കൌണ്ട് നമ്പർ 520101267861241 എന്ന അക്കൌണ്ടിലേക്കാണ് അഗതി രഹിത കേരളത്തിന്റെ തുക ക്രഡിറ്റായത്.31.03.2023 ൽ 41,28,515.70 രൂപ ആ അക്കൌണ്ടിൽ അവശേഷിക്കുന്നുണ്ട്.

അഗതിരഹിതകേരളം പ്രൊജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ താഴെ ക്കൊടുക്കുന്നു.

1)അഗതി രഹിത കേരളം പദ്ധതിയുടെ ഫണ്ടുകളിൽ 10% ജില്ലാപഞ്ചായത്ത്, 15%ബ്ലോക്ക് പഞ്ചായത്ത് എന്നിവ വകയിരുത്തേണ്ടതാണെങ്കിലുംപദ്ധതിക്ക് നാളിതുവരെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ തുകയൊന്നും വകയിരുത്തി കാണുന്നില്ല.

2)ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്. 18.12.2019 ലെ കെ.എസ്.എൽ./935/2019 ഉത്തരവ് പ്രകാരം രൂപീകരിച്ച വിലയിരുത്തൽ സമിതി യോഗം കൂടിയതായി കാണുന്നില്ല. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയ്യതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനുട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോർഡിനേറ്റർക്ക് അയച്ചു നൽകേണ്ടതാണെങ്കിലും വിലയിരുത്തൽ സമിതി വർഷങ്ങളായി കൂടാതെനാണ് യോഗം ചേർന്നിരിക്കുന്നത്.

3)അഗതിരഹിതകേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കാൻ നിഷ്കർഷിഷിച്ചിട്ടുണ്ടെങ്കിലും അത്തരത്തിലൊരു ഉപസമിതി രൂപീകരിച്ചു കാണുന്നില്ല.

അഗതിരഹിതകേരളം ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവന പരിചരണ പാക്കേജുകൾ നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓൺലൈൻ സർവ്വേയിലൂടെ കണ്ടെത്തിയവരിൽ 126വ്യക്തികളെ അർഹരായി നിർണ്ണയിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് കൗൺസിൽ 18.12.2019 ൽ അംഗീകരിച്ചിട്ടുണ്ട്.ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന 126 ഗുണഭോക്താക്കളിൽ അനർഹരേയും മരണപ്പെട്ടവരേയും ഒഴിവാക്കി നിലവിലുള്ള ഗുണഭോക്താക്കളായ 102 പേർക്കാണ് ഭക്ഷണ കിറ്റ് നിലവിൽ വിതരണം ചെയ്യുന്നത്. അർഹരായ മുഴവൻ ഗുണഭോക്താക്കൾക്കും അഗതി രഹിത കേരളം പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-21 സുഗതസ്മൃതി നിർമ്മാണം -ചെലവ് വിവരങ്ങൾ ലഭ്യമല്ല- ചെലവു തുക 2,28,000/-രൂപ

തടസ്സപ്പെടുത്തുന്നു

അന്തരിച്ച കവയിത്രി ശ്രീമതി. സുഗതകുമാരിയുടെ സ്മരണയ്ക്കായി അക്ഷയ കോംപ്ലക്സിനുള്ളിൽ നിർമ്മിച്ച സുഗതസ്മൃതി നിർമ്മാണവുമായി ബന്ധപ്പെട്ട് കാനറാബാങ്കിൽ നിന്നും ലഭിച്ച 2,28,000/ രൂപ(26.04.22 ലെ 526980 നമ്പർ ഡി.ഡി.കാനറാ ബാങ്ക്) സുഗതകുമാരി സ്ക്വയറിൽ വരമൊഴി നിർമ്മിച്ചതിന് പ്രൊപ്പറൈറ്റർ ശ്രീ.അജയകുമാറിന് 039497/5.5.22 ചെക്ക് പ്രകാരം നഗരസഭാ സെക്രട്ടറി തനത് ഫണ്ടിൽ നിന്ന് പണം നൽകിയതായി കാണുന്നു. ഈ വർക്കുമായി ബന്ധപ്പെട്ട കരാർ, പൂർത്തീകരണ സാക്ഷ്യപത്രം തുടങ്ങിയ വിവരങ്ങൾ മറ്റ് ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/12.01.23 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 2,28,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല-ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

2022-23 ൽ നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്നുകളും,മെഡിക്കൽ റീ ഏജൻറുകളും കാരുണ്യ ഫാർമസിയിൽ നിന്നും കിട്ടാൻ അവശേഷിക്കുന്നു .വിശദാംശം ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം. -2/2023.
പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ പ്രവർത്തനം.
അടങ്കൽ - 23,75,000/വികസന ഫണ്ട് - 15,75,000/-,ധനകാര്യകമ്മീഷൻ ഗ്രാൻറ്-8,00,000/
ചെലവ് -23,75,000
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,പെരുമ്പഴുതൂർ പി.എച്ച്.സി.
ഈ പ്രോജക്ടിലുൾപ്പെട്ട ബിൽ നമ്പർ 28/9.3.23 പ്രകാരം രണ്ട് ലക്ഷം രൂപ മെഡിസിൻ പർച്ചേസിനായി കാരുണ്യഫാർമസിയിൽ നല്കിയെങ്കിലും 33,642/- രൂപയുടെ മരുന്നുകൾ ഇനിയും കിട്ടാനവശേഷിക്കുന്നുണ്ട്. കൂടാതെ ഈ പ്രോജക്ടിലുൾപ്പെട്ട ബിൽ നമ്പർ 9/3.12.22 പ്രകാരം 3.49.995/ രൂപ റീ ഏജൻറ് പർച്ചേസിനായി നല്കിയിട്ടുണ്ട്. എന്നാൽ ഇൻവോയിസ് പ്രകാരമുള്ള 1,90,821/- രൂപയുടെ റീ ഏജന്റുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 40/17.01.24 ന് 31.01.2024 ന് മുൻപായി മരുന്നുകൾ ലഭ്യമാക്കുമെന്ന് കാരുണ്യ ഫാർമസിയിൽ നിന്നും അറിയിച്ചിട്ടുണ്ട് എന്ന് മറുപടി നല്കിയിട്ടുണ്ട്.
മരുന്നുകളും റീ ഏജൻറുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 വാഹന പരിപാലനം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

നെയ്യാറ്റിൻകര നഗരസഭക്ക് താഴെ പറയുന്ന വാഹനങ്ങളാണ് 2022-23 വർഷം ഉപയോഗത്തിലുണ്ടായിരുന്നത്.

| ക്രമ നം. | രജിസ്റ്റർ നമ്പർ | ബ്രാൻഡ് |
|---|---|---|
| 1 | KL-20-D-7790 | Swift Dezire-Secretary |
| 2 | KL-20-C-5714 | Bolero-Engineering Se |
| 3 | KL-20F-942 | Tanker-Water Supply |
| 4 | KL-20H-3271 | Van-Nursery School |
| 5 | KL-20-D-5321 | BOlero-Health Section |
| 6 | KL- 20-G-7963 | Ambulance |
| 7 | KL-20-R-4028 | KIAseltos -Chairman |
| 8 | KL-20D 2612 | Hero Honda Two Wheeler |
| 9. | KL-20R-0085 | New Ambulance |
| 10 | KL -20 E 626 | Tipper -(Waste Collection) |
| 11 | KL-20R 4607 | Mahindra Pickup-Haritha Kerala Sena |
| 12 | KL-20S 976 | Electric Autopickup-Haritha |
| 13 | KL_20C | Maxima Pickup-Haritha 1 |
| 14 | KL-20F -3409 | Swaraj Mazda |

വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധനയിൽ 2021-22 ഓഡിറ്റ് റിപ്പോർട്ടിൽ ശ്രദ്ധയിൽപെടുത്തിയ അപാകങ്ങൾ നിലവിലും തുടരുന്നതായി കണ്ടു. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കാത്തത് ഗുരുതര വീഴ്ചയായി വിലയിരുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. മേൽ പട്ടികയിലെ KL-20F-94,KL-20-D-5321, KL- 20-G-7963 എന്നീ വാഹനങ്ങളുടെ ലോഗ് ബുക്ക് ഒഴികെയുള്ളവയിൽ ഇന്ധനക്ഷമതാ സാക്ഷ്യ പത്രം ഇല്ല. ക്രമനമ്പർ 8,11,12,13,14 വാഹനങ്ങളുടെ ലോഗ് ബുക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഇന്ധന ഉപഭോഗം നിയന്ത്രണോദ്യോഗസ്ഥൻ എങ്ങനെ നിരീക്ഷിച്ചു എന്ന് വ്യക്തമല്ല.

2) 2020 ല കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റിയിലെ വാഹനങ്ങൾ കൈകാര്യം ചെയ്യേണ്ട വിധം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അവ പാലിക്കുന്നതിനുള്ള നടപടികൾ പൂർണ്ണമായും സ്വീകരിച്ചിട്ടില്ല. വാഹനങ്ങൾ സംബന്ധിച്ച ചട്ടം '4' ൽ പ്രതിപാദിക്കുന്ന റിപ്പയർ രജിസ്റ്റർ, സ്പെയർ പാർട്സുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഇന്ധന ഓയിൽ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

3)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(എം.എസ്)നം. 170/07/തസ്വഭവ തിയതി 30-06-2007പ്രകാരം ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച മുൻ അർദ്ധ വർഷത്തെ വാഹനം സംബന്ധിച്ച വരവ് ചെലവ് കണക്കുകളുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4)ലോഗ് ബുക്കിന്റെ വലതു ഭാഗത്തുള്ള ഫ്യുവൽ അക്കൗണ്ട് പൂരിപ്പിക്കുകയോ, വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ, വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ ആയതു സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5)ആറു മാസത്തിലൊരിക്കൽ ഫിറ്റ്നസ് ടെസ്റ്റ്, മൈലേജ് ടെസ്റ്റ്, പുക മലിനീകരണ സർട്ടിഫിക്കറ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ആയവ ലഭ്യമാക്കിയിട്ടില്ല.

6)ലോഗ് ബുക്കിൽ കോളം 14 നിയന്ത്രണോദ്യോഗസ്ഥൻ ഒന്നിൽ പോലും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/11.01.23 ന് മറുപടിയായി നിലവിലുള്ള വാഹനങ്ങളുടെ ലിസ്റ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

## 1-24 പി.എം.എ.വൈ-വികസന ഫണ്ട് പാഴാക്കി.

1) പ്രോജക്ട് നമ്പർ -253/23,
അടങ്കൽ -1,24,00000,
ചെലവ് -ഇല്ല.
ഫണ്ട് -വികസന ഫണ്ട്.

2) പ്രോജക്ട് നമ്പർ -168/23,(സ്പിൽ ഓവർ)
അടങ്കൽ -1,50,000,
ചെലവ് -1,50,000.( ബിൽ നമ്പർ-2/24.9.23)
ഫണ്ട് -വികസന ഫണ്ട്.

നഗരസഭയിൽ പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) പദ്ധതിക്കായി രണ്ട് പ്രോജക്ടുകളാണ് പ്രോജക്ട് ഓഫീസർ (നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ളത്. ഇതിലേക്കായി കേന്ദ്ര,സംസ്ഥാന,നഗരസഭാ വിഹിതങ്ങൾ, KURDFC വായ്പ എന്നിവയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ സുലേഖചെലവ് പത്രികയിൽ നഗരസഭാവിഹിതത്തിന്റെ വിശദാംശം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. പി.എം.എ.വൈ വരവ് ചെലവ് കണക്കുകൾ എഴുതിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഫണ്ടിനങ്ങളുടെ വരവ്- ചെലവ് കണക്കുകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

പ്രോജക്ട് ഓഫീസർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരവും സുലേഖ സ്റ്റേറ്റ് മെൻറ് പ്രകാരവും കേന്ദ്ര,സംസ്ഥാന വിഹിതങ്ങൾ, KURDFC വായ്പ എന്നീ ഇനങ്ങളിൽ തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 15/12.01.2024 ലൂടെ തുക ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി HUDCO ലോണിന്റെ തുക കിട്ടാത്തതുകൊണ്ടാണ് വികസന ഫണ്ട് ചെലവഴിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ വികസനഫണ്ട് പാഴാക്കിയത് മൂലം നഗരസഭ പി.എം.എ.വൈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നല്കുന്നില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പി.എം.എ.വൈ വിഹിതം അനുവദിച്ചതുമായി ബന്ധപ്പെട്ട ഡി.പി.ആർ. വാച്ച് രജിസ്റ്ററിൽ ബിൽവിവരം, ഫണ്ട് വിവരം എന്നിവ രേഖപ്പെടുത്താത്തതിനാൽ തുക നൽകുന്നത് കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടോയെന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല.

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-25 ലൈബ്രറി സെസിനത്തിൽ തുക ഒടുക്കുവാനവശേഷിക്കുന്നു.

ധനകാര്യപത്രിക പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ 2021-22, 2022-23 വർഷങ്ങളിലെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

| നീക്കിയിരിപ്പ് | 2021-22 | 2022-23 |
|---|---|---|
| | | |

| | | | |
|---|---|---|---|
| ബി | 9 | | |
| പ്രകാരം | | 59,05,413.15 | 52,07,030.15 |

സർക്കുലർ നം.10088/എൽ3/05/ത.സ്വ.ഭ.വ തീയതി 20.09.2005 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യഗഡു ഏപ്രിൽ 30നകവും രണ്ടാം ഗഡു നവംബർ 30നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തിയാൽ അത് നഗരസഭ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കേണ്ടതുമാണ്.

(എ) മേൽ പരാമർശിത ഉത്തരവ് പ്രകാരം ലൈബ്രറി കൌൺസിലിലേയ്ക്ക് ഒടുക്കേണ്ട തുക യഥാസമയം ഒടുക്കുവരുത്തേണ്ടതാണെന്നിരിക്കെ , വലിയ തുക നീക്കിയിരിപ്പായി അവശേഷിപ്പിച്ചിരിക്കുന്നതിന് കാരണം വ്യക്തമല്ല.

(ബി) ഏതു കാലയളവ് വരെയുള്ള തുകയാണ് 2022-23 വർഷം വരെ ലൈബ്രറി കൌൺസിലിലേയ്ക്ക് ഒടുക്കിയിട്ടുള്ളതെന്നും കുടിശ്ശിക കാലയളവ്, കുടിശ്ശിക തുക എന്നിവയുടെ വിവരങ്ങളും ലഭ്യമാക്കിയില്ല.

വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 35/17.01.2024) മറുപടി ലഭ്യമാക്കിയില്ല. ലൈബ്രറി സെസിനത്തിലെ തുക യഥാസമയം ഒടുക്കുവരുത്തേണ്ടതും കുടിശ്ശിക കാലയളവ് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-26 ലൈഫ് പദ്ധതിയ്ക്കായുള്ള അക്കൗണ്ടിൽ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു.

കാനറാബാങ്കിൽ നിലവിലുള്ള നഗരസഭ ബാങ്ക് അക്കൗണ്ടിന്റെ (അക്കൌണ്ട് നം 716132000015) സ്റ്റേറ്റ്മെന്റ് പ്രകാരം 3,24,940/-രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നു. പ്രസ്തുത അക്കൌണ്ട് ലൈഫ് Phase I പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ലൈഫ് മിഷന്റെ നിർദ്ദേശാനുസരണം തുകകൾ നിക്ഷേപിക്കുന്നതിനായി ആരംഭിച്ചിട്ടുള്ളതാണ് (അവലംബം- ഓഡിറ്റ് അന്വേഷണം നം 58/19.01.2024 ന് ലഭ്യമായ മറുപടി). പലിശയിനത്തിലെ തുക മാത്രമാണ് 2022-23 വർഷം ഈ അക്കൌണ്ടിൽ വരവായി ലഭ്യമായിരിക്കുന്നത്. പ്രസ്തുത അക്കൌണ്ടിലെ 2022-23 വർഷത്തെ വരവ് , ചെലവുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) കാനറ ബാങ്ക് - PMAY – 14 ( RP 40B Head Code – 450410600 ), ICICI Bank PFMS Pmay Life (RP 40B Head Code 450610140) എന്നീ അക്കൌണ്ടുകൾ മുഖേനയാണ് നിലവിൽ നഗരസഭയിൽ ലൈഫ് മിഷൻ/PMAY പദ്ധതികൾക്കായി ലഭിക്കുന്ന തുകകൾ കൈകാര്യം ചെയ്യുന്നത്. സുലേഖ ചെലവുപത്രിക പ്രകാരം 2022-23 വർഷം പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി പ്രോജക്ടുകളൊന്നും രൂപീകരിച്ചിട്ടുമില്ല . പ്രസ്തുത സാഹചര്യത്തിൽ കാനറാ ബാങ്ക് 716132000015 അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക ( 3,24,940/-രൂപ) തിരികെ ഒടുക്കാത്തതിന് കാരണം വ്യക്തമല്ല.

(ബി) നഗരസഭയുടെ രാജീവ് ഗാന്ധി നഗരഭരണ പദ്ധതിയിലുൾപ്പെട്ടിരുന്ന പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ലൈഫ് ഭവനപദ്ധതിയിലുൾപ്പെടുത്തി 2022-23 വർഷം മേൽ പരാമർശിത അക്കൌണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 80,000/- രൂപ (18.07.2022 തീയതിയിൽ 40,000/- രൂപ വീതം) പിൻവലിക്കുകയും ലഭ്യമായ അപേക്ഷയുടെ അടിസ്ഥാനത്തിൽ ശ്രീമതി സുധ കെ ( കാലുമുഖം വീട്, കീഴ്ക്കൊല്ല, അമരവിള) , ദീപ, വടക്കുംകര, അമരവിള എന്നീ ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തിരിക്കുന്നു. എന്നാൽ മേൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയ നഗരസഭ കൌൺസിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ശ്രീമതി സുധ.കെ, ശ്രീമതി ദീപ എന്നീ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ശുപാർശ ചെയ്ത ഭരണസമിതി തീരുമാനവും ലഭ്യമാക്കിയില്ല.

(സി) ഓഡിറ്റിന് ലഭ്യമാക്കിയ അപേക്ഷകളിൽ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്ഥലപരിശോധന റിപ്പോർട്ട് , ഭവനനിർമ്മാണത്തിന്റെ സ്റ്റേജ് റിപ്പോർട്ട് പൂർത്തിയാക്കാൻ ബാക്കിയുണ്ടായിരുന്ന വീടുപണിയുടെ വിവരങ്ങൾ, എസ്റ്റിമേറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

ഭവനനിർമാണം പൂർത്തിയാക്കിയതായുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിലെ വാസയോഗ്യസർട്ടിഫിക്കറ്റ്, റവന്യൂവിഭാഗം നൽകുന്ന കെട്ടിടനമ്പർ, അസസ്സ്മെന്റ് നോട്ടീസ് എന്നിവ ഹാജരാക്കുമ്പോഴാണ് നഗരസഭ പൂർത്തീകരണത്തിനുള്ള ധനസഹായം നഗരസഭയിൽ നിന്നും നൽകിവരുന്നതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 58/19.01.2024) മറുപടി ലഭ്യമാക്കിയത്.

എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസീയറിൽ നിന്നും സ്റ്റേജ് റിപ്പോർട്ട് വാങ്ങിയതിനുശേഷമാണ് ധനസഹായം നൽകിവരുന്നതെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് ഓഡിറ്റിൽ ഹാജരാക്കിയിരുന്നില്ല.

പരാമർശിത രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 ലൈബ്രറി ഗ്രാന്റ് - കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല- 23503/- രൂപ തടസ്സപ്പെടുത്തുന്നു.

വാർഷിക ധനകാര്യപത്രിക RP-6 പ്രകാരം ലൈബ്രറി ഗ്രാന്റിനത്തിൽ 23,520/- രൂപ 2022-23 വർഷം നഗരസഭയിൽ ലഭ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ (R4/10042/13) പരിശോധിച്ചതിൽ ലൈബ്രറിയ്ക്കായി ബുക്കുകൾ വാങ്ങിയയിനത്തിൽ 23,503/- രൂപ ചെലവായതായും നമ്പർ ചെക്ക് 219779/24.11.22 പ്രകാരം സെക്രട്ടറി ജില്ലാ ലൈബ്രറി കൗൺസിലിന് തുക നൽകിയതായും രേഖപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A) ബന്ധപ്പെട്ട ലെഡ്ജറിൽ (ഹെഡ് കോഡ് 160101200) വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് ബുക്ക് ചെയ്യുകയോ നീക്കിയിരിപ്പിന്റെ വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

B)തുകയുടെ കൈപ്പറ്റ് രസീത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 49/18.01.2024) ധനകാര്യപത്രികയിൽ ചെലവു രേഖപ്പെടുത്തിയതിന്റെ വിവരം അക്കൌണ്ട് സെക്ഷനിൽ നിന്നും ലഭിക്കുന്നതാണെന്നും തുകയുടെ കൈപ്പറ്റ് രസീത് ലൈബ്രറി കൌൺസിലിൽ നിന്നും ലഭിച്ചിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

ധനകാര്യപത്രികയിലെ അപാകതകൾ പരിഹരിച്ച് തുകയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കേണ്ടതുവരെ ചെലവുതുക 23,503/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 യോഗമിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല.

1995 ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 14 പ്രകാരം കൗൺസിൽ യോഗത്തിന്റെ മിനിട്സിന്റെ കരട്, യോഗം കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ സെക്രട്ടറി തയ്യാറാക്കി അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണെന്നും, സെക്രട്ടറി തയാറാക്കിയ യോഗത്തിന്റെ മിനിട്സ് അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് യോഗതീരുമാനങ്ങൾക്കനുസരണമായ തിരുത്തലുകളോടെയോ അല്ലാതെയോ അംഗീകരിച്ച് സെക്രട്ടറിയ്ക്ക് തിരിച്ചയക്കേണ്ടതാണെന്നും, അദ്ധ്യക്ഷൻ അംഗീകരിച്ച മിനിട്സ് സെക്രട്ടറിയ്ക്ക് ലഭിച്ച് 48മണിക്കൂറിനുള്ളിൽ കൌൺസിലിന്റെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതാണെന്നും, യോഗമിനിട്സ് മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയാലുടൻ ആയതിന്റെ കോപ്പി നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ മുനിസിപ്പൽ കൌൺസിൽ എടുത്ത ഭരണപരമായ തീരുമാനങ്ങൾക്ക് (സകർമ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം) ചട്ടപ്രകാരമുള്ള നിശ്ചിത സമയത്തിനകം അംഗീകാരം നൽകാത്തതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കൌൺസിൽ യോഗം ചേർന്ന തീയതി | മിനിട്സ് സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | മിനിട്സ് അദ്ധ്യക്ഷൻ അംഗീകരിച്ച തീയതി |
|---|---|---|
| 26.03.22 | 17.11.22 | 17.11.22 |
| 26.04.22 | 13.07.22 | 13.07.22 |
| 28.05.22 | 13.07.22 | 13.07.22 |
| 27.06.22 | 14.07.22 | 16.07.22 |
| 28.10.22 | 10.11.22 | 10.11.22 |
| 30.12.22 | 10.01.23 | 10.01.23 |

നിലവിൽ സകർമ സോഫ്റ്റ്വെയറിൽ Data Entry നടത്തുമ്പോൾ പലതെറ്റുകളും ഉണ്ടാകുന്നതിനാൽ കൌൺസിൽ മിനിട്സ് തയാറാക്കുമ്പോൾ Word ൽ Type ചെയ്ത് തയാറാക്കി സകർമയിലേയ്ക്ക് പകർത്തിയാണ് ചെയ്യുന്നതെന്നും ആയതിനാലാണ് മിനിട്സുകൾ നിശ്ചിത സമയത്തിനകം അംഗീകാരം നൽകാത്തതിനുള്ള കാരണമായി നഗരസഭയിൽ നിന്നും മറുപടി (ഓഡിറ്റ് അന്വേഷണം നം. 1/10.01.2024) ലഭ്യമാക്കിയത്. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച്, ഭാവിയിൽ യോഗമിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നേടുന്നതിനു ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-29 സ്കൂളുകളിൽ പ്രഭാത ഭക്ഷണം- മോണിറ്ററിംഗ് - ഫലപ്രദമല്ല

| പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ഫണ്ടിനം | ചെലവ് തുക | നിർവ്വഹണം |
|---|---|---|---|---|
| സ്കൂളുകളിൽ പ്രഭാത ഭക്ഷണം (244/23) | 2200000 | വികസന ഫണ്ട് | 2200000 | പ്രിൻസിപ്പൽ ഗവ. ഹയർസെക്കന്ററി സ്കൂൾ |

സ.ഉ (കൈ)നം-86/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 14(1) പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. ഖണ്ഡിക 14(3) പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി, പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം, നിർവ്വഹണ ഘട്ടത്തിൽ ഗുണമേൻമയോടെ നിറവേറ്റപ്പെട്ടിട്ടുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം- 12/2022-23 തീയതി-12.01.2024-ന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം പോലുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേൻമയോടെ നിറവേറ്റപ്പെട്ടിട്ടുണ്ടോ എന്ന് വർക്കിംഗ് ഗ്രൂപ്പ് നിരീക്ഷിക്കേണ്ടതും അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്.

## 1-30 ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത

| പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ഫണ്ടിനം | ചെലവ് തുക | ബിൽ നം/ തീയതി | നിർവഹണം |
|---|---|---|---|---|---|
| സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ (245/23) | 1500000 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 1500000 | 10/22-23<br>14.03.23<br>644740/-<br>14/22-23<br>27.03.23<br>855260/- | പ്രിൻസിപ്പൽ ഗവ. ഹയർസെക്കന്ററി സ്കൂൾ |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച 6 ടെണ്ടറുകളിൽ ഉപകരണങ്ങളുടെ ആകെ വിലയിൽ കുറവ് തുക ക്വാട്ട് ചെയ്ത നരിക്കോട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഫർണിച്ചറുകൾ വാങ്ങുകയും ചെയ്തു. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.18(4) പ്രകാരം ടെണ്ടറുകൾ തെരഞ്ഞെടുക്കുമ്പോൾ ഓരോ ഇനത്തിന്റെയും കുറഞ്ഞ നിരക്ക് പരിഗണിക്കേണ്ടതാണ്. ടി പദ്ധതി പ്രകാരം 12 ഇനം ഫർണിച്ചറുകൾ വാങ്ങിയതിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ മേൽ നിബന്ധന പാലിക്കാത്തതിനാൽ ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ വാങ്ങിയതിലൂടെ നഗരസഭയ്ക്ക് അധികമായി തുക ചെലവഴിക്കേണ്ടി വന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | ക്വാട്ട് ചെയ്ത തുക | | | വാങ്ങിയ നിരക്ക് | അധികമായി നൽകിയ തുക |
|---|---|---|---|---|---|---|
| | | നരിക്കോട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് | ഹൈടെക് ഇൻഡസ്ട്രീസ് | ആർട്ട്കോ | | |
| ഓഫീസ് മേശ | 4 | 11990 | 7776 | - | 11990 | 16856(4214x4) |
| ക്ലാസ്സ് മേശ | 22 | 6215 | 5841 | - | 6215 | 8228 (374x22) |
| എക്സിക്യൂട്ടീവ് ചെയർ | 5 | 5815 | - | 5209.7 | 5815 | 3030 (606x5) |
| ആകെ | | | | | | 28114 |

നരിക്കോട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ഇൻവോയിസ് പ്രകാരം (30/09.03.23, 38/22.03.2023) 12 ഇനം ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കുന്നതിനും, ടെണ്ടർ നടപടികളിലെ അപാകത സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണം നം- 09/2022-23 തീയതി 11.01.2024- ന് മറുപടി നൽകിയില്ല.സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.18(4) പ്രകാരം ടെണ്ടറുകൾ തെരഞ്ഞെടുക്കുമ്പോൾ ഓരോ ഇനത്തിന്റെയും കുറഞ്ഞ നിരക്ക് പരിഗണിക്കണമെന്ന നിബന്ധന പാലിക്കാതെ 6 ടെണ്ടറുകളിൽ ആകെ ഉപകരണങ്ങളുടെ വിലയിൽ കുറവ് തുക ക്വാട്ട് ചെയ്ത നരിക്കോട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതുമൂലം നഗരസഭയ്ക്ക് 28114/- രൂപ നഷ്ടമുണ്ടായി. സ്റ്റോർ പർച്ചേസ് മാന്വലിലെ നിബന്ധനകൾ കൃത്യമായി പാലിച്ച് വാങ്ങൽ നടപടികൾ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പ്രോജക്ട് ഫയലുകൾ ഹാജരാക്കിയില്ല ചെലവ് തുകയായ 21795506/-രൂപ തടസ്സപ്പെടുത്തുന്നു.

2022-23 സാമ്പത്തിക വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ട് ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട് | പ്രോജക്ടിന്റെ പേര് | അടങ്കൽ | ഫണ്ടിനം | ചെലവ് തുക |
|---|---|---|---|---|---|

| നം | നം | | തുക | | (സൂലേഖ പ്രകാരം) |
|---|---|---|---|---|---|
| 1. | 193/23 | എയ്റോബിൻ സ്ഥാപിക്കൽ (സ്പിൽ ഓവർ) | 8600000 | ധനകാര്യകമ്മീഷൻ അവാർഡ്-3586200 കേന്ദ്രാവിഷ്കൃത ഫണ്ട് – 30101000 സംസ്ഥാനാവിഷ്കൃത ഫണ്ട്-2003800 | 6023460 |
| 2 | 197/23 | ബയോകമ്പോസ്റ്റർ ബിന്നുകൾ (സ്പിൽ ഓവർ) | 10624320 | ധനകാര്യകമ്മീഷൻ അവാർഡ്-3337286 കേന്ദ്രാവിഷ്കൃത ഫണ്ട് – 4374720 സംസ്ഥാനാവിഷ്കൃത ഫണ്ട്-974880 | 6187046 |
| 3 | 188/23 | ബയോഡൈജസ്റ്റർ ബിന്നുകൾ (സ്പിൽ ഓവർ) | 12700000 | ധനകാര്യകമ്മീഷൻ അവാർഡ്-5295900 കേന്ദ്രാവിഷ്കൃത ഫണ്ട് – 4445000 സംസ്ഥാനാവിഷ്കൃത ഫണ്ട്-2959100 | 9525000 |
| 4. | 18/23 | എയ്റോബിൻ,ബയോഡൈജസ്റ്റർ ബിൻ എന്നിവയുടെ പരിപാലനവും ഇനോക്കുലം വാങ്ങലും | 500000 | ധനകാര്യകമ്മീഷൻ അവാർഡ്- | 60000 |

ഫയലുകൾ ഹാജരാക്കാത്തതിനാൽ ഓഡിറ്റ് റിക്വസിഷനും, (നം.1/2024 തീയതി 17.01.2024) ഓഡിറ്റ് അന്വേഷണവും (നം-18/22-23 തീയതി 19.01.2024) നൽകിയിരുന്നു. എങ്കിലും രേഖകളോ മറുപടിയോ നൽകിയിട്ടില്ല. ഫയലുകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 21795506/- തടസ്സപ്പെടുത്തുന്നു. ഫയലുകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ക്യാമറ സ്ഥാപിക്കൽ – മുൻകൂറായി നൽകിയ 247185/- രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/ തീയതി | നിർവഹണം |
|---|---|---|---|---|---|
| 398/23 | മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്താൻ ക്യാമറ സ്ഥാപിക്കൽ | 500000 | 247185 | 555/20.03.2023 | ഹെൽത്ത് ഓഫീസർ |

നഗരസഭാ പരിധിയിൽ വരുന്ന 4 പ്രധാനപ്പെട്ട സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടത് .അതിനായി കെൽട്രോൺ നൽകിയ 494370/- രൂപയുടെ പ്രോജക്ട് കോസ്റ്റ് അടങ്ങിയ പ്രൊപ്പോസൽ 27.02.2023-ലെ 28(10) ാം തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. 09.03.2023-ൽ കരാറിലേർപ്പെടുകയും വ്യവസ്ഥകൾ പ്രകാരം 50% തുകയായ 2,47,185/- രൂപ മുൻകൂറായി നൽകുകയുണ്ടായി.നിരീക്ഷണ ക്യാമറകൾ ലഭ്യമായതിന്റെ വിവരം (ഇൻവോയിസ് ഉൾപ്പെടെ) ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖകൾ, കെൽട്രോണിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം- 59/2022-23 തീ-19.01.2023-ന് മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ നൽകിയിട്ടും ക്യാമറസ്ഥാപിക്കാത്തതിനാൽ ചെലവ് തുകയായ 247185/ - രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 ആസൂത്രണം, നിർവ്വഹണം എന്നിവയിലെ അപാകങ്ങൾ മൂലം ലക്ഷ്യം കൈവരിക്കാത്ത പദ്ധതികളെ സംബന്ധിച്ച്.

**പദ്ധതി ആസൂത്രണം സംബന്ധിച്ച്.**

പതിനാലാം പദ്ധതി മാർഗ്ഗരേഖ പ്രകാരം (ഖണ്ഡിക 25, സ.ഉ(കൈ)നം:86/2022/ത.സ്വ.ഭ.വ. തീയതി: 19/4/2022) തദ്ദേശ സ്വയം ഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ (Status Report) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും (Thin Spread Of Resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കണം എന്ന് നിർദ്ദേശിച്ചിരുന്നു.

എന്നാൽ നെയ്യാറ്റിൻകര നഗരസഭ 2022-23 വർഷത്തിൽ നടപ്പിലാക്കിയ പല പ്രോജക്റ്റുകളും ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും കാര്യക്ഷമത ഇല്ലായ്മ മൂലം, പദ്ധതി ലക്ഷ്യം കൈവരിക്കാനാകാതെ വരികയും വിഭവങ്ങളുടെ പാഴ്ച്ചെലവിന് കാരണമാവുകയും ചെയ്തതായി കാണുന്നു.

ദീർഘകാല ലകക്ഷ്യത്തോടെയുള്ള പദ്ധതികൾ (Long Term Projects) ആവിഷ്കരിക്കുമ്പോൾ, പദ്ധതിയുടെ ലക്ഷ്യ സാക്ഷാത്കരണത്തിന് വരും വർഷങ്ങളിൽ ആവശ്യമായ തുടർച്ചെലവുകളെക്കുറിച്ച് കൂടി ചിന്തിക്കുകയും, അതനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ഇപ്രകാരം ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും കാര്യക്ഷമതയില്ലായ്മ മൂലം ലക്ഷ്യം കൈവരിക്കാനാവാത്ത പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ.**

**1) പദ്ധതി നം. : 248/23 , അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതി.**
**അടങ്കൽ – 200000/- (വികസന ഫണ്ട്)**

ചെലവ് തുക: 140733/-.

ബിൽ നം. : 18, തീയതി: 12/1/2023 പ്രകാരം 140733/- രൂപ അവിണാകുഴി സർവ്വീസ് സഹകരണ ബാങ്കിന് ഭക്ഷ്യ സാധനങ്ങളുടെ വിലയായി നൽകി.

ടീ പദ്ധതി പ്രകാരം 2022 ഡിസംബർമാസത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് 171 പേർക്ക് ഭക്ഷ്യവസ്തുക്കളും മറ്റും വിതരണം ചെയ്തതായി കാണുന്നു.

പതിനാലാം പദ്ധതി മാർഗ്ഗ രേഖ പ്രകാരം അതിദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൌകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ തുടങ്ങി എല്ലാവിധ ഘടകങ്ങളും ഉൾക്കൊള്ളിച്ച വേണം മൈക്രോപ്ളാനുകൾ തയ്യാറാക്കേണ്ടത്. എന്നാൽ നെയ്യാറ്റിൻകര നഗരസഭയിൽ ടി പദ്ധതി പ്രകാരം ക്രിസ്തുമസ്സിനോടനുബന്ധിച്ച് കേക്കും മറ്റ് ഭക്ഷ്യ വസ്തുക്കളും ഒറ്റത്തവണ വിതരണം ചെയ്തത് കൂടാതെ സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള സമഗ്രമായ ദാരിദ്ര നിർമ്മാർജ്ജന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടില്ല. അതിദാരിദ്ര നിർമ്മാർജ്ജനത്തിനായി സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

**2)പദ്ധതി നം. 225/23, വാതിൽപ്പടി സേവനം തുക തടസ്സപ്പെടുത്തുന്നു. രൂപ 2ലക്ഷം**
**അടങ്കൽ – 200000/- (വികസന ഫണ്ട്)**

ചെലവ് തുക: 200000/- .

[ബിൽ നം. : 25, തീയതി: 6/3/2023 പ്രകാരം 110551/- രൂപ.

ബിൽ നം. : 30, തീയതി : 27/3/2023 പ്രകാരം 89449/-രൂപ (46300+43149)].

ടി പദ്ധതി പ്രകാരം 2 ലാപ്പ്ടോപ്പുകൾ, 1 പ്രിന്റർ, ബയോമെട്രിക്ക് സ്കാനർ, ക്യാമറ, വൈറ്റ് സ്ക്രീൻ മുതലായ ഉപകരണങ്ങൾ വാങ്ങുകയും ഇവയ്ക്കായി ചെലവഴിച്ച 156851/-രൂപ കിഴിച്ച് ബാക്കി 43149/- രൂപ ചെയർമാന്റെ പേരിലുള്ള ബാങ്ക് അക്കൌണ്ടി (നം-163357) ലേക്ക് മാറ്റുകയുംചെയ്തു.

സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്ക്, സർക്കാർ സേവനങ്ങൾ നേരിട്ട് എത്തിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ മെഷീനും അനുബന്ധ സാമഗ്രികളും വാങ്ങിയത് കൂടാതെ വോളന്റീയർമാർക്ക് പരിശീലനം നൽകിയതായൊ, വാതിൽപ്പടി സേവനങ്ങൾ നൽകിയതായൊ കാണുന്നില്ല. ആയതിനാൽ വിഭാവനംചെയ്ത പദ്ധതി പ്രകാരമുള്ള ലക്ഷ്യം കൈവരിച്ചില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/16.1.2024) , 2023-24 വർഷത്തിൽ വാതിൽപ്പടി സേവനത്തിന് പ്രോജക്റ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും, ചെയർമാന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റിയ തുകയ്ക്ക് പ്രവർത്തനങ്ങൾ നടപ്പിലാക്കി UC ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർപ്രവർത്തനങ്ങളെ സംബന്ധിക്കുന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനക്ഷമമാകാത്തതിനാൽ ചെലവ് തുക താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു.

**3)പദ്ധതി നം. 21/23, നഗര പ്രദേശങ്ങളിൽ സൌജന്യ വൈഫൈ (സ്പിൽ ഓവർ). തുക തടസ്സപ്പെടുത്തുന്നു – 67997/-രൂപ**
**അടങ്കൽ – 300000/- തനത് ഫണ്ട്**

ചെലവ് തുക: 67997/- .

വൗച്ചർ നം : 30, തീയതി: 31/ /2022(തനത് ഫണ്ട്).

നഗരത്തിലെ അഞ്ച് സ്ഥലങ്ങളിൽ (മുൻസിപ്പൽ ഓഫീസ്, ബസ് സ്റ്റാൻഡ്, ജില്ലാ ആശുപത്രി, സിവിൽ സ്റ്റേഷൻ, മുൻസിപ്പൽ സ്റ്റേഡിയം) പൊതുജനങ്ങൾക്കായി BSNL മുഖേന സൌജന്യ വൈഫൈ നൽകാൻ വിഭാവനം ചെയ്ത ടീ പദ്ധതിക്കായി 9/4/2022 ൽ BSNL 91252/- രൂപയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇതനുസരിച്ച് 8/11/2022 ൽ BSNL ലുമായി നഗരസഭ കരാറിൽ എർപ്പെടുകയും BSNL ആവശ്യപ്പെട്ട ഉപകരണങ്ങൾ ക്വട്ടേഷൻ മുഖാന്തരം SM Soft Computer എന്ന സ്ഥാപനത്തിൽ നിന്നും 67997/- രൂപ മുടക്കി വാങ്ങുകയും ചെയ്തു. എന്നാൽ നാളിതുവരെ വൈഫൈ

സംവിധാനം BSNL ഒരുക്കിയിട്ടില്ല. ഇതുസംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/16.1.2024) ഓഫീസ് പരിസരത്ത് വൈഫൈ സൌകര്യം ഒരുക്കിയിട്ടുണ്ടെന്നും, മറ്റ് സ്ഥലങ്ങളിൽ വൈഫൈ സൌകര്യം ഏർപ്പെടുത്താൻ റീചാർജ്ജ് സിം എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നേരിട്ടുള്ള സ്ഥല പരിശോധനയിൽ 5 സ്ഥലത്തും നിലവിൽ വൈഫൈ സൌകര്യം ലഭ്യമല്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാ എന്ന് കാണുന്നു. ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനക്ഷമമാകാത്തതിനാൽ ചെലവ് തുക താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു.

**4)പദ്ധതി നം. 379/23, മൊബൈൽ മോർച്ചറി യൂണിറ്റ്. തുക തടസ്സപ്പെടുത്തുന്നു 120360/-**

അടങ്കൽ – 121000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക: 120360/-.

Payment Advice No. :32363232655 Dtd: 26.3.2023.

ജനങ്ങൾക്ക് മൊബൈൽ മോർച്ചറി യൂണിറ്റിന്റെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിച്ച് വിഭാവനം ചെയ്ത ടി പദ്ധതി പ്രകാരം Cool Lab, Cochiഎന്ന സ്ഥാപനത്തിൽ നിന്നും 120360/-രൂപ ചെലവിൽ ഒരു മൊബൈൽ ഫ്രീസർ യൂണിറ്റ് വാങ്ങി നഗരസഭ ഓഫീസ് പരിസരത്ത് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ എത്ര പേർക്ക് ടി സേവനം നൽകി, നിശ്ചയിച്ചിരിക്കുന്ന ഫീസ് നിരക്ക് എത്ര, എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.31 തീയതി 16.01.2024) നൽകിയ മറുപടിയിൽ 2500/-രൂപയാണ് നിലവിൽ നിശ്ചയിച്ചിരിക്കുന്ന വാടക എന്നും, എന്നാൽ ജനറേറ്റർ കൂടി വാങ്ങിയാൽ മാത്രമെ മൊബൈൽ മോർച്ചറി ജനങ്ങൾക്ക് വാടകയ്ക്ക് നൽകാനാവൂ എന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. ജനറേറ്റർ വാങ്ങി യൂണിറ്റ് പ്രവർത്തന ക്ഷമമാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പദ്ധതി പ്രവർത്തനക്ഷമമാകുന്നതുവരെ ചെലവ് തുക താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.

## 1-34 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. തുക തടസ്സപ്പെടുത്തുന്നു. രൂപ 269748/-

നിർവഹണ ഉദ്യോഗസ്ഥൻ – ഹെൽത്ത് ഓഫീസർ

| പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ഫണ്ടിനം | ചെലവ് തുക | ബിൽ നം/ തീയതി |
|---|---|---|---|---|
| നഗരസഭയിലെ പൊതു സ്ഥലങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ(426/23) | 300000 | ധനകാര്യകമ്മീഷൻ അവാർഡ് | 299720 | 691/30.03.2023 |

നഗരസഭയിലെ പൊതു സ്ഥലങ്ങളിൽ വാട്ടർ കിയോസ്കുകൾ മുഖേന 5 രൂപ നിരക്കിൽ കുടിവെള്ളം നൽകുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത COFBA Net Works എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും (30.01.2023 ലെ തീരുമാനം നം- 9/9 ) 10 വാട്ടർ കിയോസ്കുകൾ വാങ്ങുകയും ചെയ്തു (ഇൻവോയിസ് നം -B01 /20.03.2023). പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പദ്ധതിപ്രകാരം വാങ്ങിയ കിയോസ്കുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചതിന്റെ റിപ്പോർട്ടോ, മോണിറ്ററിംഗ് റിപ്പോർട്ടോ,സ്റ്റോക്കിലെടുത്തതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് ടീം നഗരസഭാ ഹെൽത്ത് ജീവനക്കാരോടൊപ്പം നേരിട്ട് സ്ഥലപരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ കണ്ടെത്തിയ കിയോസ്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം- | വാട്ടർ കിയോസ്കുകൾ സ്ഥാപിച്ച സ്ഥലം /സ്ഥാപനം | എണ്ണം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മുനിസിപ്പാലിറ്റി | 2 | 1 എണ്ണം പ്രവർത്തനക്ഷമമല്ല<br>1 എണ്ണം ഇൻസ്റ്റാൾ ചെയ്തിട്ടില്ല |
| 2 | ജനകീയ ഹോട്ടൽ വഴിമുക്ക് | 1 | പ്രവർത്തനക്ഷമമല്ല |
| 3 | തലയൽ വെൽഫയർ സഹകരണസംഘം ആറാല്യംമൂട് | 1 | ഇൻസ്റ്റാൾ ചെയ്തിട്ടില്ല |
| 4 | ആയുർവേദാശുപത്രി മൂന്നുകല്ലിൻമൂട് | 1 | പ്രവർത്തനക്ഷമമാണ് |
| 5 | ജനറൽ ആസുപത്രി നെയ്യാറ്റിൻകര | 1 | പ്രവർത്തനക്ഷമമല്ല |

| | | | |
|---|---|---|---|
| 6 | ജനകീയ ആരോഗ്യകേന്ദ്രം കുളത്താമൽ | 1 | ഇൻസ്റ്റാൾ ചെയ്തിട്ടില്ല |
| 7 | അക്ഷയ കോംപ്ലക്സ് | 1 | പ്രവർത്തനക്ഷമമല്ല |
| 8 | ടി.ബി ജംഗ്ഷൻ നെയ്യാറ്റിൻകര | 1 | പ്രവർത്തനക്ഷമമല്ല |
| ആകെ | | 9 | |

10 വാട്ടർ കിയോസ്കുകൾ വാങ്ങിയതിൽ 9 എണ്ണം മാത്രമെ ഓഡിറ്റിന്റെ നേരിട്ടുള്ള പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടുള്ളു.

2023 മാർച്ച് 23-ന് COFBA Net Works മായി ഏർപ്പെട്ട കരാറിന്റെ കാലാവധി 3 വർഷമാണ്. കരാർ പ്രകാരം മുനിസിപ്പാലിറ്റി നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുകയും, കിയോസ്കുകളുടെ പരിപാലനവും (ക്ലീനിംഗ് നടത്തി വെള്ളം ലഭ്യമാക്കുന്നതുൾപ്പെടെ) പ്രസ്തുത കമ്പനി തന്നെ നിർവ്വഹിക്കുന്നതാണെന്നും, വാട്ടർ കിയോസ്കുകൾ മുഖേന ലഭ്യമാകുന്ന തുകയുടെ 5% മുനിസിപ്പാലിറ്റിക്ക് നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പ്രസ്തുത വ്യവസ്ഥകൾ പാലിച്ചിട്ടില്ല. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം- 30/2022-23 ന് മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ ടി പ്രോജക്ടിന്റെ പ്രവർത്തനക്ഷമമായ ഒരു കിയോസ്ക് ഒഴികെ ബാക്കിയുള്ളതിന്റെ ചെലവ് തുകയായ 269748/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്ഥലപരിശോധനയിൽ മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കി എന്ന് കണ്ടെത്താൻ സാധിക്കാത്ത ഒരു വാട്ടർ കിയോസ്ക് കണ്ടെത്തി വിവരം അറിയിക്കുകയും പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ കിയോസ്കുകൾ കരാർ വ്യവസ്ഥ പ്രകാരം പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-35 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘീകരണം-പിഴ ഈടാക്കിയില്ല

ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്നിട്ടും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എസി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/ നമ്പർ | സൈറ്റ് ഹാന്റോവർ ചെയ്ത തീയതി | പ്രവൃത്തി പൂർത്തിയാക്കാനായി അനുവദിച്ച കാലയളവ് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | അടങ്കൽ തുക(രൂപ) | ചെലവ് തുക (രൂപ) | നിർവഹണം |
|---|---|---|---|---|---|---|
| 90/22-23, നെയ്യാറ്റിൻകര ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള അമിനിറ്റി സെന്റർ | 31.03.2022 | 6 മാസം | 28.12.2022 (എം ബുക്ക് നമ്പർ 153 പേജ് നമ്പർ 59) | 1000000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 766204 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 82/22-23 പകൽവീട് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 06.12.2021 | 6 മാസം | 21.10.2022 (എം ബുക്ക് നമ്പർ 71 പേജ് നമ്പർ 14) | 796000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 789660 | |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.39/17.01.2024 നുള്ള മറുപടിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നത് കരാറുകാരന്റെ ഭാഗത്തെ വീഴ്ചയല്ലാത്തതിനാൽ പിഴ ഈടാക്കിയില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ പൂർത്തീകരണം വൈകുന്ന സാഹചര്യങ്ങളിൽ, ആയതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തേണ്ടതും, കരാറുകാരന്റെ വീഴ്ച മൂലം പൂർത്തീകരണം വൈകുന്ന സാഹചര്യങ്ങളിൽ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

## 1-36 പെർഫോമൻസ് ഗ്യാരന്റിയായി സമർപ്പിച്ചിട്ടുള്ള ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റുകളുടെ കാലാവധി ഡിഫക്ട് ലയബിലിറ്റി പീരിയഡിനെക്കാൾ കുറവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ ചുവടെ പറയുന്ന പ്രവൃത്തിക്ക് പെർഫോമൻസ് ഗ്യാരന്റിയായി സമർപ്പിച്ചിട്ടുള്ള ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റുകളുടെ കാലാവധി ഡിഫക്ട് ലയബിലിറ്റി പീരിയഡിനെക്കാൾ കുറവാണ്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് | ഡിഫക്ട് ലയബിലിറ്റി |
|---|---|---|

| | കാലാവധി | പീരിയഡ് |
|---|---|---|
| 90/ ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ-അമിനിറ്റി സെന്റർ | നമ്പർ- JL1772488<br>735 ദിവസം | 60 മാസം |

പി.ഡബ്ല്യു.ഡി മാനുവൽ ഖണ്ഡിക 2009-7 പ്രകാരം പെർഫോമൻസ് ഗ്യാരന്റിയുടെ കാലാവധി ഡിഫക്ട് ലയബിലിറ്റി പീരിയഡ് കഴിഞ്ഞ് 28 ദിവസം കൂടി കാലാവധി ഉള്ളതാവണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിനാൽ പെർഫോമൻസ് ഗ്യാരന്റിയായി സമർപ്പിച്ചിട്ടുള്ള ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റുകളുടെ കാലാവധി ഡിഫക്ട് ലയബിലിറ്റി പീരിയഡ് ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം. 75/22.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-37 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ എക്സ്ട്രാ ഐറ്റം ആയി ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തിയാക്കുന്നു

ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റിലോ റിവൈസ്ഡ് എസ്റ്റിമേറ്റിലോ ഉൾപ്പെടാതെ നിരവധി ഇനങ്ങൾ എക്സ്ട്രാ ഐറ്റമായി ഉൾപ്പെടുത്തി പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്/ പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് തുക | എക്സ്ട്രാ ഐറ്റമായി ഉൾപ്പെടുത്തിയ ഇനങ്ങളുടെ എണ്ണം | എക്സ്ട്രാ ഐറ്റമായി ഉൾപ്പെടുത്തിയ ഇനങ്ങൾക്കുള്ള ആകെ ചെലവ് |
|---|---|---|---|---|
| 90/നെയ്യാറ്റിൻകര ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള അമിനിറ്റി സെന്റർ | 1000000 | 766204 | 44 | 340456.80 |
| 113-ആലുംമൂട് ഈഴക്കുളം നവീകരണം | 1500000 | 1494281 | 5 | 729329.19 |
| 41-പകൽവീട് നവീകരണം | 788527 | 788527 | 14 | 527069.09 |

എക്സ്ട്രാ ഐറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ,ടെക്നിക്കൽ സാങ്ഷൻ ഓർഡറുകൾ റിവൈസ് ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല.ഇത്തരത്തിൽ വലിയ ചെലവുള്ള പ്രവൃത്തി ഇനങ്ങൾ എക്സ്ട്രാ ഐറ്റങ്ങളായി ഉൾപ്പെടുത്തുന്നതിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.74/22.01.2024 ന് മറുപടി ലഭ്യമാക്കിയില്ല.അംഗീകരിക്കപ്പെട്ട ഡിസൈനിൽ നിന്ന് പ്രധാനപ്പെട്ട സ്ട്രക്ചറൽ മാറ്റങ്ങൾ ഉണ്ടാകുകയോ സാങ്കേതികാനുമതി തുകയെക്കാൾ 5% ചെലവ് വർദ്ധിക്കുകയോ ചെയ്താൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് പി.ഡബ്ല്യു.ഡി മാനുവലിൽ വ്യക്തമാക്കിയിട്ടുണ്ട്.ആയതിനാൽ സ്ട്രക്ചറൽ മാറ്റങ്ങൾ ഉണ്ടാകുകയോ സാങ്കേതികാനുമതി തുകയെക്കാൾ 5% ചെലവ് വർദ്ധിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 ടെണ്ടർ ഫീ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷം 223 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.ഇ-ടെണ്ടർ മുഖേന പ്രവൃത്തികൾ നടപ്പിലാക്കിയതിനാൽ ടെണ്ടർ ഫീ ആയി സ്വീകരിക്കേണ്ട തുക 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ

ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. 2022-23 സാമ്പത്തിക വർഷം പൂർത്തിയാക്കിയ 223 പ്രവൃത്തികളിൽനിന്നായി 190966 രൂപ കളക്ട് ചെയ്തിട്ടുണ്ടെന്നും തുക തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ലെന്നും ഓഡിറ്റ് അന്വേഷണം.78/23.01.2024 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.മുനിസിപ്പാലിറ്റി എൻജിനീയറിംഗ് വിഭാഗം ഹെഡിന്റെ പേരിൽ ടെണ്ടർ ഫീ ആയി സ്വീകരിക്കേണ്ട തുക നിക്ഷേപിക്കുന്ന അക്കൗണ്ട് ആരംഭിക്കണമെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫീ ആയി കളക്ട് ചെയ്തിട്ടുള്ള തുക ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 മാറ്റിയ മണ്ണിന്റെ അളവ് കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി-3956/- രൂപയുടെ അധിക ചെലവ്

പ്രോജക്ട് നം , പേര് - 444/2022-23, കളത്തുവിള വാർഡിൽ പൂവൻവിള കൈതക്കുളം തോട് സംരക്ഷണം

അടങ്കൽ - 715912 ധനകാര്യ കമ്മിഷൻ അവാർഡ്

ചെലവ് - 715302 (ബിൽ നമ്പർ.435/20.02.2023)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

എം ബുക്ക് നം - ഇ.എം.ബുക്ക് LSGD/CELSGD/EST/51532/2022

മേൽ പ്രവൃത്തിയിൽ Earth Work Excavation എന്ന ഇനത്തിൽ 16.585m3 മണ്ണ് മാറ്റിയിട്ടുണ്ടെങ്കിലും Filling Contractor Own Earth എന്ന ഇനത്തിൽ നിന്ന് മേൽപ്പറഞ്ഞ 16.585$m^3$ മണ്ണ് കുറവ് ചെയ്യാതെ 105.575$m^3$ (10% കൺസോളിഡേഷൻ കുറവ് ചെയ്തുള്ള അളവ്) മണ്ണ് നിക്ഷേപിച്ചതിനായി 265.06 രൂപ നിരക്കിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

| എം ബുക്ക് ക്രമ നമ്പർ 1.001 പ്രകാരമുള്ള 11.1.1.1 Earth Work Excavation എന്ന പ്രവൃത്തിയിലെ ഇനത്തിൽ മാറ്റിയ മണ്ണിന്റെ അളവ് | എം ബുക്ക് ക്രമ നമ്പർ 1.005 പ്രകാരമുള്ള OD101837/2022-23 Filling Contractor Own Earth എന്ന പ്രവൃത്തിയിലെ ഇനത്തിൽ കരാറുകാരൻ ഫിൽ ചെയ്ത മണ്ണിന്റെ അളവ്,അനുവദിച്ചനിരക്ക് | നിക്ഷേപിക്കാമായിരുന്ന മാറ്റിയ മണ്ണിന്റെ 10% കൺസോളിഡേഷൻ കുറവ് ചെയ്തുള്ള മണ്ണിന്റെ അളവ്,മൂല്യം | കരാറുകാരന് അധികം നൽകിയ തുക |
|---|---|---|---|
| 16.585m3 | 105.575,<br>265.06/M3 | 14.926m3(16.585-1.658)<br>3956.28(14.926*265.06) | 3956 |

അധികമായി അനുവദിച്ച 3956/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ആയുർവേദ ആശുപത്രിക്ക് ഉപകരണം വാങ്ങൽ - ഓട്ടോസ്കോപ്പ് ലഭ്യമായില്ല - ചെലവു തുക 25855/-രൂപ തടസ്സപ്പെടുത്തുന്നു

ആയുർവേദ ആശുപത്രിയിലെ സ്പെഷ്യാലിറ്റി ഓ.പി- ക്ക് ആവശ്യമായ ഓട്ടോറിഫ്രാക്ടോമീറ്റർ, ഓട്ടോസ്കോപ്പ് എന്നീ ഉപകരണങ്ങൾ വാങ്ങുക എന്നതാണ് പദ്ധതി. ഓട്ടോറിഫ്രാക്ടോമീറ്റർ എന്ന ഉപകരണത്തിലൂടെ കമ്പ്യൂട്ടറൈസ്ഡ് കാഴ്ച പരിശോധനയും ഓട്ടോസ്കോപ്പ് എന്ന ഉപകരണം ഉപയോഗിച്ച് ചെവിക്കുള്ളിൽ ഉണ്ടാകുന്ന രോഗങ്ങളെ മനസിലാക്കാനും ചികിൽസ നിർദ്ദേശിക്കാനും സാധ്യമാകുന്നു. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | 396/23 |
| പദ്ധതിയുടെ പേര് | ആയുർവേദ ആശുപത്രിയിലെ സ്പെഷ്യാലിറ്റി ഓ.പി(നേത്ര) ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | 325000/-(മെയിന്റനൻസ് റോഡിതരം) |
| ചെലവായ തുക | 314480/- |

| | |
|---|---|
| ബിൽ നമ്പർ/ തീയതി | BRN 22020247086401132345 Dt. 06/02/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ( ആയുർവേദം) |

ആയുർവേദ ആശുപത്രിയുടെ ആവശ്യത്തിനായി വാങ്ങിയ Autorefractometer, Ottoscope എന്നീ ഉപകരണങ്ങൾ ലഭ്യമായതിന്റെയും സ്റ്റോക്കിൽ എടുത്തതിന്റെയും വിശദാംശങ്ങൾ , 2022-23 വർഷത്തിൽ ഈ ഉപകരണങ്ങൾ ഉപയോഗിച്ച് നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ, Installation Report & Monitoring Report എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.28 /23 തീ.16.01.24) ഓട്ടോറിഫ്രാക്ടോമീറ്റർ 08.03.23 ന് ലഭിക്കുകയും അന്നുമുതൽ കാര്യക്ഷമമായി ഉപയോഗിച്ചു വരുന്നുവെന്നും എന്നാൽ ഓട്ടോസ്കോപ്പ് KMSCL – ൽ നിന്നും ലഭിച്ചിട്ടില്ലായെന്നും ആദ്യം സപ്ലൈ ചെയ്യാമെന്ന് (25855/- രൂപയ്ക്ക്) കരാർ ചെയ്ത സ്ഥാപനം പിൻമാറുകയും മറ്റൊരു സ്ഥാപനത്തിൽ നിന്നും കൂടുതൽ തുകയ്ക്ക്( 29945/- രൂപ ) വാങ്ങി നൽകാമെന്നും ആവശ്യമായ അധികം തുക കൂടി(4090/-) നൽകിയാൽ മതിയെന്ന കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ HMC ഫണ്ടിൽ നിന്നും അധിക തുക നൽകി ഉപകരണം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുവെന്നും മറുപടി നൽകി. ഉപകരണം ലഭ്യമാകാത്തതിനാൽ ചെലവ് തുകയായ 25855/- രൂപ തടസ്സം ചെയ്യുന്നു. ഉപകരണം ലഭ്യമായാൽ സ്റ്റോക്കിൽ എടുത്ത് ആയതിന്റെ Installation Report & Monitoring Report എന്നിവ സഹിതം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 സ്ത്രീ പദവി പഠനം-റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

നിർഹവണ ഉദ്യോഗസ്ഥ – ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ
പദ്ധതിയുടെ പേര്-സ്ത്രീ പദവി പഠനം-പെണ്ണടയാളങ്ങൾ
പദ്ധതിയുടെ പേര് -276/23,
പദ്ധതി അടങ്കൽ -95,000/(വികസനഫണ്ട്)
പദ്ധതിയുടെ ചെലവ് -13,500/
ബിൽ നമ്പർ/തിയതി -25/22-23 .Rs13,300/
-33/22-23 ,Rs 200/

നഗരസഭയെ ലിംഗ പദവി സൗഹൃദമാക്കുന്നതിനും, സ്ത്രീകളുടെ അവസ്ഥയും, പ്രശ്നങ്ങളും, ആവശ്യങ്ങളും മനസിലാക്കുന്നതിനും വേണ്ടി സ്ത്രീ പദവി പഠനം നടത്തുന്നതിനായി വേണ്ടി രൂപീകരിച്ച പ്രോജക്ടാണിത്. നഗരസഭയുടെ വിവിധ പ്രദേശങ്ങളിലെ സ്ത്രീകളുടെ നിലവിലെ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ അവസ്ഥ സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഡാറ്റാ എന്യൂമറേറ്റർമാരെ നിയമിച്ചിരുന്നു. നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (57/19.01.2024) മറുപടിയായി 2022-23 സാമ്പത്തിക വർഷം ജില്ലാതലത്തിൽ നിന്നുള്ള ക്രോഡീകരിച്ച റിപ്പോർട്ട് ലഭിച്ചില്ലായിരുന്നുവെന്നും, ജില്ലയിൽ നിന്നും റിപ്പോർട്ട് ലഭ്യമായാൽ ജില്ലാതലത്തിൽ റിപ്പോർട്ട് പ്രകാശനം ചെയ്ത ശേഷം, നഗരസഭയിലും റിപ്പോർട്ട് പ്രകാശനം ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം- പദ്ധതി പൂർത്തീകരിച്ചില്ല - 26265/-രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ഫണ്ടിനം | ചെലവ് തുക | നിർവ്വഹണം |
|---|---|---|---|---|
| മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (183/23) (സ്പിൽ ഓവർ) | 775390 | 4655000 കേന്ദ്രാവിഷ്കൃത ഫണ്ട് + 309890 സംസ്ഥാനാവിഷ്കൃത ഫണ്ട് | 118523 കേന്ദ്രാവിഷ്കൃത ഫണ്ട് | ഹെൽത്ത് ഓഫീസർ |

സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഖരമാലിന്യപരിപാലനത്തിന് വേണ്ടി 2019-20 സാമ്പത്തിക വർഷത്തിൽ 15,00,000/- രൂപ വകയിരുത്തി തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. നഗരസഭാ

കാര്യാലയത്തിന്റെ മുന്നിലും പിന്നിലും ഉള്ള സ്ഥലത്ത് രണ്ട് എം.സി.എഫ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. ഇതിന് 29.07.2019-ലെ സാധാരണ കൌൺസിൽ 25(4)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.റ്റി.സി തയ്യാറാക്കിയ 936600/- രൂപയുടെ 2 എസ്റ്റിമേറ്റുകൾ (എം.സി.എഫ്-1:336455/- രൂപ ,എം.സി.എഫ്-2 : 600145/- രൂപ) മുൻസിപ്പൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് സാങ്കേതികാനുമതി (ടി.എസ് നം- 161, 162)നൽകുകയുണ്ടായി.വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് 29.01.2020-ൽ ഐ.ആർ.റ്റി.സിയുമായി ധാരണപത്രം ഒപ്പ് വയ്ക്കുകയും കരാർ പ്രകാരം കരാർ തുകയുടെ (936600 ) 50% തുകയായ 468301/- രൂപ 13.02.2020-ൽ നൽകുകയുണ്ടായി. കരാർ പ്രകാരം പരമാവധി 6 മാസകാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. രണ്ട് എം.സി.എഫ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിരുന്നുവെങ്കിലും ഒരു യൂണിറ്റ് മാത്രമെ പൂർത്തീകരിച്ചിട്ടുള്ളു. ആയതിന് നിർവ്വഹണ ഏജൻസിക്ക് തൻവർഷം 92,258/- രൂപയാണ് നൽകിയിട്ടുള്ളത്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ടി പദ്ധതി ചെലവ് 118523/- രൂപയാണ് . ഓഡിറ്റിന് ലഭ്യമാക്കിയത് 92258/- രൂപയുടെചെലവ് രേഖകൾ മാത്രമാണ്. ബാക്കി തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനും, രണ്ടാമത്തെ യൂണിറ്റ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ ഓഡിറ്റിനെ അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം-18/2023 തീയതി 16.01.2024 -ന് മറുപടി ലഭ്യമാക്കിയില്ല.കരാർ പ്രകാരം പൂർത്തിയാക്കേണ്ട എം.സി.എഫ് യൂണിറ്റ് പൂർത്തീയാക്കാത്തതിന് വിശദീകരണം നൽകേണ്ടതും ഹാജരാക്കാൻ അവശേഷിക്കുന്ന 26265/- (118523-92258) രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 26265/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-43 ക്യാമറ സ്ഥാപിക്കൽ- പ്രവൃത്തി മൂല്യനിർണ്ണയം നടത്താതെ നിർവ്വഹണ ഏജൻസിക്ക് തുക നൽകി.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/ തീയതി | നിർവ്വഹണം |
|---|---|---|---|---|---|
| 191/23 | മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്താൻ ക്യാമറ സ്ഥാപിക്കൽ (സ്പിൽ ഓവർ) | 500000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 500000 | 692/30.03.23 | ഹെൽത്ത് ഓഫീസർ |

പ്രസ്തുത പ്രോജക്ട് പ്രകാരം നഗരസഭാ പ്രദേശങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിനായി KEL- മുഖേന വാങ്ങിയ നിരീക്ഷണ ക്യാമറകൾ ഓഫീസിന് സമീപത്തുള്ള ജെ.ബി.എസ് സ്കൂൾ പരിസരത്ത് സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്കായി KEL നൽകിയ ഇൻവോയിസ് (14/02/ KEL തീ 13.02.23) പ്രകാരം 6 Core OFC Cable , 14 Stay Wire Coil CCT എന്നിവ ഓരോന്നും 1250 മീറ്റർ ഉപയോഗിച്ചതിന് യഥാക്രമം ആവശ്യപ്പെട്ട 136250/-രൂപ, 15125/- രൂപ എന്നിവ ടി ബിൽ പ്രകാരം നൽകിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ മോണിറ്റർ പ്രവർത്തന ക്ഷമമല്ലായെന്നും, നിരീക്ഷണ ക്യാമറകളുടെ മോണിറ്ററിംഗിനായി സ്ഥാപിച്ചിട്ടുള്ള മോണിറ്ററും നിരീക്ഷണ ക്യാമറയും തമ്മിൽ ഏകദേശം 150 മീറ്റർ മാത്രമാണ് ദൂരമെന്നും ബോധ്യപ്പെടുകയുണ്ടായി. എന്നാൽ KEL നൽകിയ ഇൻവോയിസ് പ്രകാരം ഈ പ്രവൃത്തിക്കായി 1250 മീറ്റർ 6 Core OFC Cable , 14 Stay Wire Coil CCT എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ 1250 മീറ്റർ OFC കേബിളും, Stay- വയറും ഉപയോഗിക്കേണ്ട ആവശ്യകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം- 60/2022-23 തീയതി 19.01.2024-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടി പ്രവൃത്തിക്കായി യഥാർത്ഥത്തിൽ ഉപയോഗിച്ച OFC കേബിളിന്റേയും, Stay- വയറിന്റേയും അളവ് സാങ്കേതിക വിദഗ്ധരെ കൊണ്ട് പരിശോധിപ്പിക്കേണ്ടതും അധിക ദൂരം കേബിളിന് തുക നൽകാനിടയായിട്ടുണ്ടെങ്കിൽ ഈയിനത്തിൽ KEL നൽകിയ അധിക തുക തിരികെ ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത മോണിറ്റർ പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്

## 1-44 എം.സി.എഫ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ഫണ്ടിനം | ചെലവ് തുക | ബിൽ നം/തീ | നിർവ്വഹണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം (194/23) (സ്പിൽ ഓവർ) | 2100000 | ധനകാര്യകമ്മീഷൻ അവാർഡ്-875700<br>കേന്ദ്രാവിഷ്കൃത ഫണ്ട്-735000<br>സംസ്ഥാനാവിഷ്കൃത ഫണ്ട്- 489300 | 574871 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 558/ 21.03.2023 | ഹെൽത്ത് ഓഫീസർ |

അമരവിള മാർക്കറ്റ് , ഓലത്താന്നി മാർക്കറ്റ്, മാമ്പഴക്കര മാർക്കറ്റ് എന്നീ സ്ഥലങ്ങളിൽ 3 എം.സി.എഫ് നിർമ്മിക്കുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടത്. ടെണ്ടർ ക്ഷണിച്ചതിൻപ്രകാരം കുറവ് തുക ക്വാട്ട് ചെയ്ത (1874271.70) Floret Technologies എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയുണ്ടായി. (18.02.22-ലെ കൗൺസിൽ തീരുമാനം നം-10(7)) ടി.എസ് പ്രകാരം (നം 80274/21-22) 6 മാസമാണ് പ്രവൃത്തി കാലയളവ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഡി.ജയകുമാർ എന്ന വ്യക്തിയുമായിട്ടാണ് കരാറിലേർപ്പെട്ടിരിക്കുന്നത്.കുറവ് തുക ക്വാട്ട് ചെയ്ത Floret Technologies മായി കരാറിലേർപ്പെടാതെ ഡി.ജയകുമാർ എന്ന വ്യക്തിയുമായി കരാറിലേർപ്പെടാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണം നം- 46/2022-23 തീയതി-18.01.2024-ന് മറുപടി ലഭ്യമാക്കിയില്ല. അമരവിള മാർക്കറ്റിൽ എം.സി.എഫ് നിർമ്മിച്ചതിന് ഇൻവോയിസ് പ്രകാരം 574841/- രൂപ Floret Technologies -ന് നൽകിയിട്ടുണ്ട്.പദ്ധതി പ്രകാരം ലക്ഷ്യമിട്ട മറ്റ് എം.സി.എഫുകളുടെ നിർമ്മാണ പുരോഗതി ഓഡിറ്റിനെ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം- 46/2022-23 തീയതി-18.01.2024-ന് മറുപടി ലഭ്യമാക്കിയില്ല. കരാർ പ്രകാരം പൂർത്തീകരിക്കേണ്ട 3 എം.സി.എഫുകളിൽ ഒരെണ്ണം മാത്രമാണ് കരാർ കമ്പനി പൂർത്തീയാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും കരാർ കമ്പനിയുടെ വീഴ്ചമൂലമാണ് പദ്ധതി പൂർത്തീകരിക്കാനാവാത്തത് എങ്കിൽ കരാർ കമ്പനിക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-45 പ്രോവിഡന്റ് ഫണ്ട് വിഹിതം ഒടുക്കുവരുത്തുന്നതിലെ അപാകതകൾ

എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടറേറ്റിൽ നിന്നും 11.04.2022 ൽ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ പ്രകാരം ( LSGD/ PD/2851/2023-CPF2) പ്രോവിഡന്റ് ഫണ്ട് സംബന്ധമായ വിഷയങ്ങളിൻമേൽ നഗരസഭകൾ പാലിക്കേണ്ട പൊതുവായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം നഗരസഭാജീവനക്കാരുടെ പ്രതിമാസ പ്രോവിഡന്റ് ഫണ്ട് വിഹിതം എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടറുടെ പേരിൽ ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിൽ എല്ലാ മാസവും 15-ാം തീയതിക്ക് മുൻപായി ഒടുക്കുവരുത്തേണ്ടതുമാണ്. 2005 ലെ കേരള മുനിസിപ്പാലിറ്റി , മുനിസിപ്പാലിറ്റി ജീവനക്കാരുടെ സെൻട്രൽ പ്രോവിഡന്റ് ഫണ്ട്) ചട്ടങ്ങൾ)

(എ) എന്നാൽ നെയ്യാറ്റിൻകര നഗരസഭയിൽ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രോവിഡന്റ് ഫണ്ട് വിഹിതം ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കുന്നില്ല.

2022-23 സാമ്പത്തിക വർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ കണ്ടിജന്റ് ജീവനക്കാരുടെയും റഗുലർ ജീവനക്കാരുടെയും വിഹിതം അടവാക്കിയത് സംബന്ധിച്ച് ഇതുമായി ബന്ധപ്പെട്ട ധനകാര്യപത്രികയിലെ ലെഡ്ജറുകൾ പ്രകാരം ലഭ്യമായ വിവരം താഴെ ചേർക്കുന്നു

| ശമ്പള മാസം | അടവാക്കിയ ആകെ വിഹിതം | | അടവാക്കിയ തീയതി( ചെക്ക് പ്രകാരമുള്ള) | |
|---|---|---|---|---|
| | കണ്ടിജന്റ് ജീവനക്കാർ | റഗുലർ ജീവനക്കാർ | കണ്ടിജന്റ് ജീവനക്കാർ | റഗുലർ ജീവനക്കാർ |
| 03/2022 | 110577 | 334888 | 06.04.22 | 07.07.22 |
| 04/2022 | 110577 | 313564 | 07.07.22 | 19.09.22 |
| 05/2022 | 140035 | 311092 | 19.09.22 | 19.09.22 |
| 06/2022 | 131463 | 320592 | 19.09.22 | 19.09.22 |
| 07/2022 | 131463 | 325728 | 22.11.22 | 21.11.22 |
| 08/2022 | 132012 | 325800 | **ഒടുക്കുവരുത്തിയിട്ടില്ല** | 01.12.22 |
| 09/2022 | 132060 | വരവുവച്ചിട്ടില്ല | ഒടുക്കുവരുത്തിയിട്ടില്ല | 15.12.22 |
| 10/2022 | 130560 | 342859 | 17.12.22 | 15.12.22 |
| 11/2022 | 120560 | 328971 | 17.12.22 | 15.12.22 |
| 12/2022 | 128555 | 347583 | 10.01.23 | 07.01.22 |
| 01/2023 | വരവുവച്ചിട്ടില്ല. | 345816 | 09.02.23 | 09.02.23 |

| | | | | |
|---|---|---|---|---|
| 02/2023 | 138649 | 306591 | 10.03.23 | 06.03.23 |
| ആകെ | | | | |

(ബി) എല്ലാ മാസവും 15-ാം തീയതിക്ക് മുൻപ് വരവ് തുക എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടർക്ക് അയച്ച് കൊടുക്കേണ്ടതാണെന്നിരിക്കെ പ്രോവിഡന്റ് ഫണ്ടുമായി ബന്ധപ്പെട്ട ശീർഷകത്തിൽ നീക്കിയിരിപ്പായി തുക അവശേഷിക്കുന്നു.

Recoveries Payable – Sub To PF For Regular Employees (Head Code 350200101), PF Payable -(Contingent Employees ) (Head Code മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയായി അവശേഷിക്കുന്ന തുകയുടെ ലെഡ്ജർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|
| Sub To PF For Regular Employees (Head Code 350200101) | 890606 | * 0 |
| PF Payable -(Contingent Employees) (Head Code 350110400) | 110577 | 445458 |

*Sub To PF For Regular Employees (Head Code 350200101 ) എന്ന ലെഡ്ജർ പ്രകാരം 31.03.2023 ൽ നീക്കിയിരിപ്പുണ്ടായിരുന്ന 430409/- രൂപ ജേണൽ വൌച്ചർ 42200216/31.03.2023 മുഖേന ചെലവുരേഖപ്പെടുത്തിയാണ് നീക്കിയിരിപ്പ് പൂജ്യം ആക്കിയിരിക്കുന്നത്. പ്രസ്തുത ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

ഇപ്രകാരം തുക അവശേഷിപ്പിച്ചിരിക്കുന്നതിന് കാരണം വ്യക്തമല്ല.

(സി ) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവുവരുത്തുന്ന തുകയും ഡയറക്ടറുടെ പേരിൽ ഒടുക്കുവരുത്തുന്ന തുകയും വ്യത്യാസമുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ശമ്പള മാസം | കണ്ടിജന്റ് ജീവനക്കാറുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുക , അടവാക്കിയ തീയതി | |
|---|---|---|
| | തുക | തീയതി |
| 03/2022 | 110577 | 110367 |

വ്യത്യാസത്തിന് കാരണം വിശദമാക്കിയിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 56 /19.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-46 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 19800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | ഫണ്ടിനം | ചെലവ് തുക | ബിൽ നം/ തീയതി | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഹരിത കർമ്മസേനയ്ക്ക് ഗംബൂട്ട്, മാസ്ക്, ഗ്ലൗസ് എന്നിവ വാങ്ങി നൽകൽ (185/23) (സ്പിൽ ഓവർ) | 175880 | വികസന ഫണ്ട് | 174178 | 113/01.06.2022 658/28.03.23 49270/- 657/28.03.23 23758/- 678/28.03.23 81350/- | ഹെൽത്ത് ഓഫീസർ |

നഗരസഭയിലെ ഹരിതകർമ്മസേനയ്ക്ക് ഗംബൂട്ട് /ഷൂസ്, മാസ്ക്, ഗ്ലൗസ്, സാനിറ്റൈസർ, ചാക്ക് എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ഇതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാങ്ങിയ സ്ഥാപനം | ഇൻവോയിസ് നം. | നൽകിയ തുക |
|---|---|---|---|
| ഗംബൂട്ട്, മാസ്ക് | നരിക്കോട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് | 34/20.03.23 | 49270 |
| ഗ്ലൗസ് | ഹൈടെക് ഇൻഡസ്ട്രീസ് | 82/25.03.23 | 23758 |
| സാനിറ്റൈസർ, ചാക്ക് | റെയ്ഡ്കോ | NYK/ 1790/22-23/28.03.23 | 81350 |
| ആകെ | | | 154378 |

എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ടി പ്രോജക്ടിന്റെ ആകെ ചെലവ് 174178/- രൂപയാണ്. ബാക്കിയുള്ള 19800/- രൂപയുടെ ചെലവ് സംബന്ധിച്ച സാംഖ്യ ബില്ലോ, ചെലവ് രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-19/2022-23 തീയതി 16.01.2023-ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ 19800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-47 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - 1246755/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. 17/23, കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ഇലക്ട്രിസിറ്റി/ വാട്ടർ ചാർജ്ജ്
അടങ്കൽ - 250000 (മെയിന്റനൻസ് റോഡിതരം)
നിർവ്വഹണം - സെക്രട്ടറി

ചെലവ് തുക: 2448745/-

നെയ്യാറ്റിൻകര നഗരസഭയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ 11/2022 വരെയുള്ള വാട്ടർചാർജ്ജ് കുടിശ്ശികയായ 15966821/- രൂപയിൽ 2022ലെ ആംനസിറ്റി പദ്ധതി പ്രകാരം 14720066/-രൂപ കുറച്ച് ബാക്കി 1246755/-രൂപ ഒടുക്കാൻ കേരള വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയറുടെ 22/11/2022ലെ KWA/WSD/NTA/AB3/3589/2021നം. കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ടി പദ്ധതി പ്രകാരം KWAയ്ക്ക് 17.12.2022 ൽ ബിൽ നം.16 പ്രകാരം ഒടുക്കിയ 1246755/- രൂപയുടെ കൈപ്പറ്റ്/ കുടിശ്ശിക തീർപ്പാക്കൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടി പദ്ധതി സംബന്ധിച്ച് UTR ബില്ല് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. KWAയുടെ രസീതിന്റെ/കുടിശ്ശിക തീർപ്പാക്കൽ രേഖകളുടെ അഭാവത്തിൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. UC ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-48 ചെലവ് വിവരങ്ങൾ ഹാജരാക്കിയില്ല - 91500/-രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. 23/23, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ( സ്പിൽഓവർ).
അടങ്കൽ - 91500 (വികസന ഫണ്ട്)
നിർവ്വഹണം - സെക്രട്ടറി

ചെലവ് തുക: 91500/- .

ബിൽ നം. : 1 തീയതി: 26/4/2022 RAIDCO

ടി പദ്ധതി പ്രകാരം 9/7/2021 ൽ RAIDCO യിൽ നിന്ന് വാങ്ങിയ ഒരു KAMCO Bush Cutter, തെർമൽ സ്കാനർ 10 എണ്ണം, സാനിറ്റൈസർ 500ml 100 എണ്ണം എന്നിവയുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം.31 പ്രകാരം

ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയിട്ടില്ല. ടി വിവരങ്ങളുടെ അഭാവത്തിൽ ടി ചെലവ് തുക 91500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് വിതരണ വിവരങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-49 ഫയലുകളും ചെലവ് രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല-ചെലവ് തുകയായ 3226053/- തടസ്സപ്പെടുത്തുന്നു.**

2022-23 സാമ്പത്തിക വർഷം ഇൻഡസ്ട്രീസ് എക്സ്ടെൻഷൻ ഓഫീസർ, നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ചെലവ് സംബന്ധമായ യാതൊരുവിധ രേഖകളും ഫയലുകളും ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക (സുലേഖ പ്രകാരം) | ബിൽ നമ്പർ/ തീയതി/തുക (ACR പ്രകാരം) |
|---|---|---|---|---|---|
| 1. | S0159/23 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം-വ്യക്തിഗതം(സ്പിൽ ഓവർ) | 400000 | 2,87,500 | 75/11.5.22, 37500/- 70/11.5.22, 50000/- 84/16.05.22 150000/- 127/27.06.22 50000/- |
| 2 | 160/23 | തൊഴിൽ സംരംഭം-വനിത (സ്പിൽ ഓവർ) | 605000 | 600000 | 71/11.5.22, 300000/- 73/11.5.22, 30000/- |
| 3 | 456/23 | തൊഴിൽ സംരംഭം-വനിത ഗ്രൂപ്പ്. | 1500000 | 750000 | 643/27.03.23, 375000/- 686/29.03.22 375000/- |
| 4. | 459/23 | തൊഴിൽ സംരംഭം-വനിത വ്യക്തിഗതം | 2790000 | 1339555 | 552/20.03.23, 989455/- 645/27.03.23 270000 687/29.03.23 80100 |
| 5. | 464/23 | നഗരസഭയുടെ വനിത സ്വയം തൊഴിൽ സംരംഭകേന്ദ്രം | 250000 | 248998 | 644/27.03.23, 248998/- |

ടി ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷനും, ഓഡിറ്റ് അന്വേഷണവും (നം-2/22-23 തീയതി 18.01.2024) എന്നിവ നൽകിയിരുന്നു. എങ്കിലും ഫയലുകൾ ഹാജരാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. ഫയലുകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 3226053/- തടസ്സപ്പെടുത്തുന്നു. ഫയലുകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികളുടെ വിവരം

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | 173/23 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 4 ലക്ഷം |
| ആകെ | | | 4 ലക്ഷം |

ധനകാര്യപത്രികയിൽ തുക ശരിയായ ശീർഷകത്തിൽ ( B-18 Loans Advances And Deposits ) ഉൾപ്പെടുത്തിയിട്ടില്ല.

എ.എഫ്.എസ് പ്രകാരം ക്രമീകരിക്കാനവശേഷിക്കുന്ന നിക്ഷേപത്തിന്റെ വിവരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് 2022-23 ലെ B18 ഷെഡ്യൂൾ പ്രകാരം |
|---|---|---|---|---|---|
| Advance To Implementing Agencies - Municipal Fund | 13716507 | *1201990 | 14918497 | - | 12514517 |

* RP 41 ൽ 460509909 Advance To Others എന്ന ശീർഷകത്തിൽ ലഭ്യമായ തുക 1201990/- Advance To Implementing Agencies -എന്ന ശീർഷകത്തിൽ വരവായി രേഖപ്പെടുത്തിയാണ് നീക്കിയിരിപ്പ് ക്രമീകരിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത വരവിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | 2022-23 വർഷത്തെ തിരിച്ചടവ് | 2022-23 ൽ വായ്പയിനത്തിൽ ലഭ്യമായ തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (തൻവർഷ ബി15 പ്രകാരം) |
|---|---|---|---|---|

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി | 198186333 | 1916002 | 0 | 196270331 |

തിരികെ ഒടുക്കിയ തുക സുലേഖ ചെലവുപത്രിക പ്രകാരം 1,58,00,002/- ആണ്. എന്നാൽ ധനകാര്യപത്രികയിൽ ആയത് 19,16,002/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് പ്രകാരം നീക്കിയിരിപ്പിലും വ്യത്യാസമുണ്ടാകും. വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമായില്ല.

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 84712431.43 |
| ഓഡിറ്റ് വർഷത്തെ വരവ് | 379933310.00 |
| ആകെ | 464645741.43 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 336574825.00 |
| നീക്കിയിരിപ്പ് | 128070916.43 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **27988527.00** |

(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 4,00,000/- | ശ്രീമതി.മേരി സ്റ്റെല്ല.വി.<br>( SCDO Grade 11) |
| 1-21 | 2,28,000/- | ശ്രീ.മണികണ്ഠൻ.ആർ (സെക്രട്ടറി) |
| 1-27 | 23,503/- | ശ്രീ.മണികണ്ഠൻ.ആർ (സെക്രട്ടറി) |
| 1-31 | 21795506/- | ശ്രീ.ശശികുമാർ. പി.കെ. ഹെൽത്ത് ഓഫീസർ |
| 1-32 | 247185/- | ശ്രീ.ശശികുമാർ. പി.കെ. ഹെൽത്ത് ഓഫീസർ |

| | | |
|---|---|---|
| 1-33 (2) | 200000/- | ശ്രീ.മണികണ്ഠൻ.ആർ (സെക്രട്ടറി) |
| 1-33 (3) | 67997/- | ശ്രീ.മണികണ്ഠൻ.ആർ (സെക്രട്ടറി) |
| 1-33 (4) | 120360/- | ശ്രീ.മണികണ്ഠൻ.ആർ (സെക്രട്ടറി) |
| 1-34 | 269748/- | ശ്രീ.ശശികുമാർ. പി.കെ. ഹെൽത്ത് ഓഫീസർ |
| 1-40 | 25855/- | ഡോ. ബി.എസ്.മിനി (മെഡിക്കൽ ഓഫീസർ, ആയുർവേദം) |
| 1-42 | 26265/- | ശ്രീ.ശശികുമാർ. പി.കെ. ഹെൽത്ത് ഓഫീസർ |
| 1-46 | 19800/- | ശ്രീ.ശശികുമാർ. പി.കെ. ഹെൽത്ത് ഓഫീസർ |
| 1-47 | 1246755/- | ശ്രീ.മണികണ്ഠൻ.ആർ (സെക്രട്ടറി) |
| 1-48 | 91500/- | ശ്രീ.മണികണ്ഠൻ.ആർ (സെക്രട്ടറി) |
| 1-49 | 3226053/- | ശ്രീ.വിനോദ്.(വ്യവസായ വികസന ഓഫീസർ) |
| **ആകെ** | **27988527/-** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീമതി.മേരി സ്റ്റെല്ല.വി. (SCDO Grade 11) | കുരുവിത്തോട്ടം,ആറ്റുപുറം, കുളത്തൂർ,ഉച്ചക്കട (പി.ഒ) |
| ശ്രീ.ശശികുമാർ. പി.കെ. (ഹെൽത്ത് സൂപ്പർവൈസർ) | സൈന്ധവം,കണിയാംകുളം, മൂന്നുകല്ലിൻമൂട്, നെയ്യാറ്റിൻകര പി.ഒ. പിൻ-695121 |
| ശ്രീ.മണികണ്ഠൻ.ആർ (സെക്രട്ടറി) | റ്റി.സി.6/2476(2), കുരുവികോട്, വട്ടിയൂർകാവ് പി.ഒ, തിരു.(695013) |
| ശ്രീ. വി. വിനോദ് (വ്യവസായ വികസന ഓഫീസർ) | മെലെ പുത്തൻവീട്,കിഴക്കെ ചെങ്കൽ, മര്യാപുരം.പി.ഒ. നെയ്യാറ്റിൻകര |
| ഡോ. ബി.എസ്.മിനി (മെഡിക്കൽ ഓഫീസർ, ആയുർവേദം) | ശ്രുതിലയം, റ്റി.സി. 10/61, മണ്ണന്തല .പി.ഒ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.റ്റി.ഡി(എ)4/13/99 തീയതി. 01.01.1992 | 32 |
| 1997-98 | എൽ.എഫ്.റ്റി.ഡി(എ)എം.എൽ.476/2000 തീയതി. 20.12.00 | 36 |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ.241/01 തീയതി. 15.03.2003 | 31 |
| 1999-00 | എൽ.എഫ്.റ്റി.ഡി.എം.എൽ.289/03 തീയതി. 13.10.2003 | 57 |
| 2000-01 (ചെലവ്) | എൽ.എഫ്.റ്റി.ഡി.എം.എൽ.1370/04 തീയതി. 16.3.2005 | 63 |
| 2000-01 (ഫൈനൽ) | എൽ.എഫ്.റ്റി.ഡി.എം.എൽ.1637/07 തീയതി. 16.2.2008 | 34 |
| 2001-02 (ചെലവ്) | എൽ.എഫ്.റ്റി.ഡി.എം.എൽ.1365/06 തീയതി. 20.1.07,14.3.07 | 29 |
| 2001-02 (ഫൈനൽ) | എൽ.എഫ്.റ്റി.ഡി.എം.എൽ.1636/07 തീയതി. 7.4.2008 | 30 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ.1683/07 തീയതി. 7.4.2008 | 28 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ.1720/2007 | 24 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ.1584/2009 | 24 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ.1601/09 തീയതി. 31.03.10 | 25 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ.304/11 തീയതി. 13.10.2011 | 24 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ.305/11 തീയതി. 13.10.2011 | 33 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ.36/12 തീയതി. 17.07.12 | 20 |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ.37/12 തീയതി. 17.7.12 | 18 |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ.1684/12 തീയതി. 22.2.13 | 35 |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14 തീയതി. 18.12.14 | 25 |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ.1901/13 തീയതി. 16.1.14 | 37 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.738/2016 തീയതി. 18.03.16 | 42 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.1337/2016 തീയതി. 12.08.16 | 34 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.122/2016 തീയതി. 12.01.17 | 33 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.എൽ/1848/2017 തീയതി. 26.09.17 | 9 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.എൽ/2692/2018 തീയതി. 18/03/19 | 32 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.എൽ/329/2020 തീയതി. 25.05.20 | 65 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.എൽ/1974/2021 തീയതി. 31.01.22 | 58 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.എൽ/1265/2022 തീയതി. 03.08.2022 | 72 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.എൽ/646/2023 തീയതി. 23.05.2023 | 64 |

**ജോയിന്റ് ഡയറക്ടർ ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 27 dated 27-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Neyyatinkara Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Neyyatinkara Municipality for the year 2022-2023

**Date: 06/02/2024**

**Joint Director**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Neyyatinkara Municipality for the Year 2022-2023 .

**1.Major Observations**

1. Audited balance sheet schedule of the previous year does not match with opening balance of the current year's trial balance schedule.

Schedule B1 which explains the adjusted operating results for the current year does not match with Schedule B1 in the balance sheet. Details are appended below.

| ITEM | Opening Balance | |
|---|---|---|
| | Closing Balance (as per B1 for the year 2021-22) | Opening Balance (as per B1 landscape schedule, trial balance) |

| | | |
|---|---|---|
| General Fund | -59986584.93 | -147964250.07 |
| Excess of income over expenditure | 18740637 | 106718302.14 |
| Suspense | 254108 | 254108 |

2. Bank Statement and Reconciliation Statement of the accounts enclosed below,
as recorded in RP 40B not been made
available for audit.

| Account No | Closing balance (as per RP40b) |
|---|---|
| Treasury MF 1 | 246239 |
| Treasury (Panchayat Fund) | 493025 |
| IOB 12136 | 0.30 |

**2.Other Observations**

1. Mandatory financial statements prescribed by accounting rules are not submitted for audit

Eg- Notes on accounts, Ratios

2. Cheque deposited but not collected at bank.
Cheques of Rs.11,99,994/- is deposited but not credited into the

Canara Bank Own fund account (As per the reconciliation statement of March 2023).
3. Cheques issued and uncashed for more than three months has not been transferred to Stale Cheque Account.
12 nos of overdue cheques amounting to Rs.4,28,475/- are included under the category of cheques issued but not collected, have not been shifted to the title Stale cheque account.
4. Distress Relief Fund Account- Entries in passbook and financial statement does not match.
As per pass book of the Distress relief fund (Account No. 716201001125) income for the year 2022-23 is Rs.48,060/-. But in the financial statement, it is recorded as Rs.15,060/-. Reply was not made available for this discrepancy in amount.

5. Negative balance is recorded in the bank book.
Provident Fund new account (Account No. 799011400007542)
has a credit balance of (-204974) as per bank book.

6. Non disclosue of expenses due.
Expenses due such as an honorarium for members,
fuel expenses due in the current financial year etc. are not included in the balance sheet as provision for expense due (B-9).

7. No documents were provided to substantiate the value of the stocks entered in AFS B-14 Stock in Hand (Inventories) schedule

8. Asset register not submitted for audit

9. Misclassification of payment voucher.

As per deposit register and Sulekha statement made available for audit Rs.4lakh has been deposited with KWA.
But this amount has not been booked under the correct head.

10. The information in the financial statement and Sulekha (plan monitoring system)statement regarding loan repayment

does not match.

| Name of Loan | Repayment amount as per Sulekha statement | Repayment amount as per AFS |
|---|---|---|
| Secured loan from KURDFC banks | 1,58,00,002/- | 19,16,002/- |

11. The following Registers are not seen maintained.

(A) Register showing the details of deposits mentioned in B-7 schedule is not maintained.

(B) The license register, profession tax register and register of registration of paramedical institutions etc. are not kept in brief and certified.

12. No monthly reconciliation is done between the ledger balance and the registers associated with that head

Eg:- Profession Tax Register

13. Lack of supporting documents for journal vouchers.

Journal vouchers are not recorded with supporting documents. For eg:
AS per journal voucher no.42200213/31.03.2023 Rs.7666297, has been recorded as grants and other contribution for specific purposes. No records of expenditure have been made available.

14. Receipts as per payment order are not reflected in concerned ledger.

According to the ledger of Provident Fund payable, an amount of Rs.1,38,649/- been the PF Subscription amount of the contingent employees has been transfer credited to LSGD (urban) Director, whereas the receipt of the above amount in this account (Cheque No 5538710/09.02.2023 LGTSB Own Fund) has not been recorded.

17. The amounts in the annual accounts and the abstracts entered in the respective registers do not match.

Details are given below.
(A)

| Item | Demand | | Collection | | Balance | |
|---|---|---|---|---|---|---|
| | As per Sanchaya | As per AFS | As per Sanchaya | As per AFS | As per Sanchaya | As per AFS |
| Property tax (Current ) | 3,12,06,258 | 2,70,68,342 | 1,69,43,470 | 1,82,11,178 | 1,40,16,935 | 1,01,81,108 |
| Property tax (arrear) | 5,09,81,259 | 72,76,077.79 | 1,55,78,636 | 1,97,06,503 | 3,54,02,623 | 2,70,31,398.79 |

(B) Income and Expenditure as per Cash Book of Ayyankali Employment Guarantee Scheme does not match with the entries in the Financial Statement.

Details given below.

| | As per Cash book | As per AFS |
|---|---|---|
| Opening Balance | 5205158.50 | 5205158 |
| Receipt | 191800 | 255344 |
| Total | 5396958.50 | 5460502 |
| Expenditure | 5320979 | 5384523 |
| Closing balance | 75979.50 | 75979 |

18. According to the documents provided by the municipal engineer, there is an income of Rs.190966/- in E-tender Fee for public works. But the said amount is not included in the AFS.

## **അനുബന്ധം-2**

## **ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്